Aikyadeepam

# ഐക്യദീപം

മെയ് 2014

Since 1976 വില ₹ 10






## "SOLAR POWER PROJECTS to generate your own Electricity

Stay away from power cuts & power shortages and protect the green of Gods Own Country.





- Ensure a 24 X 7 power at home / office
- Systems designed for all weather conditions.
- Avail an upfront 30% capital subsidy*.
- Materials meeting MNRE standards.

Avail special schemes* for Hospitals, Educational institutions and Industries

- Nil Investment for projects above 50kWp.
- Attractive solar power purchase options.
- Solar leasing model for high tax paying firms.
- Financing at lower interest rates.

**For more details and enquiries, please contact**
**Archangels Power Pvt Ltd,**
**Karathattil Gems Bulding,**
**4/182, Eraviperoor,Thiruvalla,689542.**
**Mr. Shiboo John ,Tel-09745158828,**
johnshiboo@yahoo.com

# എഡിറ്റോറിയൽ

editorial



ദൈവം ഭൂമിയിലൂടെ യാത്ര ചെയ്തപ്പോൾ, അവന്റെ നീലവസ്ത്രത്തിന്റെ അഗ്രം ഭൂമിയെ തഴുകി കടന്നുപോയപ്പോൾ... ഇവിടെ ഒരു വസന്തം പൂത്തുലഞ്ഞു. തരിശു ഭൂമിയുടെ ശൂന്യതയിൽ അവന്റെ ചുവടുകൾ പതിച്ചപ്പോൾ, ആ വസന്തം ഭൂമിയെ ഉഴുതുമറിച്ചു, വസന്തത്തിന്റെ പുതിയ വർണ്ണങ്ങൾ വീണ്ടും പിറക്കുംവരെ. വസന്തത്തിന്റെ നിറങ്ങൾ ഭൂമിയെ ഗാഢമായി ചുംബിച്ചപ്പോൾ, തണ്ടുകളിൽ അവ പുതിയ മൊട്ടുകളായ്... പിന്നെ അവ പൂക്കളായ്... പിന്നെ ഒരായിരം പൂക്കാലമായ്...

ഭാരതത്തിനും ലോകത്തിനും വസന്തമൊരുക്കി ദൈവം വീണ്ടും ഭൂമിയെ തഴുകി കടന്നുപോയിരിക്കുന്നു. ഇതാ ഇവിടെ വിശുദ്ധിയുടെ പുഷ്പങ്ങൾ വിടരുന്നു. പുഷ്പദളങ്ങളിൽ വർണ്ണങ്ങളുടെ തുള്ളികളും... മാലാഖമാരുടെ ചിറകുകളിൽ നൈർമല്യവും സൂക്ഷിച്ചുവച്ചവൻ, ചില ബലഹീന മനുഷ്യജന്മങ്ങളെ എടുത്തുയർക്കുന്നു വിശുദ്ധ പദവിയിലേക്ക്, അവന്റെ ശരീരവും രക്തവും എടുത്തുയർത്തിയതുപോലെ വാഴ്ത്തി, വിഭജിച്ച് പങ്കുവച്ചതുപോലെ... മുറിക്കപ്പെട്ട ആ ജീവിതങ്ങളെ അവൻ നമ്മുടെ ഹൃദയങ്ങളിൽ വീണ്ടും പ്രതിഷ്ഠിച്ചിരിക്കുന്നു... രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ സഭയുടെ വാതായനങ്ങളെ മലർക്കെ തുറന്നിട്ട് നവ ചൈതന്യം വിതറിയ വാഴ്ത്തപ്പെട്ട ജോൺ ഇരുപത്തി മൂന്നാമൻ മാർപാപ്പയും, ലോകത്തിന്റെ തെറ്റുകൾക്ക് ക്രിസ്തുവിന്റെ കുരിശിന്റെ ചുവട്ടിൽ പിടിച്ച് മാപ്പുചോദിച്ച ജോൺ പോൾ രണ്ടാമനും ചാവറ കുര്യാക്കോസ് ഏലിയാസച്ചനും എവുപ്രാസ്യാമ്മയും വിശുദ്ധിയുടെ വെള്ളി വെളിച്ചം വിതറി നമുക്ക് മുമ്പേ നടന്ന് നീങ്ങിയവരാണ്. പ്രവർത്തന നിരതമായ വിശുദ്ധിയുടെ ജീവിത മാതൃകകൾ. ആ വിശുദ്ധിയുടെ പടവുകളിലേക്കാണ് അവർ നമ്മെ ക്ഷണിക്കുന്നത്.

ഈ വിശുദ്ധ വസന്തത്തിന്റെ നെറുകയിൽ വിരിഞ്ഞതെല്ലാം നീലപുഷ്പങ്ങളായിരുന്നു... വിശുദ്ധിയുടെ വെള്ളരിപ്രാവുകൾ പറന്നുയർന്നപ്പോൾ അവർ പാടിയതും വിശുദ്ധിയുടെ ഈ ഗീതങ്ങൾ... അതെ ഈ പ്രഭാതത്തിലെ മഞ്ഞുതുള്ളികൾക്ക് ഒരു മാലാഖയുടെ വിശുദ്ധി... സായന്തനത്തിന് താഴ്‌വരയുടെ മാറിൽ പറക്കുന്ന ഒരായിരം അപ്പൂപ്പൻതാടികളുടെ നൈർമ്മല്യവും... ഇനിയുമൊരു പ്രഭാതം വിടരുംവരെ നമുക്കിവിടെ ഇരിക്കാം... ഈ പുഴക്കരയിൽ... വിശുദ്ധിയുടെ സ്വർഗ്ഗീയ തൂവലുകൾ നമ്മിൽ പൊഴിയും വരെ...

Aikyadeepam

# ഐക്യദീപം

2014 മെയ് പുസ്തകം 45 ലക്കം 5



▶ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

▶ സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

▶ ചീഫ് എഡിറ്റർ
ഫാദർ ഡോ. തോമസ്കുട്ടി പതിനെട്ടിൽ

▶ അസോസിയേറ്റ് എഡിറ്റർ
ഫാദർ വർഗ്ഗീസ് ചാമക്കാലായിൽ

▶ പ്രസാധകൻ
ഫാദർ തോമസ് കൊടിനാട്ടുകുന്നേൽ

▶ സർക്കുലേഷൻ മാനേജർ
ബ്രദർ വർഗ്ഗീസ് കണ്ടത്തിൽ

▶ ഓഫീസ് സെക്രട്ടറി
സിസ്റ്റർ സെലീനാ ബസീലിയൻ

▶ ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. എബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ



Printing at: Dona Offset, Kottayam
Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details : Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by : Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription:
Chief Editor, Aikyadeepam Monthly,
St. John's Metropolitan Cathedral,
Tiruvalla-1.
Phone: 0469-2600626
Fax: 0469-2600822.
E-mail: aikyadeepamtvla@gmail.com



എഡിറ്റോറിയൽ 01

ഇടയശബ്ദം 03

6

**വിശുദ്ധിയിലേയ്ക്കുള്ള പടികൾ**
ഫാ. ചെറിയാൻ താഴമൺ


12
**John Paul II, Pope of Young People**
Lintu Markose

14

**നിങ്ങൾ ക്രിസ്തുവാണോ?**
ഫാ. ജെൻസൺ ലാസലേറ്റ്


16
**പാപ്പാ ബോനോ**

25

**ഭാരത സഭയുടെ വിശുദ്ധ പുഷ്പങ്ങൾ**

## സ്ഥിരം പംക്തികൾ

പ്രബോധനം, കുടുംബവേദി, ആരോഗ്യം, നുറുങ്ങുവെട്ടം
ഉള്ളതുപറഞ്ഞാൽ, ബാലദീപം, ഔഷധത്തോട്ടം, യൂത്ത് കോർണർ
വിശുദ്ധിയുടെ ലില്ലിപുഷ്പങ്ങൾ, സീൻ ബൈ സീൻ, ഉൾക്കണ്ണ്


മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്




നിത്യനഗരത്തിന്റെ മായാത്ത സൗഗന്ധമായ ജോൺ ഇരുപത്തിമൂന്നാമൻ, ജോൺ പോൾ രണ്ടാമൻ എന്നീ മാർപാപ്പമാർ ഏപ്രിൽ 27-ാം തീയതി അൾത്താരയുടെ വണക്കത്തിലേക്ക് ഔപചാരികമായി പ്രവേശിച്ചു എന്നത് ഈ കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന നമുക്ക് കൃപയുടെ ഒരഭിഷേകമാണ് പ്രദാനം ചെയ്യുന്നത്. ജോൺ 23-ാം മൻ മാർപാപ്പയെ കാണുവാൻ ഒരു പക്ഷെ നമ്മിൽ പലർക്കും കഴിഞ്ഞിട്ടില്ല എങ്കിലും ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ 26 വർഷത്തെ പാപ്പ സ്ഥാനശുശ്രൂഷ കാണുവാനും അതിന്റെ നന്മകൾ അനുഭവിക്കുവാനും കഴിഞ്ഞിട്ടുള്ളവരാണ് ഏതാണ്ട് നമ്മിൽ മുന്തിയ പങ്കും. ഈ രണ്ടു സഭാശ്രേഷ്ഠരെ കുറിച്ചും ദൈവമക്കൾക്ക് മധുരിക്കുന്ന ഓർമ്മകൾ നൽകുവാനാണ് ഈ ലക്കം ഐക്യദീപം അദ്ധ്വാനിക്കുന്നത്.

**ജോൺ 23-ാം മാർപാപ്പ:** 77 മത്തെ വയസ്സിൽ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ട റൊങ്കാലി എന്ന വെനീസിന്റെ പാത്രിയർക്കീസ് ഒരു കാവൽ പാപ്പയായി മാത്രമാണ് തെരഞ്ഞെടുക്കപ്പെട്ടതെങ്കിലും സഭയിലെ ഏറ്റം വലിയ നവീകരണത്തിനു തുടക്കം കുറിക്കുകയും അതിനു ഊടും പാവും നെയ്യുകയും ചെയ്തു എന്നത് പരിശുദ്ധാത്മ പ്രവർത്തനം തന്നെ. കേവലം നാലുവർഷം മാത്രം ദീർഘിച്ച ആ പാപ്പാശുശ്രൂഷ പരിശുദ്ധാത്മവസന്തം സഭയിൽ പകർന്ന സമയങ്ങളായിരുന്നു. കാലഘട്ടത്തിന്റെയും വളർന്നു വരുന്ന ശാസ്ത്രസാങ്കേതിക മികവുകളുടെയും പശ്ചാത്തലത്തിൽ സഭയെ നവീകരിക്കുകയും ആധുനികരിക്കുകയും ചെയ്യേണ്ടത് ആവശ്യമായി തിരിച്ചറിഞ്ഞ പാപ്പ പ്രസിദ്ധമായ രണ്ടാം വത്തിക്കാൻ കൗൺസിൽ Aggiornamento - updating എന്ന ഉദ്ദേശത്തിൽ ഉറവിടങ്ങളിലേക്കുള്ള ശരിയായ തിരിച്ചു പോക്കൽ - അതായത് ആദിമസഭയുടെ ചൈതന്യത്തിലേക്കും സുവിശേഷ മൂല്യങ്ങളിലേക്കും. അതിനുമാർഗ്ഗമായി കണ്ടെത്തി വ്യക്തിപരമായി തന്റെ ജീവിതത്തിലൂടെ ലഭിച്ച ഇതര സഹോദരി സഭകളുമായുള്ള ബന്ധവും സഹവർത്തിത്വവും എക്യുമനിസം എന്ന വലിയ ശുശ്രൂഷയ്ക്ക് സങ്കൽപ്പിക്കുവാൻ കഴിയുന്നതികം ഊർജ്ജവും പ്രാധാന്യവും നൽകി എന്നതും സന്തോഷപൂർവ്വം ഓർക്കാം. അല്മായരുടെ വിളിയും ദൗത്യവും, സഭാശുശ്രൂഷകളുടെ വിശുദ്ധ ജീവിതവും എളിമയോടുകൂടിയ നേതൃത്വവും വിശുദ്ധിയിലേക്കുള്ള വിളിയിൽ എല്ലാവരും ഒരുപോലെ ക്ഷണിക്കപ്പെട്ടവർ എന്നീ കാരുണ്യങ്ങളെല്ലാം നന്നായി പഠിപ്പിച്ച സുസ്മേരവദനനും ചിരിപ്പിച്ച് ചിന്തിപ്പിക്കുന്നവനുമായ എല്ലാ അർത്ഥത്തിലും ഒരു നല്ല കാരണവർ ആയിരുന്നു പരി. ജോൺ 23-ാംമൻ മാർപാപ്പ. മനുഷ്യന്റെ അടിസ്ഥാന അവകാശങ്ങളെപ്പറ്റിയുള്ള UN ന്റെ സാർവ്വത്രിക വിളംബരം നാം ഇന്ന് ഉറക്കെ ഘോഷിക്കുമ്പോൾ അതിനു കാരണക്കാരൻ മുഖ്യമായും ഈ പിതാവായിരുന്നുവെന്ന് ഓർക്കണം. രണ്ടാം ലോകമഹായുദ്ധത്തിൽ, ജന്മം കൊണ്ട് യഹൂദരായി പോയി എന്ന ഒറ്റക്കാരണത്താൽ അനേകലക്ഷങ്ങളെ കുരുതി കൊടുത്തപ്പോൾ അതിനെതിരെ പ്രതികരിച്ചതും അനേകം യഹൂദരെ നാസിപട്ടാളങ്ങളുടെ കൈയ്യിൽ നിന്നും രക്ഷിച്ചതും ഈ മാർപാപ്പയായിരുന്നു. "ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു. അവന്റെ പേര് യോഹന്നാൻ എന്നായിരുന്നു" അതാണ് ഈ മാർപാപ്പയെപ്പറ്റി ലോകത്തിന്റെ അഭിമതം.





**ജോൺ പോൾ 2-ാം മൻ പാപ്പ :** ആഗോള തീർത്ഥാടകൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന കരോൾ വൊയ്റ്റീവ എന്ന പോളണ്ടുകാരനായ സഭയിലെ 264 മത്തെ മാർപാപ്പ പാവങ്ങളോടുള്ള പക്ഷം ചേരൽ കൊണ്ടും

*(ശേഷം പേജ് 9)*



## പുരോവചനം

എല്ലാ പുരാതന അപ്പസ്തോലിക സഭകളും വിശുദ്ധരെ അംഗീകരിക്കുകയും അവരെ ആദരിക്കുകയും വണങ്ങുകയും അവരുടെ മധ്യസ്ഥം തേടുകയും ചെയ്തിരുന്നതായി പാരമ്പ ര്യവും ചരിത്രവും സാക്ഷ്യപ്പെടുത്തുന്നുണ്ട്. പുരാതന കാലത്ത് വിശ്വാസസമൂഹം തന്നെയാണ് വിശുദ്ധരെ തിരിച്ച റിഞ്ഞിരുന്നതും അവരോടുള്ള വണക്കം ആരംഭിച്ചതും. യേശു വിന്റെ പഠനങ്ങൾ ജീവിതത്തിൽ അച്ചട്ടായി പാലിക്കുകയും യേശുവിന്റെ ജീവിതത്തെ വീരോചിതമായി പിന്തുടരുകയും ചെയ്തവരെയാണ് വിശ്വാസസമൂഹം വിശുദ്ധരായി തിരിച്ച റിഞ്ഞ് അംഗീകരിച്ചാദരിച്ചിരുന്നതും ഭരിച്ചിരുന്നതും മാധ്യസ്ഥം തേടിയിരുന്നതും. കാലാന്തരത്തിൽ എല്ലാ സഭകളിലും വിശു ദ്ധരുടെ നാമകരണ പ്രഖ്യാപനത്തിന് ചില നിയത നട പടിക്രമങ്ങൾ രൂപപ്പെട്ടു. എന്നാൽ, പരിശുദ്ധ കത്തോ ലിക്കാ സഭയിൽ നിലവിലുള്ളതുപോലെ നിയ തവും ശക്തവും വിശദവും തെറ്റുകൾക്കതീ തവുമായ നടപടിക്രമങ്ങൾ മറ്റൊരു സഭ യിലും ദൃശ്യമല്ല. നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ടുവന്ന ശക്തമായ ഒരു നട പടിക്രമമാണ് പരിശുദ്ധ കത്തോ ലിക്കാ സഭയിൽ ഇന്നുള്ളത്. നാലു നൂറ്റാണ്ടിലധികം പഴക്ക മുള്ള ഈ നടപടിക്രമങ്ങളിൽ കാലാകാലങ്ങളിൽ പരിശുദ്ധ മാർപാപ്പാമാർ കാലോചിത മായ വ്യതിയാനങ്ങൾ നട പ്പിൽ വരുത്താറുണ്ട്.

ദൈവവചനത്തിന് പ്രാമാണിത്തം നൽകുന്നു എന്നവകാശപ്പെടുന്ന 'പ്രോട്ട സ്റ്റന്റ് സഭകളും' 'നവീകര ണക്കാ'രെന്നവകാശപ്പെടുന്ന ചില ആധുനിക കൂട്ടായ്മ കളും ദൈവവചനം അച്ച ട്ടായി ജീവിതത്തിൽ അനു വർത്തിച്ച് യേശുവിന്റെ ജീവി തത്തെ യഥാർത്ഥത്തിൽ പിൻചെന്നവരായ വിശുദ്ധ രെന്ന് വിശ്വാസ സമൂഹവും സഭയിലെ ശ്ലൈഹികാധികാ രവും തിരിച്ചറിഞ്ഞ് അംഗീ കരിച്ചവരെ അംഗീകരിക്കുന്ന തിലും ആദരിക്കുന്നതിലും വിമുഖത കാട്ടുകയും അവരെ അനാദരിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നത് വിരോധാഭാസ മായിരിക്കുന്നു.

ആരാണ് സഭയിൽ വിശുദ്ധരെന്നറിയപ്പെടുന്ന തെന്നും എപ്രകാരമാണ്

# വിശുദ്ധിയിലേയ്ക്കുള്ള പടികൾ



**ഫാദർ ചെറിയാൻ താഴമൺ**
(സി.ഇ.ഒ., ദീപിക)

ഒരാളെ സഭയിൽ വിശുദ്ധനെന്ന് കണ്ടെത്തി പ്രഖ്യാപിക്കുന്നതെന്നും വിശുദ്ധ നാമകരണ പ്രഖ്യാപനം വഴി സഭ എന്താണ് വിവക്ഷിക്കുന്നതെന്നുമുള്ള ഒരു വിശദീകരണമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

## അല്പം പഴയകാര്യം

യഹൂദമതഗ്രന്ഥങ്ങളിലോ ക്രിസ്തുമത ഗ്രന്ഥങ്ങളിലോ **'വിശുദ്ധപദവി'**യെക്കുറിച്ചുള്ള പരാമർശങ്ങൾ കാണുന്നില്ല. എന്നാൽ, ക്രിസ്തുമതത്തിന്റെ പ്രാരംഭകാലത്തുതന്നെ യേശുവിനെയും അപ്പസ്തോലൻമാരെയും വണങ്ങിയിരുന്നതായി കാണുന്നുണ്ട്. പിൽക്കാലങ്ങളിൽ വിശ്വാസസംരക്ഷണത്തിനായി പീഡകൾ സഹിച്ചവരെയും രക്തസാക്ഷികളായവരെയും വണങ്ങിയിരുന്നതായി സഭാചരിത്രം സാക്ഷിക്കുന്നു. ആദ്യനൂറ്റാണ്ടുകളിലെ മതപീഡനങ്ങൾ അവസാനിച്ചപ്പോൾ താപസരെയും സന്യാസികളെയും പൊതുവിൽ വീരോചിത വിശ്വാസ ജീവിതം നയിച്ചവരെന്നു കരുതിയവരെയും വണങ്ങിയിരുന്നതായി ചരിത്രത്തിൽ കാണുന്നു. ചരിത്രപരമായ ഈ രൂപാന്തരമാണ് **'വിശുദ്ധ പദവി'യെക്കുറിച്ചുള്ള ക്രൈസ്തവ ചിന്താധാരയ്ക്ക് രൂപം നൽകുന്നതിനിടയാക്കിയത്.**

## ആരാണ് വിശുദ്ധൻ?

വിശുദ്ധ(ൻ) എന്ന് സഭ പറയുന്നത് മരണത്തിലൂടെ ദൈവസന്നിധിയിലേക്ക്, അഥവാ സ്വർഗത്തിലേക്ക് പ്രവേശിച്ചവരെയാണ്. **അവർ ദൈവസന്നിധിയിൽ ദൈവത്തോടൊപ്പം അവനെ മുഖാഭിമുഖം കണ്ടുകൊണ്ടിരിക്കുന്നു. അവരുടെ മധ്യസ്ഥം തേടുന്നവർക്ക് ദൈവത്തിൽ നിന്നും അനുഗ്രഹങ്ങൾ നേടിക്കൊടുക്കുവാൻ കരുത്തുള്ളവരുമാണവർ. അവർ ദൈവത്തോടൊപ്പം നിത്യസൗഭാഗ്യത്തിൽ ആയിരിക്കുന്നു എന്നർത്ഥം.**

കഴിഞ്ഞ മാസം ഇരുപത്തി ഏഴാം തീയതി (27-04-2014) ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായെയും ജോൺപോൾ രണ്ടാമൻ മാർപാപ്പായെയും ഫ്രാൻസിസ് മാർപാപ്പ വിശുദ്ധരായി പ്രഖ്യാപിച്ചു, എന്നതുകൊണ്ട് നാം എന്താണു മനസിലാക്കുന്നത്. മാർപാപ്പായുടെ പ്രഖ്യാപനം മൂലം ഇവർ വിശുദ്ധരായി എന്നാണോ? അല്ല, **മാർപാപ്പായുടെ പ്രഖ്യാപനം കൊണ്ടല്ല ഒരാൾ വിശുദ്ധനോ വിശുദ്ധയോ ആകുന്നത്. മറിച്ച് വിശുദ്ധൻ അഥവാ വിശുദ്ധ ആയതുകൊണ്ട് മാർപാപ്പാ അത് ഔദ്യോഗികമായി പരസ്യമായി പ്രഖ്യാപിക്കുന്നു എന്നു മാത്രം. ഇവർ നിശ്ചയമായും സ്വർഗത്തിൽ ദൈവത്തോടൊപ്പം ആണെന്ന് തന്റെ ശ്ലൈഹികാധികാരമുപയോഗിച്ച് മാർപാപ്പാ ഖണ്ഡിതമായി പ്രഖ്യാപിക്കുന്നു. അവർ ദൈവത്തോടൊപ്പം നിത്യസൗഭാഗ്യത്തിലായതുകൊണ്ട് ഭൂമിയിലായിരിക്കുന്ന നമുക്കുവേണ്ടി ദൈവതിരുമുമ്പാകെ മധ്യസ്ഥം തേടാൻ അവർക്കു സാധിക്കുമെന്നും ഈ പ്രഖ്യാപനം വ്യക്തമാക്കുന്നു.** വിശുദ്ധയെന്നോ വിശുദ്ധനെന്നോ മാർപാപ്പാ (സഭ) ഔദ്യോഗികമായി പ്രഖ്യാപിച്ചവർ മാത്രമേ സ്വർഗത്തിലെത്തിയിട്ടുള്ളൂ എന്നു സഭ പറയുന്നില്ല. എന്നാൽ വിശുദ്ധ അല്ലെങ്കിൽ വിശുദ്ധൻ എന്ന് മാർപാപ്പാ (സഭ) ഔദ്യോഗികമായി പ്രഖ്യാപിച്ചവർ നിശ്ചയമായും സ്വർഗത്തിൽ ദൈവത്തോടൊപ്പം നിത്യസൗഭാഗ്യത്തിൽ ആയിരിക്കുന്നു എന്ന് സഭ ഖണ്ഡിത



മായി പഠിപ്പിക്കുന്നു.

സർവമനുഷ്യരെയും വിശുദ്ധയിലേക്ക്, ദൈവത്തോടൊപ്പമുള്ള നിത്യസൗഭാഗ്യത്തിലേക്ക് നയിക്കുക എന്നതാണ് സഭയുടെ ലക്ഷ്യം. സഭയുടെ എല്ലാ ശുശ്രൂഷകളും ഈ ലക്ഷ്യത്തിലേക്ക് മനുഷ്യരെ നയിക്കുന്നതിനുതകുന്നതായിരിക്കണം. എല്ലാ മനുഷ്യരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്നാണ് സഭ പഠിപ്പിക്കുന്നത്. സഭാമക്കളെ എല്ലാവരെയും പൂർണതയിലേക്ക് നയിക്കുക, വിശുദ്ധിയിൽ വളർത്തുക എന്നാതാണ് സഭയുടെ ദൗത്യം.

സഭ ഒരു വ്യക്തിയെ വിശുദ്ധയോ വിശുദ്ധനോ ആക്കി എന്ന് സാധാരണ ഭാഷയിൽ പറയുമെങ്കിലും സാങ്കേതികാർത്ഥത്തിൽ ഇത് ശരിയല്ല. ആരെയും വിശുദ്ധനോ വിശുദ്ധയോ ആക്കാൻ സഭയ്ക്ക് സാധ്യമല്ല. എന്നാൽ, ഒരാൾ ദൈവത്തോടുകൂടി സ്വർഗത്തിൽ ആണോ, അതായത് വിശുദ്ധനോ വിശുദ്ധയോ ആണോ എന്നു തിരിച്ചറിഞ്ഞ് പരസ്യമായും ഔദ്യോഗികമായും പ്രഖ്യാപിക്കാൻ സാധിക്കും. **പൂർണ്ണതയിലേക്കുള്ള സഭാമക്കളുടെ ജീവിത പ്രയാണത്തിൽ മാതൃകകളായും അനുകരണയോഗ്യരായും വിശുദ്ധരെന്നു പ്രഖ്യാപിക്കുന്നവരെ സഭ ഉയർത്തിക്കാണിക്കുക കൂടിയാണ് ചെയ്യുന്നത്.** സഭ വിശുദ്ധനെയോ വിശുദ്ധയെയോ സൃഷ്ടിക്കുന്നില്ല. ദൈവമാണ് ഒരാളെ വിശുദ്ധനോ വിശുദ്ധയോ ആക്കുന്നത്. സഭ അവളുടെ അന്വേഷണത്തിലൂടെ അതു കണ്ടെത്തുകയും ഔദ്യോഗികമായി പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു എന്നു മാത്രം.

## നാമകരണ നടപടികൾ

വിശുദ്ധരുടെ നാമകരണത്തിന് പരിശുദ്ധ കത്തോലിക്കാ സഭ ചില നടപടിക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സാധാരണയായി വിശുദ്ധ നാമകരണത്തിനുള്ള നടപടികൾ ആരംഭിക്കുന്നത് ഒരു വ്യക്തിയുടെ മരണത്തിന് അഞ്ചു വർഷങ്ങൾക്കു ശേഷമായിരിക്കും. അദ്ദേഹത്തെക്കുറിച്ച് വിശ്വാസികളുടെ ഇടയിൽ 'വിശുദ്ധൻ' എന്ന ഖ്യാതി കുറവു വരാതെ നിലനിൽക്കുന്നു എന്ന് ഉറപ്പുവരുത്താൻ വേണ്ടിയാണീ നിബന്ധന വച്ചിരിക്കുന്നത്. (മദർ തെരേസായുടെ കാര്യത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പയും, ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ കാര്യത്തിൽ ബനഡിക്ട് പതിനാറാമൻ മാർപാപ്പയും ഈ നിബന്ധനയിൽ ഇളവ് അനുവദിച്ചിരുന്നു).

നാമകരണ നടപടികൾ ആരംഭിക്കുവാൻ രൂപതാധ്യക്ഷന് അപേക്ഷ നൽകുന്നത് ആ വ്യക്തിയുടെ വികാരിയോ സമൂഹാധ്യക്ഷയോ സമൂഹാധ്യക്ഷനോ ആയിരിക്കും. രൂപതാധ്യക്ഷൻ അപേക്ഷ ഔദ്യോഗികമായി സ്വീകരിച്ച് നടപടികൾ ആരംഭിക്കുവാനുള്ള അനുവാദത്തിനായി റോമിലേക്ക് അപേക്ഷിക്കുന്നു. വിശുദ്ധരുടെ നാമകരണത്തിനുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ അനുവാദം ലഭിച്ചുകഴിയുമ്പോൾ നാമകരണത്തിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നു. **അന്നു മുതൽ പ്രസ്തുത വ്യക്തി ദൈവദാസി അല്ലെങ്കിൽ ദൈവദാസൻ എന്നായിരിക്കും അഭിസംബോധന ചെയ്യപ്പെടുന്നത്.** (മലങ്കര പുനരൈക്യ പ്രണേതാവ് പണിക്കരുവീട്ടിൽ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നാമകരണ നടപടികൾ ഇപ്പോൾ ഈ ഘട്ടത്തിലാണ്. അതുകൊണ്ടാണ് അദ്ദേഹത്തെ ദൈവദാസൻ എന്നു വിളിക്കുന്നത്).

രൂപതാധ്യക്ഷൻ പ്രസ്തുത വ്യക്തിയുടെ ജീവിതത്തെ സംബന്ധിച്ച് ലഭ്യമായ അറിവുകളും തെളിവുകളും, സാക്ഷികളിൽ നിന്നും കത്തുകളിൽ നിന്നും ലേഖനങ്ങളിൽ നിന്നും ഗ്രന്ഥങ്ങളിൽ നിന്നും പ്രസംഗങ്ങളിൽ നിന്നും പ്രബോധനങ്ങളിൽ നിന്നും ശേഖരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതം ഒരു വിശുദ്ധന്റേതായിരുന്നു എന്ന് രൂപതാധ്യക്ഷന് ബോധ്യമാകുന്നെങ്കിൽ ശേഖരിച്ച അറിവുകളും രേഖകളുമെല്ലാം വിശുദ്ധരുടെ നാമകരണത്തിനു വേണ്ടിയുള്ള വത്തിക്കാനിലെ കാര്യാലയത്തിൽ സമർപ്പിക്കും. വത്തിക്കാൻ കാര്യാലയത്തിന് പ്രസ്തുത അപേക്ഷ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാം. അപേക്ഷയുടെയും ലഭ്യമായ രേഖകളുടെയും അറിവിന്റെയും വെളിച്ചത്തിൽ പ്രസ്തുത വ്യക്തിയുടെ വ്യക്തി ജീവിതത്തെക്കുറിച്ച് വത്തിക്കാൻ കാര്യാലയം വിശദമായ അന്വേഷണവും പഠനവും നടത്തും. **പ്രസ്തുത വ്യക്തി വീരോചിതമായ ക്രിസ്തീയ ജീവിതമാണ് നയിച്ചിരുന്നത് എന്ന് വത്തിക്കാൻ കാര്യാ**



**ലയം അംഗീകരിക്കുന്നതോടുകൂടി ആ വ്യക്തി ധന്യ അല്ലെങ്കിൽ ധന്യൻ എന്നായിരിക്കും അഭിസംബോധന ചെയ്യപ്പെടുക.** ഇത് ആ വ്യക്തി സ്വർഗത്തിലാണെന്നുള്ള അംഗീകാരമോ ആ വ്യക്തി പരിപൂർണനാണെന്നോ പാപം ചെയ്യാത്ത ആളാണെന്നോ ഉള്ള പ്രഖ്യാപനമോ അല്ല. **പ്രസ്തുത വ്യക്തി ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ നന്മയിൽ വളരുവാനും സ്വർഗോന്മുഖ**

**മായി ജീവിക്കുവാനും പരിശ്രമിച്ചിരുന്നു എന്ന് സഭ അംഗീകരിക്കുന്നു എന്നു മാത്രമേ ഇതുകൊണ്ട് അർത്ഥമാക്കുന്നുള്ളൂ.**

ഒരു വ്യക്തി സ്വർഗത്തിൽ ദൈവത്തോടൊപ്പം നിത്യസൗഭാഗ്യത്തിലാണെന്ന് അംഗീകരിക്കുന്നതിന് പ്രസ്തുത വ്യക്തിയുടെ മധ്യസ്ഥതയിൽ ഒരു അത്ഭുതമെങ്കിലും നടന്നതായി ഖണ്ഡിതമായി തെളിയിക്കപ്പെടണം. സാധാരണയായി ഈ അത്ഭുതം ഒരു രോഗസൗഖ്യമായിരിക്കും. രോഗസൗഖ്യം തൽക്ഷണമുള്ളതും പൂർണവും സ്ഥിരവുമായിരിക്കണം. കൂടാതെ സ്വാഭാവികമായോ ശാസ്ത്രീയമായോ വിശദീകരിക്കാൻ സാധിക്കാത്തതായിരിക്കണം.



പ്രസ്തുത അത്ഭുതങ്ങളെ സ്വതന്ത്രമായ ഒരു ഗണം ഭിഷഗ്വരന്മാർ സ്വാഭാവികവും ശാസ്ത്രീയവുമായ വിശദീകരണത്തിന് അതീതമാണെന്ന് വിധിയെഴുതണം. തുടർന്ന് ഈ അത്ഭുതം ദൈവശാസ്ത്രജ്ഞരുടെ ഒരു സംഘം അംഗീകരിക്കണം. ഇത് ദൈവിക ഇടപെടൽ കൊണ്ടുള്ള അത്ഭുതകരമായ സൗഖ്യമാണെന്നും ഇത് ഈ വ്യക്തിയുടെ മാത്രം മധ്യസ്ഥതയാൽ സംഭവിച്ചിട്ടുള്ളതാണെന്നും ദൈവശാസ്ത്രജ്ഞരുടെ സംഘം വിധിയെഴുതണം. അവസാനമായി ഈ അത്ഭുതം പരിശുദ്ധ മാർപാപ്പാ അംഗീകരിക്കണം. **ഇത്രയുമാകുമ്പോൾ പ്രസ്തുത വ്യക്തി വാഴ്ത്തപ്പെട്ടവൾ അല്ലെങ്കിൽ വാഴ്ത്തപ്പെട്ടവൻ എന്നു പ്രഖ്യാപിക്കപ്പെടും.** വിശുദ്ധ അല്ലെങ്കിൽ വിശുദ്ധൻ എന്നു നാമകരണം ചെയ്ത് പ്രഖ്യാപിക്കപ്പെടുന്നതിന് രണ്ടാമത് ഒരു അത്ഭുതം കൂടി സ്ഥിരീകരിക്കപ്പെടണം. ഇതിന്റെ സ്ഥിരീകരണത്തിനു മുമ്പ് സൂചിപ്പിച്ച എല്ലാ നടപടിക്രമങ്ങളും വീണ്ടും പൂർത്തിയാക്കേണ്ടതുണ്ട്.

ജീവിച്ചിരുന്നതായി തെളിവുള്ളവരെ മാത്രമേ വിശുദ്ധ നാമകരണ നടപടികളിലേക്ക് പരിഗണിക്കുകയുള്ളൂ. പ്രസ്തുത വ്യക്തിയുടെ ജീവിതം വളരെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കും. അയാളുടെ വ്യക്തി ജീവിതം, പൊതുസമ്മതി, പ്രവർത്തനങ്ങൾ തുടങ്ങിയവ തലനാരിഴകീറിയുള്ള പരിശോധനകൾക്ക് വിധേയമാക്കപ്പെടും. പ്രസ്തുത വ്യക്തി അതുവരെ വിശുദ്ധ അല്ലെങ്കിൽ വിശുദ്ധൻ എന്നു പ്രഖ്യാപിക്കപ്പെട്ടിട്ടില്ല എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. അയാളുടെ പ്രസംഗങ്ങൾ, കത്തുകൾ, ലേഖനങ്ങൾ, ഗ്രന്ഥങ്ങൾ തുടങ്ങിയവയെല്ലാം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കും. അത്ഭുതസ്ഥിരീകരണത്തിന് ശാസ്ത്രജ്ഞരുടെയും മന:ശാസ്ത്രജ്ഞരുടെയും ഭിഷഗ്വരന്മാരുടെയും സംഘം ഉണ്ടായിരിക്കണം. പ്രസ്തുത സംഘത്തിൽ അകത്തോലിക്കരും അക്രൈസ്തവരും നിരീശ്വരർ പോലും അംഗങ്ങളായിരിക്കാം. നിരീക്ഷണ വിധേയമായ സൗഖ്യം അത്ഭുതമാണെന്ന് അവർ പ്രഖ്യാപിക്കേണ്ടതില്ല. എന്നാൽ സാധാരണ രീതിയിലും ശാസ്ത്ര ദൃഷ്ടിയിലും അസാധ്യമായ കാര്യമാണ് ഈ സൗഖ്യത്തിൽ സംഭവിച്ചിരിക്കുന്നത് എന്നു സ്ഥിരീകരിച്ചാൽ മതി.

അത്ഭുതകരമായ സൗഖ്യത്തിനു പുറമേ മറ്റു ചിലകാര്യങ്ങൾകൂടി പ്രസ്തുത സംഘങ്ങൾ പരിശോധനാവിധേയമാക്കുന്നുണ്ട്. മൃതശരീരം ചീഞ്ഞു നശിച്ചുപോകാതെയിരിക്കുന്നുണ്ടോ? മൃതശരീരമോ അദ്ദേഹം ഉപയോഗിച്ചിരുന്ന ഏതെങ്കിലും വസ്തുക്കളോ സ്ഥലമോ സുഗന്ധം പുറപ്പെടുവിക്കുന്നുണ്ടോ? അദ്ദേഹത്തിന്റെ ഉണങ്ങിയ. രക്തം മരണദിവസമോ അദ്ദേഹവുമായി ബന്ധപ്പെട്ട ഏതെങ്കിലും ദിവസമോ ദ്രവരൂപമാകുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ.

വിശുദ്ധ നാമകരണ പ്രഖ്യാപനം നടത്തുന്നത് പരിശുദ്ധ മാർപാപ്പാ ആയിരിക്കും. വത്തിക്കാനിൽ വച്ചായിരിക്കും ഈ പ്രഖ്യാപനം സാധാരണ നടത്തുന്നത്. ചില പ്രത്യേക സന്ദർഭങ്ങളിൽ വിശുദ്ധന്റെ സ്വദേശത്തുവച്ചും മരണസ്ഥലത്തുവച്ചും പ്രഖ്യാപനം നടത്താറുണ്ട്.

## വാഴ്ത്തപ്പെട്ടവനും വിശുദ്ധനും തമ്മിലുള്ള വ്യത്യാസം

വാഴ്ത്തപ്പെട്ടവൻ അഥവാ വാഴ്ത്തപ്പെട്ടവൾ എന്നു പ്രഖ്യാപിച്ചുകഴിഞ്ഞാൽ പ്രസ്തുത വ്യക്തി പൊതുവണക്കത്തിന് അർഹ/അർഹൻ ആകുന്നു. എന്നാൽ അത് ഏതെങ്കിലും ചില പ്രത്യേക സ്ഥലങ്ങളിലേക്കും സമൂഹങ്ങളിലേക്കും പരിമിതപ്പെടുത്തിയിരിക്കും. സാർവത്രികമായ വണക്കത്തിന് അർഹരാകുന്നില്ല. കാരണം, **വാഴ്ത്തപ്പെട്ടവൻ എന്ന പ്രഖ്യാപനം മാർപാപ്പായുടെ തെറ്റാവരം അഥവാ അപ്രമാദിത്വം ഉപയോഗിച്ചുള്ള പ്രഖ്യാപനമായിട്ടല്ല പരിഗണിക്കപ്പെടുന്നത്.** ഈ ദർശനം വ്യക്തമാക്കാനാണ് പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ പരിശുദ്ധ പോൾ ആറാമൻ മാർപാപ്പായുടെ കാലത്തിനു മുമ്പുവരെ നിലവിലുണ്ടായിരുന്നതും പിന്നീട് വ്യതിയാനപ്പെടുത്തിയതുമായ ഒരു പാരമ്പര്യം വാഴ്ത്തപ്പെട്ടവൻ എന്ന പ്രഖ്യാപനത്തെ സംബന്ധിച്ച് പുനഃസ്ഥാപിച്ചത്. ഇതനുസരിച്ച് പരിശുദ്ധ മാർപാപ്പായല്ല, പ്രത്യുത, വിശുദ്ധരുടെ നാമകരണത്തിനുവേണ്ടിയുള്ള തിരുസം

ഘത്തിന്റെ അധ്യക്ഷനായ കർദ്ദിനാൾ ആയിരിക്കും വാഴ്ത്തപ്പെട്ടവൻ എന്ന, പ്രഖ്യാപനം നടത്തുന്നത്. (വിശുദ്ധ അൽഫോൻസാമ്മയെയും വാഴ്ത്തപ്പെട്ട ചാവറ കുറിയാക്കോസ് ഏലിയാസച്ചനെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചത് പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ കോട്ടയത്തു വച്ചായിരുന്നു. തന്റെ മുൻഗാമിയായ ജോൺ പോൾ രണ്ടാമൻ മാർപാപ്പായെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത് പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പായായിരുന്നു. ഇവയൊക്കെ സാധാരണ പതിവിനു വിപരീതമായ അപവാദങ്ങളായിരുന്നു).

വിശുദ്ധനാമ പ്രഖ്യാപനം പരിശുദ്ധ മാർപാപ്പ നേരിട്ടാണ് നടത്തുന്നതെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നു. **ഈപ്രക്രിയയിൽ പരിശുദ്ധാത്മാവ് പരിശുദ്ധ മാർപാപ്പായെ തെറ്റാവരം നൽകി സംരക്ഷിക്കുന്നു.** വിശുദ്ധ നാമകരണ പ്രഖ്യാപനത്തോടുകൂടി അദ്ദേഹം സാർവത്രിക സഭയിൽ പൊതുവണക്കത്തിന് അർഹത നേടുന്നു. വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടയാളെ മാർപാപ്പാ വിശുദ്ധനാക്കുകയാണെന്നുള്ളത് തെറ്റായ ധാരണയാണ്. **നാമകരണം നടത്തപ്പെട്ട വ്യക്തി വിശുദ്ധനാണെന്നും ദൈവത്തോടൊപ്പമാണെന്നും യേശുവിനെ യഥാർത്ഥമായി പിൻചെല്ലുന്നതിൽ വിശ്വാസ സമൂഹത്തിന് ഉത്തമ മാതൃകയാണെന്നും തിരിച്ചറിഞ്ഞ് പ്രഖ്യാപിക്കുക മാത്രമാണ് പരിശുദ്ധ മാർപാപ്പാ ചെയ്യുന്നത്.**

## അല്പം ചരിത്രം

പത്താം നൂറ്റാണ്ടിലാണ് പരിശുദ്ധ മാർപാപ്പ നേരിട്ട് ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതായി ചരിത്രരേഖകളിൽ കാണുന്നത്. അതുവരെ വിശുദ്ധരെ പ്രാദേശികമായി വിശ്വാസികൾ സ്വാഭിവികമായി തിരിച്ചറിഞ്ഞ് വണങ്ങിയിരുന്നതായാണ് പാരമ്പര്യങ്ങളിൽ കാണുന്നത്.

ജർമ്മനിയിലെ ഭരണാധികാരിയുടെ അപേക്ഷ പ്രകാരം 993 ജനുവരി 31- ാം തീയതി ജോൺ പതിനഞ്ചാമൻ മാർപാപ്പാ ഓക്സ്ബർഗിലെ മെത്രാനായിരുന്ന ഉൾറിക്കിനെ വിശുദ്ധനായി പ്രഖ്യാപിച്ചതാണ് സഭയിൽ മാർപാപ്പാ നടത്തുന്ന ആദ്യത്തെ വിശുദ്ധനാമ പ്രഖ്യാപനമായി കാണുന്നത്. പിന്നീട് ജോൺ പതിനെട്ടാമൻ മാർപാപ്പാ (1003-1009) പോളണ്ടിലെ അഞ്ച് രക്തസാക്ഷികളെ വിശുദ്ധരായി പ്രഖ്യാപിച്ചതായി കാണുന്നു. ബനഡിക്ട് എട്ടാമൻ മാർപാപ്പാ (1012-1024) അർമ്മേനിയൻ സന്യാസിയായിരുന്ന സിമയോണേ വിശുദ്ധനായി പ്രഖ്യാപിച്ചതായി രേഖകളിൽ കാണുന്നുണ്ട്. എന്നാൽ ഇന്നസെന്റ് മൂന്നാമൻ മാർപാപ്പയാണ് (1198-1216) വിശുദ്ധരുടെ നാമകരണ പ്രഖ്യാപനത്തിനുള്ള അധികാരം മാർപാപ്പായ്ക്കായിരിക്കുമെന്ന് ആദ്യമായി പ്രഖ്യാപിച്ചത്. 1170-ൽ അലക്സാണ്ടർ മൂന്നാമൻ മാർപാപ്പാ (1159-1181) നിയമം മൂലം വിശുദ്ധ നാമകരണ പ്രഖ്യാപനത്തിനുള്ള അധികാരം മാർപാപ്പായ്ക്കു മാത്രമായിരിക്കുമെന്ന് കല്പന പുറപ്പെടുവിച്ചു. വത്തിക്കാൻ തിരുസംഘത്തിന്റെ ഇടപെടലും അന്വേഷണവുമില്ലാതെ വിശുദ്ധ നാമകരണ നടപടികൾ പൂർത്തിയാക്കാനാവില്ലെന്ന് ഉർബെൻ എട്ടാമൻ മാർപാപ്പാ 1634ൽ നിശ്ചയിച്ചു. 1588ൽ സിക്സ്റ്റസ് അഞ്ചാമൻ മാർപാപ്പായാണ് (1585-1590) വിശുദ്ധരുടെ നാമകരണത്തിനുവേണ്ടിയുള്ള തിരുസംഘം സ്ഥാപിച്ചത്. പിന്നീട് കാലാകാലങ്ങളിൽ മാർപാപ്പാമാർ വിശുദ്ധ നാമകരണ നടപടികളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. ഇന്ന് സഭയിൽ കാലോചിതവും ആക്ഷേപരഹിതവും ആധികാരികവും ശക്തവുമായ നാമനകരണ നടപടിക്രമങ്ങൾ നിലവിലിരിക്കുന്നു.

## സമാപനവചനം

ആദരവും ബഹുമാനവും വണക്കവും ആരാധനയുമായി കൂട്ടിക്കുഴയ്ക്കരുത് എന്നൊരു മുന്നറിയിപ്പോടുകൂടി സമാപിപ്പിക്കാം എന്നു കരുതുന്നു. **ആദരവും ബഹുമാനവും വണക്കവുമൊക്കെ വിശുദ്ധരോടു കാണിക്കുമ്പോൾ ആരാധന ദൈവത്തിനു മാത്രം അർഹതപ്പെട്ടതാണെന്നുള്ള സഭയുടെ പഠനം ശ്രദ്ധിക്കപ്പെടാതെ പോകരുത്. നാം വിശുദ്ധരോടല്ല പ്രാർത്ഥിക്കുന്നത് അവരോടൊത്ത് ദൈവത്തോടാണ് പ്രാർത്ഥിക്കുന്നത്.** മരണത്തോടുകൂടി മനുഷ്യജീവിതം അവസാനിക്കുന്നില്ല, ജീവിതത്തിന് ഒരു അവസ്ഥാഭേദം സംഭവിക്കുക മാത്രമാണുണ്ടാക്കുന്നത്. **നന്മയിൽ ജീവിച്ചവരെയും യേശുവിലുള്ള വിശ്വാസത്തിലും പ്രത്യാശയിലും മരിച്ചവരെയും കുറിച്ച് വിശുദ്ധ ഗ്രന്ഥം പറയുന്നത് അവർ യേശുവിന്റെ പുനരുത്ഥാനത്തിൽ പങ്കാളികളാകുന്നു എന്നാണ്.**

ഈ ലോകത്ത് ക്രിസ്ത്യാനികൾ ഒന്നിച്ച് ജീവിക്കുമ്പോൾ നാം അന്യോന്യം കൂട്ടായ്മയിലും ബന്ധത്തിലുമാണ്. ഒരാളുടെ മരണത്തോടുകൂടി ഈ കൂട്ടായമയും ബന്ധവും അവസാനിക്കുന്നില്ല. മരണത്തിനു ശേഷം സ്വർഗത്തിലായിരിക്കുന്ന വിശുദ്ധരും ഈ ലോകത്തിലായിരിക്കുന്ന സഭാമക്കളായ നാമുമായി കൂട്ടായ്മയിലായിരിക്കുന്നു എന്നാണ് നാം വിശ്വസിക്കുന്നത്. അതുകൊണ്ട് **ഭൂമിയിലായിരിക്കുന്ന ഒരു സ്നേഹിതനോടോ ബന്ധുവിനോടോ നമുക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെടുന്നതുപോലെ വിശുദ്ധരോടും പ്രാർത്ഥന ആവശ്യപ്പെടാൻ നമുക്ക് സാധിക്കും.** ഇതാണ് പരിശുദ്ധ കത്തോലിക്കാ സഭയുടെ പഠിപ്പിക്കൽ. ഇത് സാമാന്യ ബുദ്ധിക്കു നിരക്കുന്നതും ദൈവവചനാധിഷ്ഠിതവും സഭയുടെ പാരമ്പര്യങ്ങൾക്കനുസൃതവുമാണ്.

നമുക്ക് വിശുദ്ധരുടെ മധ്യസ്ഥം യാചിക്കാം. നമുക്കും വിശുദ്ധരാകാൻ ശ്രമിക്കാം. അതിനാണല്ലോ നാം വിളിക്കപ്പെട്ടിരിക്കുന്നത്.

# ഇടയശബ്ദം (3 -ാം പേജ് തുടർച്ച)

മനുഷ്യാവകാശ സംരക്ഷകനെന്ന നിലയിലും യുവജന ങ്ങളുടെ  കൂട്ടുകാരനെന്ന നിലയിലും എല്ലാവരാലും സ്നേഹിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്ത വലിയ ഇടയനാണ്. സഹനത്തിന്റെയും അനാഥത്വത്തി ന്റെയും കഠിനാദ്ധ്വാനത്തിന്റെയും യുദ്ധ കെടുതിയുടെയും ഒക്കെ നടുവിൽ വളർന്ന് പത്തരമാറ്റോടു കൂടി ലോക ത്തിനു മുമ്പിൽ ദൈവം എടുത്തു പ്രതിഷ്ഠിച്ച ഈ മനുഷ്യസ്നേഹിയുടെ കാൽപ്പാടുകൾ പിൻച്ചെല്ലാൻ ലക്ഷകണക്കിനാളുകൾ തയ്യാറായത് നമ്മുടെ മുമ്പിലെ വലിയ അനുഭവം തന്നെ. സംഘടിതമായ ചൂഷണം കൊണ്ടും, സ്വാതന്ത്ര്യത്തെയും മതാത്മകതയെയും കർക്കശമായി നിരോധിച്ചുകൊണ്ടും മനുഷ്യാവകാശത്തെ പ്രത്യയശാസ്ത്രത്തിനു ബലികൊടുത്തും മുന്നേറിയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രസക്തിയെ ഇല്ലാതാ ക്കുവാനും എന്നാൽ കയറൂരിവിടുന്ന സ്വാതന്ത്ര്യത്തിനും ലാഭ കൊതിക്കും അധാർമ്മിക നിലപാടുകൾക്കും ഒക്കെ കിന്നരം മീട്ടുന്ന മുതലാളിത്വ വ്യവസ്ഥിതിയുടെ ക്രൂരമാ യ, പൈശാചികമായ സ്വാർത്ഥതയെ വിമർശിച്ചും തിരു ത്തിയും, സ്നേഹത്തിന്റെയും പങ്കുചേരലിന്റെയും പാഠ ങ്ങൾ പഠിപ്പിച്ച ജോൺപോൾ 2-മൻ അനശ്വരനായി മന സ്സുകളിൽ ജീവിക്കുന്നു. നീണ്ട 26 വർഷത്തെ പാപ്പ ശുശ്രൂഷയിലൂടെ മാർപാപ്പ സമസ്ഥ മേഖലകളെയും സ്വാധീനിച്ചു. ചാക്രിയലേഖനങ്ങളും തിരു വെഴുത്തുകളും മതബോധനങ്ങളും ഒക്കെ വഴി ക്രിസ്തീയ ജീവിതത്തെ നവീകരിച്ചു. ആദ്യമായി ഒരു സിന ഗോഗിൽ പ്രവേശിക്കുന്ന പാപ്പ എന്നനിലയിലും മുസ്ലിം സഹോദരങ്ങൾ അധിവസി ക്കുന്ന




ഈജിപ്ത്യൻ തീർത്ഥാടനം നടത്തിയും തന്നെ വെടിവച്ചവന്റെ അടുക്കൽ ജയിലിൽ പോയി സൗഹൃദം പങ്കിട്ട് ക്ഷമിച്ചതും 2000 വർഷത്തെ സഭാതനയരുടെ ജീവിതം കൊണ്ടുണ്ടായ കുറ വുകൾക്കു ക്ഷമാപണം ചെയ്തുകൊണ്ടും അദ്ദേഹം യഥാർത്ഥമായ ഒരു നേതാവായി മനുഷ്യ ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടു കയായിരുന്നു. ലോകനേതാക്കളുടെ  ഒക്കെ സുഹൃത്തായിരുന്നു മാർപാപ്പ. ഇറാക്ക് യുദ്ധ ത്തിനെതിരെ അമേരിക്കയ്ക്ക് താക്കീതു നൽകു വാനും റഷ്യയുടെ ആദരണീയനായ ഗോർബ ച്ചോവിലൂടെ പുതിയ ഒരദ്ധ്യായത്തിനു തുടക്കം കുറിക്കുവാനും ഫിഡറൽ കാസ്റ്ററോയെപ്പോലും സൗഹൃദവലയത്തിൽ ചേർക്കുവാനും കഴിഞ്ഞ ഉന്നതനായ ആത്മിക നേതാവായിരുന്നു ജോൺ പോൾ II.

മലങ്കര സഭയെ സംബന്ധിച്ച് അതിലെ ഏതാണ്ട് പകുതിയോളം പിതാക്കന്മാരെ നിയ മിക്കുവാനും സഭയെ ഒരു മേജർ ആർച്ച് എപ്പി സ്കോപ്പൽ സഭയായി ഉയർത്തി അതിന്റെ പൗരാണികമായ അധികാര സ്വാതന്ത്ര്യത്തെ വീണ്ടും ഉറപ്പിക്കുവാനും കഴിഞ്ഞ ഉന്നതനായ പിതാവായിരുന്നു പരി. ജോൺപോൾ പാപ്പ. തിരുവല്ല അതിരൂപതയിൽ മുരിക്കാശ്ശേരിയിലെ ദൈവാലയം പിതാവിന്റെ നാമത്തിൽ നന്ദി സൂചകമായി 2012 ൽ പണിതുയർത്തിയതാ ണെന്നും അറിയിക്കട്ടെ.

വിശുദ്ധ പദവിലേക്ക് വാഴ്ത്തപ്പെട്ട ചാവറ യച്ചനും എവുപ്രസിയാമ്മയും കടന്നുവന്നു എന്നതും നമുക്ക് നന്ദിയോടെ ഓർക്കാം. ദൈവ ത്തിന്റെ അനന്ത കരുണയെ നമുക്കു വാഴ്ത്തി സ്തുതിക്കാം.

ആകമാന യാക്കോബായ സുറിയാനി സഭ യുടെ തലവനും പിതാവും എക്യുമനിസ ത്തിന്റെ ഉജ്ജ്വല വാഗ്മിയും പരിശുദ്ധ ജീവിതം കൊണ്ട് നമ്മെ ഒക്കെ ധന്യമാക്കുകയും ഭാരത സഭയോടു പ്രത്യേക വാത്സല്യം വച്ചു പുലർത്തുകയും ചെയ്ത പരി. സക്കാ ഈവ പാത്രിയർക്കീസ് ബാവായുടെ ദേഹവിയോഗ ത്തിൽ നമ്മുടെ ദുഃഖം അറിയിക്കുകയും പിതാ വിന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്ന തോടൊപ്പം പിതാവിന്റെ മദ്ധ്യസ്ഥതയിൽ ശര ണപ്പെടുകയും ചെയ്യുന്നു. പുതിയ പാത്രി യർക്കീസ് ബാവയായി തെരഞ്ഞെടുക്കപ്പെട്ടിരി ക്കുന്ന  അപ്രേം കരീം മാർ കൂറിലോസ് ബാവായ്ക്ക് എല്ലാ പ്രാർത്ഥനാശംസകളും നേരുന്നതോടൊപ്പം പിതാവിന്റെ ശുശ്രൂഷയി ലൂടെ അന്ത്യോക്യൻ സുറിയാനി പൈതൃകത്തി ലുള്ള സർവ്വവിശ്വാസികളെയും സ്നേഹത്തിൽ ഒരു ഇടയനും ഒരു തൊഴുത്തും എന്ന യേശു നാഥന്റെ പ്രാർത്ഥന സഫലീകരിക്കുന്ന ഒരുമയിലേക്കു കൊണ്ടുവരുവാൻ ഇടയാകു കയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു.




# John Paul II, Pope of Young People

**Lintu Markose**
**USA**

"*Santo subito*! *Santo subito*!" The crowds proclaimed during the funeral of the late Pope John Paul II, praying for the fast canonization of the saintly pontiff who had shepherded the holy Church from 1978 until 2005. And on April 27, 2014, that dream will have become a reality when Pope Francis canonizes John Paul II. When we think of Saint John Paul II, there is much to take in about his sanctity and example. Much can and has been written about his theological works and much more will be written about his nearly three decades as the Head and Father of the Universal Church. He was a world leader who spoke out against the evils of socialism and communism, a teacher who held fast to the unchanging Truth in a fast changing world, a priest who knew how to ask for forgiveness as well as to forgive, but most of all, Pope John Paul is *Santo subito*.

For most young people, myself included, he was the first Pope we knew; he is "our" Pope Saint John Paul II. It is not surprising,

then, that Pope Francis has named John Paul II as one of the Patron Saints of World Youth Day, an event that John Paul II had started during his papacy. World Youth Day occurs annually on a diocesan level, and internationally every two or three years. It remains an important aspect of John Paul's legacy and a sure sign of his commitment to the youth. Those who have attended the international event have often commented on the life-changing nature of the experience – most especially the beauty of seeing the diversity of the Catholic Church united in worship of the true God. And, in this world, there is no stronger witness than millions of young people gathered together in one spot to worship as one family.

In his teachings and writings, too, Pope John Paul II spoke to the youth, challenging us to take up our vocation as stewards and preachers of the Gospel even though the world makes it easy to lose the way. In 1995, at World Youth Day in Manila, he spoke to the youth in a personal way saying: "The Church entrusts to young people the task of proclaiming to the world the joy which springs from having met Christ. Dear friends, allow yourselves to be drawn to Christ, accept his invitation to follow him. Go and preach the Good News that redeems; do it with happiness in your hearts and become communicators of hope in a world which is often tempted to despair, communicators of faith in a society which at times seems resigned to disbelief, communicators of love, in daily events that are often marked by a mentality of the most unbridled selfishness." Pope John Paul II earned the confidence of youth because he took them seriously. By his words and mannerisms, he made clear that he understood our concerns and he challenged us to give our lives to Christ. In everything he made a special place to talk to the youth and young people of the world, always reminding them of his love for them.

But, more than these, young people were and continue to be drawn to him because of the sanctity of his life. God used the holiness of John Paul II to reach the youth and to light a fire long dormant within us. We loved him because he didn't talk down to us. He didn't condescend; he didn't water down his message. Instead, he challenged us. But more than that, he *showed* us how, even in his frail old age or perhaps even more then, how to put our lives fearlessly at the service of the gospel. By his holiness he taught the world to love.

Even though his earthly pilgrimage has ended, his work continues, both through us whom he loved so much, but also as our intercessor and friend in Heaven.

---


മെയ് 29–ാം തീയതി ബിഷപ്പ്സ് ഡേ ആഘോഷിക്കുന്ന
അഭി. തോമസ് മാർ കൂറിലോസ് തിരുമേനിയ്ക്കും അഭി. ഫിലിപ്പോസ് മാർ
സ്തേഫാനോസ് തിരുമേനിക്കും അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിക്കും
ഐക്യദീപം കുടുംബത്തിന്റെ ആശംസകൾ








# നിങ്ങൾ ക്രിസ്തുവാണോ?

ഫാ. ജെൻസൺ ലാസലേറ്റ്

സുഖം പ്രാപിക്കാനുള്ള സാദ്ധ്യതകൾ ഉണ്ടായിട്ടും ഏറെക്കാലമായി വഴിയോരം പാർപ്പിടമാക്കിയവന്റെ ചിത്രം യോഹന്നാൻ വരച്ചുകാട്ടുന്നുണ്ട്, അഞ്ചാം അദ്ധ്യായത്തിൽ. പറഞ്ഞുവരുന്നത് ബേത്സഥാ കുളക്കരയിലെ തളർവാതരോഗിയെക്കുറിച്ചു തന്നെ. ഹീബ്രു, അരമായിക് ഭാഷകളിൽ ബേത്സഥാ എന്ന പദത്തിനർത്ഥം കരുണയുടെ ഭവനം, കൃപയുടെ കൂടാരം എന്നെല്ലാമാണ്. കരുണയില്ലാത്തയിടം, അവഹേളനം എന്നുകൂടെ അതേ പദത്തിന് തന്നെ വിപരീത അർത്ഥവുമുണ്ട്. എന്തുതന്നെയായാലും അയാൾക്ക് ആ ഇടം കരുണയുടേതല്ലായിരുന്നു. മൂന്നു വ്യാഴവട്ടക്കാലങ്ങൾക്കതീതമായി അയാൾ ആ കുളക്കരയിൽ സൗഖ്യത്തിനായി കാത്തുകിടക്കുന്നു. നീണ്ട 38 വർഷങ്ങൾ. ക്രിസ്തു ജനിക്കുന്നതിനു മുമ്പേ അയാളവിടെ ഉണ്ടായിരുന്നു. ശിശുവായിരുന്ന യേശുവിനെ ദേവാലയത്തിൽ സമർപ്പിച്ചതിന്റെയും ബാലനായ യേശുവിന്റെ ദേവാലയത്തിലെ തർക്കവാഗ്വാദങ്ങളുമെല്ലാം യാത്രികരിൽനിന്നും അവനറിഞ്ഞിരിക്കണം. ജലമിളകുമ്പോൾ ജലപ്പരപ്പിലേക്ക് തന്നെ കൊണ്ടുപോകുവാൻ മനസ്സുള്ള ഒരുവനായി ആ കണ്ണുകൾ എത്ര വർഷങ്ങളായി തിരയുന്നു. അയാളെ അവിടെ ഉപേക്ഷിച്ചവരോ സൗഖ്യം സ്വീകരിച്ച് തിരികെ പോയവരോ എന്നു വേണ്ട ആരും തന്നെ അയാളെ പരിഗണിച്ചില്ല. അവസാനം ക്രിസ്തു ചോദിക്കുന്ന ചോദ്യത്തിനുപോലും അയാൾ ശരിക്കും ഉത്തരം കൊടുത്തിരുന്നില്ല. സൗഖ്യമാകുവാൻ നീ ഇഷ്ടപ്പെടുന്നുവോ എന്ന ചോദ്യത്തിന് 'ഉവ്വ്' എന്നോ 'ഇല്ല' എന്നോ മറുപടി പറയേണ്ടിടത്ത്, എന്നെ ജലത്തിലേക്കിറക്കാനാരുമില്ല എന്ന നിസ്സഹായാവസ്ഥയാണയാൾ വിളമ്പുന്നത്. അയാളുടെ അരികിലിരുന്ന് ഭിക്ഷയാചിച്ചവരും അയാളെ അറിയുന്നവരുമടക്കം എത്രയോപേർ അതുവഴി പലയാവർത്തി സൗഖ്യത്തിനായും സൗഖ്യം ലഭിച്ചതിനുശേഷവും കടന്നുപോയിരിക്കും. എന്നിട്ടും അയാളെ ആരും ഗൗനിച്ചില്ല. അയാൾക്കുകൂടി അവകാശപ്പെട്ട സൗഖ്യം ആരും അനുവദിച്ചില്ല. സ്വാർത്ഥതയിൽ നന്മ നശിച്ചുപോയ ഒരു സമൂഹമനസ്സാക്ഷിയെ തന്നെയാണ് സുവിശേഷകൻ വരച്ചുകാട്ടുന്നത്. അവഗണനകൾ ഏറ്റുവാങ്ങി ആശയറ്റുപോയവരുടെ പ്രതീകമാണയാൾ. നമ്മുടെ കൺവെട്ടത്തുതന്നെ പലരുടെയും മുഖത്തുനിന്ന് പുഞ്ചിരി മാഞ്ഞുപോയിട്ടുണ്ടെങ്കിൽ, ഹൃദയത്തിൽ നിരാശ കൂടുകൂട്ടിയിട്ടുണ്ടെങ്കിൽ, ജീവിതത്തിൽ ആനന്ദം ഒളിമങ്ങിയിട്ടുണ്ടെങ്കിൽ അതിൽ നമുക്കു

കൂടെ പങ്കുണ്ടോ എന്നു ചിന്തിക്കുന്നത് ഉചിതമാണ്.

ക്രിസ്തു തന്നെ ചൂണ്ടിക്കാണിക്കുന്ന ലാസറിന്റെയും ധനവാന്റെയും ഉപമയും ഈ അവഗണനയുടെ ചിത്രം തന്നെയാണ് വിവരിക്കുന്നത്. ജീവിച്ചിരിക്കുമ്പോൾ പടിവാതിൽക്കൽ കിടന്നവനെ അറിയാതിരുന്ന ധനവാൻ പിന്നീട് അവന്റെ ദുരിതകാലത്ത് ലാസറിനെ പേരെടുത്ത് വിളിക്കുന്നതു കാണുമ്പോൾ മനസ്സിൽ അറിയാതെ അമർഷം ഉയർന്നിരുന്നു. ലാസറിനെ മാത്രം, തന്റെ ഉറ്റവരുടെയിടയിലേക്ക് അയയ്ക്കാൻ പറയുമ്പോൾ ധനവാൻ മാത്രമല്ല, അയാളുടെ ബന്ധുക്കളും മിത്രങ്ങളും കുടുംബക്കാരുമെല്ലാം അയാളെ അറിഞ്ഞുകൊണ്ടുതന്നെ അവഗണിക്കുകയായിരുന്നു എന്ന സത്യം തെളിയുകയാണ്. ഒരുവൻ ഏറ്റവും നിരാശനാകുന്നത് തനിക്കാരുമില്ല എന്ന തോന്നലിലാണ്. ചുറ്റിനും ഒരുപറ്റം സ്വന്തക്കാരുണ്ടായിട്ടും അവരാരും തന്റെ സ്വന്തമല്ല, അതുമല്ലെങ്കിൽ അവർക്കാർക്കും താൻ സ്വന്തമല്ല എന്ന തോന്നൽ. ഒരേ ഭവനത്തിൽ വർഷങ്ങളായി ഒരുമിച്ചു താമസിക്കുന്നവർക്കും ഒരേ സ്ഥലത്ത് ഒരുമിച്ച് ജോലി ചെയ്യുന്നവർക്കുമെല്ലാം ഈ അവസ്ഥ കടന്നുവന്നേക്കാം. കടുത്ത ഏകാന്തതയിൽനിന്നാണ്, 'ഞാനീ അടുക്കളയിൽ കിടന്ന് പുകയുന്നത് നിങ്ങൾ കാണുന്നില്ലേ' എന്ന മൊഴി സ്ത്രീയിൽ നിന്നും ഉയരുന്നത്. 'ഞാനീ കുടുംബത്തിനുവേണ്ടി അദ്ധ്വാനിക്കുന്നത് ആരും മനസ്സിലാക്കുന്നില്ല' എന്ന് ഗൃഹനാഥൻ പറയുന്നത്, ജീവിതത്തിന്റെ ഏതെങ്കിലും ഒരു പ്രത്യേക ഘട്ടത്തിൽ നമ്മളെല്ലാം ഈ ഒറ്റപ്പെടലിനും അവഹേളനത്തിനും വിധേയരായിട്ടുള്ളവർ തന്നെയാണ്.

എന്നിട്ടും നാം പഠിച്ച പാഠങ്ങൾ നമ്മൾ മറന്നുകൊണ്ടിരിക്കുന്നു. മറ്റു പലരെയും കണ്ടിട്ടും കണ്ടില്ലെന്നു നടിക്കുന്നവരും കേട്ടിട്ടും കേട്ടില്ലെന്നു നടിക്കുന്നവരുമായി നമ്മൾ മാറിക്കൊണ്ടിരിക്കുകയാണ്. നന്മ ചെയ്യേണ്ട സാഹചര്യങ്ങളിൽ നാം പലപ്പോഴും ഉറക്കം നടിക്കുന്നവരാണ്. നമ്മെ ഉണർത്താൻ ആർക്കും അതിനാൽ തന്നെ സാദ്ധ്യമല്ല. വ്യക്തിബന്ധങ്ങളിലും ഉത്തരവാദിത്വങ്ങളിലും നാം മയങ്ങിക്കൊണ്ടേയിരിക്കയാണ്. അത് യഥാർത്ഥ മയക്കമല്ല, വെറും നടനം മാത്രം. അതു നോക്കിയാണ് ക്രിസ്തു പുലമ്പുന്നത് 'അവർ കണ്ണുണ്ടായിട്ടും കാണുന്നില്ല, കാതുണ്ടായിട്ടും കേൾക്കുന്നില്ല' എന്ന്.

ഒരു വ്യക്തിക്ക് കൊടുക്കാവുന്ന ഏറ്റവും വലിയ സമ്മാനം പരിഗണനയാണ്. ഒരു പുഞ്ചിരി, സുഖമാണോ എന്ന ചോദ്യം, ഭക്ഷണം കഴിച്ചോ എന്നുള്ള ഒരന്വേഷണം; അതുമതി പലർക്കും സുഖമാകാൻ. മുപ്പത്തിയെട്ടു വർഷങ്ങളായി തന്നോട് ആരും ചോദിക്കാത്ത ചോദ്യം ക്രിസ്തു ചോദിക്കുമെന്നയാൾ കരുതിക്കാണില്ല. അതിനാൽ തന്നെയാണ് ഉടനെ എനിക്ക് സുഖം വേണമെന്ന് അയാൾ മറുപടി പറയാതിരുന്നത്. അയാൾ ആ ജീവിതവുമായി ഏറെ പൊരുത്തപ്പെട്ടിരുന്നു. അയാൾ അന്വേഷിച്ചിരുന്നത് മിണ്ടുവാൻ ഒരു യാത്രികനെയോ സുഖമാണോ എന്ന കുശലാന്വേഷകനെയോ ആണ്. അതിനാൽ തന്നെയാണ് എനിക്കാരുമില്ല എന്ന പരാതി അയാളിൽ നിന്നറിയാതെ ഉയർന്നത്. എന്തുപെട്ടെന്നാണ് അയാളിൽ ആനന്ദപുഴയൊഴുകിയത്. എന്റെ ചിന്തയിൽ അവനെ സുഖപ്പെടുത്തുവാൻ ഒരു ക്രിസ്തുവിന്റെ ആവശ്യമില്ലായിരുന്നു. സ്വന്തമെന്നു കരുതുന്ന ആരെങ്കിലും ഒന്നു കരംപിടിച്ചെങ്കിൽ അയാൾ നടക്കുമായിരുന്നു. പക്ഷേ ആ പാവത്തിന്റെ ജീവിതത്തിൽ ആ മഹത്കാര്യത്തിന് ആരും മുതിർന്നില്ല. പലപ്പോഴും ഞാനും നിങ്ങളും ക്രിസ്തു തന്നെയാണെന്നത് നാം മറക്കുകയാണ്. നമ്മുടെ സത്പ്രവൃത്തികൾകൊണ്ട് മറ്റുള്ളവർ സുഖപ്പെടുമ്പോൾ, സന്തോഷിക്കുമ്പോൾ, ക്രിസ്തുവായി മാറുക തന്നെയാണ് നമ്മൾ. അതുമല്ലെങ്കിൽ മറ്റുള്ളവന് ആനന്ദവും ആശ്വാസവും പകരുന്നതല്ലാത്ത ഏത് അത്ഭുതമാണ് ക്രിസ്തു ചെയ്തിട്ടുള്ളത്. നല്ലത് ചെയ്യുന്ന ഏവരും അവൻ തന്നെയാണ്. എല്ലാവരിലും അവൻ തന്നെയാണ് കുടികൊള്ളുന്നത്. അതിനാൽ തന്നെ ഒന്നുകൂടെ അടിവരയിട്ട് പ്രസ്താവിക്കുകയാണ് നിങ്ങൾ ക്രിസ്തുവാണ്, അങ്ങനെയായിരിക്കുക, മറക്കരുത്. ●

## നവവൈദികർക്ക് ആശംസകൾ



ഫാ. ഓസ്റ്റിൻ ജോൺ
തെക്കേതിൽ



ഫാ. സാമുവേൽ
വിളയിൽ



ഫാ. തോമസ്
തൈക്കാട്ട്



ഫാ. സെബാസ്റ്റ്യൻ
കുന്നുംപുറത്ത്



# പാപ്പാ ബോനോ

**1958** ഒക്ടോബർ 25. പത്തൊൻപതു വർഷം സഭയെ നയിച്ച പന്ത്രണ്ടാം പീയൂസ് പാപ്പായ്ക്കൊരു പിൻഗാമിയെ തേടുകയായിരുന്നു ലോകം. സിസ്റ്റെയിൻ ചാപ്പലിൽ വെളുത്ത പുകയുയരുന്നതും കാത്തിരിക്കുന്ന മാധ്യമസംഘം. ഒക്ടോബർ 28, വത്തിക്കാന്റെ ആകാശത്തേക്ക് ഉയരുന്ന വെളുത്ത പുക! പെട്ടെന്ന്, ക്യാമറകളുടെ ഫ്ളാഷുകൾ തുടരെത്തുടരെ മിന്നി. വെനീസിലെ പാത്രിയർക്കീസ് കർദ്ദിനാൾ ആഞ്ചലോ റോങ്കാള്ളി. പ്രായം 77 വയസ്സ്. പലരുടെയും നെറ്റി ചുളിഞ്ഞു; ചിലരുടെ മുഖത്ത് നിരാശ. പിറ്റേന്ന് പല പത്രങ്ങളുടെ തലക്കെട്ടുകൾപോലും പുതിയ പാപ്പായെ താഴ്ത്തിക്കെട്ടുന്നതായിരുന്നു.


അഞ്ഞൂറു വർഷങ്ങളായി പലർക്കും അപ്രിയമായിരുന്ന ഒരു പേരാണ് പുതിയ പാപ്പാ സ്വീകരിച്ചതും; ജോൺ. ചെറുപ്പം മുതലെ യോഹന്നാൻ എന്ന നാമധേയത്തോട് ആദരവു കലർന്ന അടുപ്പം പുലർത്തിയിരുന്നു ആഞ്ചലോ. ചരിത്രത്തിൽ ഇനിയെന്നാളും കുറിച്ചിടാൻ ദൈവം തന്നെ പ്രേരിപ്പിച്ചതുമാകാം. അങ്ങനെ, 1958 നവംബർ 23-ന് കർദ്ദിനാൾ ആഞ്ചലോ റോങ്കാള്ളി, ജോൺ 23-ാമൻ എന്ന പേര് സ്വീകരിച്ച് പാപ്പായായി.

1959 ജനുവരി 25. പുതിയ പാപ്പാ സ്ഥാനമേറ്റിട്ടു മൂന്നു മാസം തികയാൻ ദിവസങ്ങൾ ബാക്കി നിൽക്കെ പാപ്പായുടെ ആകസ്മികമായൊരു പ്രഖ്യാപനം: "സഭയുടെ വാതായനങ്ങൾ മലർക്കെ തുറന്നിടുക. രണ്ടാം വത്തിക്കാൻ കൗൺസിലിനു സജ്ജരാവുക." ലോകം ഈ വാർത്തയെ സ്വീകരിച്ചത് നിറഞ്ഞ മനസ്സോടെ... പുതിയൊരു യുഗപ്പിറവിയുടെ മണിനാദമായി പലരും ഈ പ്രഖ്യാപനത്തെ വാഴ്ത്തി.

സുചിന്തിതവും കാര്യക്ഷമവുമായ ഒരുക്കത്തിനുശേഷമാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന് 1962 ഒക്ടോബർ 11-ന് തുടക്കം കുറിച്ചത്. ഒന്നാം ഘട്ടം അതേ വർഷം ഡിസംബർ എട്ടിന് അവസാനിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ച് ആദ്യ സെഷൻ അവസാനിച്ചുകഴിഞ്ഞ്, 1963 ജൂൺ മൂന്നിന് ജോൺ പാപ്പ ദിവംഗതനായി. മരണത്തിനുശേഷമുള്ള തൊട്ടടുത്ത ദിനങ്ങളിൽതന്നെ ജോൺ പാപ്പായെ വിശുദ്ധനായി പ്രഖ്യാപിക്കണമെന്ന അഭ്യർത്ഥന സഭയുടെ ഉന്നതപദവികൾ വഹിക്കുന്നവർ മുന്നോട്ടുവച്ചു.

ജോൺ 23-ാമനെ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തുന്നതിന് കാരണമായ അത്ഭുതം സംഭവിച്ചത് 1964 -ലാണ്. കുടലിനെ ബാധിച്ച അൾസർ രോഗത്തിൽനിന്ന് സിസ്റ്റർ കാറ്ററീന കാപ്പിറ്റാനിക്ക് ലഭിച്ച അത്ഭുതസൗഖ്യമായിരുന്നു അത്. പീയൂസ് ഒമ്പതാം പാപ്പായ്ക്കൊപ്പം ജോൺ 23-ാമനെ 2000 സെപ്റ്റംബർ മൂന്നിനാണ് ജോൺ പോൾ രണ്ടാമൻ പാപ്പാ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ഉൾപ്പെടുത്തിയത്. 2012 -ൽ ബനഡിക്ട് പതിനാറാമൻ പാപ്പാ അദ്ദേഹത്തെ ധന്യപദവിയിലേക്കുയർത്തി.

ജോൺ 23-ാമന്റെ 50-ാം ചരമ വാർഷിക ദിനമായ ജൂൺ മൂന്നിന് കബറിടം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത ഫ്രാൻസിസ് പാപ്പാ, ജോൺ പാപ്പായുടെ രൂപതയായ ബെർഗോമയിൽ നിന്നെത്തിയ വിശ്വാസികളോട് സംസാരിച്ച് മാസങ്ങൾക്ക് ശേഷമാണ് ജോൺ പോൾ രണ്ടാമനൊപ്പം ജോൺ 23-നെയും വിശുദ്ധരുടെ നിരയിലേക്ക് ഉയർത്തുന്നത്. അങ്ങനെ 'പാപ്പ ബോനോ' എന്നറിയപ്പെടുന്ന ജോൺ 23-ാം മാർപാപ്പാ ഇനി മുതൽ 'സാന്ത പാപ്പാ ബോനോ' ആയി അറിയപ്പെടും. അടഞ്ഞു കിടന്ന വാതായനങ്ങൾ സർവ്വലോകത്തിനുമായി തുറന്നിട്ട് കത്തോലിക്കാ സഭയ്ക്ക് ഒരു പുത്തൻ ഉണർവ് സമ്മാനിച്ച്, ഈ ലോകത്തിൽനിന്നും കടന്നുപോയ ഈ 'ഗുഡ് പോപ്പ്' ഇനിയും ഒരു വിശുദ്ധ സൂര്യതേജസ്സായി കത്തോലിക്കാ സഭയുടെ ദൈവാലയങ്ങളിൽ പ്രശോഭിക്കട്ടെ.



# പ്രിയങ്കരനായ പാപ്പാ


ഇരുപത്തിയാറ് വർഷക്കാലം തിരുസഭയെ ചെതന്യത്തോടെ നയിച്ച ശ്രേഷ്ഠനായ അജപാലകൻ. നിറമുള്ളഓർമ്മകൾ വിശ്വാസികളുടെ ഹൃദയങ്ങളിൽ വിതറിയ പാപ്പ....... ഭാരതത്തിന്റെ പുണ്യഭൂമിയെ ചുംബിച്ച മഹാൻ..... അനേകം രാജ്യങ്ങളിലേക്ക് തീർത്ഥാടകനായ് ചെന്നിറങ്ങി വിശ്വാസത്തെ ഊതിക്കത്തിച്ചവൻ...... തിരുസഭയുടെ തെറ്റുകൾക്ക് ക്രിസ്തുവിന്റെ കുരിശിൽ പിടിച്ച് മാപ്പ് ചോദിച്ച വിശുദ്ധൻ....... ഇതൊക്കെയും ഇതിലൊക്കെ ഉപരിയുമായിരുന്നു വാഴ്ത്തപ്പെട്ട ജോൺ പോൾ II.

1920 മെയ് മാസം 18-ാം തീയതി വൊയ്റ്റിവാ ദമ്പതികളുടെ മൂന്നാമത്തെ കുട്ടിയായ് കരോൾ ജോസഫ് ജനിച്ചു...... പ്രസവസമയമായപ്പോൾ അമ്മ എലിമിയ പറഞ്ഞു. "ജനാലകളൊക്കെ തുറന്നിടുക. പള്ളിയിൽ നിന്നു ഉയരുന്ന മാതാവിന്റെ ഗീതങ്ങൾ എന്റെ കുഞ്ഞ് കേൾക്കട്ടെ. എന്റെ കുഞ്ഞ് ആദ്യം കേൾക്കുന്നത് മാതൃഗീതങ്ങളായിരിക്കണം." ജൂൺ 20-ാം തീയതി മാമോദിസ സ്വീകരിച്ചു. കരോൾ ജോസഫ് എന്ന മാമോദിസ പേരോടുകൂടി അറിയപ്പെട്ടിരുന്നെങ്കിലും ലോലക്ക് എന്നായിരുന്നു ഓമനപ്പേര്. ആനന്ദകരമായ കുടുംബം.... എന്നാൽ 45-ാം വയസിൽ അമ്മ എമിലിയ ഹൃദ്രോഗത്താൽ മരണപ്പെട്ടപ്പോൾ ആ ഭവനത്തിന്റെ തിരി അണഞ്ഞു..... കരോളിന് അപ്പോൾ വയസ് വെറും 9 മാത്രമായിരുന്നു.

പിന്നെ ആ കുടുംബത്തിന്റെ പ്രതീക്ഷകൾ എല്ലാം കരോളിലായിരുന്നു. 1938 ആഗസ്റ്റിൻ ജാഗല്ലോനിയൻ സർവ്വകലാശാലയിൽ ചേർന്നു. പഠനത്തിൽ സമർഥനായിരുന്ന കരോളിൻ പഠനത്തോടൊപ്പം അഭിനയത്തിലും അനുകമ്പയിലും ഒക്കെ പ്രശസ്തനായി മാറി. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭീകരതയുടെ നടുവിൽ പടപൊരുതിയ ജീവിതമായിരുന്നു കരോളിന്റേത്.... ജീവിതത്തിലെ ഏക പ്രതീക്ഷയായിരുന്ന അപ്പനും മരണത്തിലേക്ക് പോയപ്പോൾ അവൻ തനിച്ചായിപ്പോയി. എന്നാൽ എല്ലാവരേയും നഷ്ടപ്പെട്ടപ്പോൾ അവന്റെ കണ്ണുകൾ പരി. അമ്മയിൽ പതിഞ്ഞിരുന്നു. ആഗ്രഹിച്ച സ്നേഹവും പരിലാളനയും എല്ലാം അവൻ അവിടെ നിന്ന് സ്വന്തമാക്കി..... അപ്പന്റെ മരണശേഷം കരോൾ നാടക അഭിനയ രംഗങ്ങളിൽ നിന്നൊക്കെ പതിയെ പിൻവലിഞ്ഞു. കർത്താവിന്റെ കുരിശിനെ പിൻചെല്ലാൻ അവൻ ആഗ്രഹിച്ചു. അക്കാലത്ത് സെമിനാരിയിൽ വരുക അത്ര എളുപ്പം അല്ലായിരുന്നു. എങ്കിലും ആർച്ചു ബിഷപ്പ്, അധികൃതരുടെ അറിവോ സമ്മതമോ  കൂടാതെ രഹസ്യമായി കരോളിനെ സെമിനാരിയിൽ ചേർത്ത് പരിശീലനം നല്കി. പഠനത്തിൽ സമർഥനായിരുന്നു കരോൾ. സെമിനാരി ജീവിതത്തിന്റെ അന്ത്യത്തിൽ ആർച്ചു ബിഷപ്പിന്റെ സ്വകാര്യചാപ്പലിൽ വച്ച് തിരുപ്പട്ടം നല്കി. ആദ്യ ദിവ്യബലിയർപ്പണത്തിന് തന്റെ കൂടെ പാറമടയിൽ ജോലിചെയ്തവരും അഭിനയിച്ചവരും ഒക്കെ എത്തിയിരുന്നു.

കുറച്ച് നാളുകൾക്കു ശേഷം 1946 ൽ ഉപരിപഠനത്തിനായ് റോമിലേക്ക് അയയ്ക്കപ്പെട്ടു. വിജയകരമായി പഠനം പൂർത്തിയാക്കി വീണ്ടും ഇടവക ശുശ്രൂഷയിലേക്ക് ഇറങ്ങി. അദ്ധ്യാപകൻ എന്ന നിലയിലും വളരെ പ്രസക്തനായിരുന്നു ഫാ. വൊയ്റ്റിവ. 1958 ജൂലൈ 14ന് കോംകാവ് അതിരൂപതയുടെ സഹായമെത്രാനായി തിരഞ്ഞെടുക്കപ്പെട്ടു. സഭയുടെ ചരിത്ര സംഭവമായ രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ അദ്ദേഹം തന്റെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധനേടിയെടുത്തു. 1967 ജൂൺ 26-ാം തീയതി കർദിനാളായി ഉയർത്തപ്പെട്ടു......1978 ഒക്ടോബർ 16 ന് 264-മത്തെ മാർപാപ്പയായി അദ്ദേഹം ഉയർത്തപ്പെട്ടു.  പിന്നെ 26 വർഷക്കാലം സഭയുടെ ചൈതന്യത്തിന്റെ നാളുകളായിരുന്നു.....

ലോകം മുഴുവൻ സുവിശേഷമറിയിക്കാൻ പുറപ്പെട്ട ജോൺ പോൾ രണ്ടാമൻ സഭയുടെ പുതിയ പ്രവാചകനാകുന്ന കാഴ്ചയാണ് ലോകം കണ്ടത്. ഇറ്റലിക്ക് വെളിയിൽ നിന്ന് ആദ്യമായി ഒരാൾ മാർപാപ്പയായപ്പോൾ ലോകം വലിയ പ്രതീക്ഷയാണദ്ദേഹത്തിൽ വച്ചത്..... ആ പ്രതീക്ഷകൾ പൂവണിഞ്ഞു..... അദ്ദേഹത്തിന്റെ ജീവിതത്തിന്റെ മാതൃകകൾ സഭയ്ക്ക് വലിയ ശക്തിയായിരുന്നു. വിശുദ്ധ പദവിയിലേക്കുയർത്തപ്പെടുമ്പോൾ ഇനിയും ആ ജീവിതത്തിലൂടെ ദൈവം അത്ഭുതങ്ങൾ ചെയ്യട്ടെ.



# ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ തിരുവെഴുത്തുകൾ

ആദിമസഭയിൽ ശ്ലീഹന്മാർ സഭാസമൂഹങ്ങൾക്കും വ്യക്തികൾക്കും കത്തും ലേഖനവും എഴുതിയിരുന്നു. പഠിപ്പിക്കാനും തെറ്റുതിരുത്തുവാനും വിശ്വാസത്തിലുറച്ചു നിൽക്കാനും കൂട്ടായ്മ പരിപോഷിപ്പിക്കുവാനും ഇതിടയാക്കി. ശ്ലീഹന്മാരുടെ പിൻഗാമികളും സഭയുടെ പരമാധികാരിയുമായ മാർപാപ്പമാരും ഇതേ ദൗത്യം നൂറ്റാണ്ടുകളായി തുടരുന്നു. ചാക്രിക ലേഖനം, അപ്പസ്തോലിക പ്രബോധനം, ലേഖനങ്ങൾ, സന്ദേശങ്ങൾ തുടങ്ങിയവയിലൂടെ. ഇവയിൽ ഏറ്റവും ആധികാരികമായ പ്രബോധനം ചാക്രികലേഖനമാണ്.

ചാക്രികലേഖനത്തിന്റെ വാച്യാർത്ഥം 'എല്ലായിടത്തും ചെന്നെത്തുന്ന ലേഖനം' എന്നാണ്. ഇവയെ 'വിശ്വലേഖനമെന്നും സാർവ്വത്രിക ലേഖനമെന്നും വിളിക്കാറുണ്ട്. കാലഘട്ടത്തിന്റെ ആവശ്യങ്ങളോടു പ്രതികരിക്കാനുള്ള ഉത്തമ മാധ്യമമാണ് ചാക്രിക ലേഖനങ്ങൾ. സാധാരണമായി ലത്തീൻ ഭാഷയിലാണ് ഔദ്യോഗിക പ്രകാശനം. ലേഖനത്തിന്റെ ആരംഭത്തിലുള്ള മൂന്നോ നാലോ വാക്കുകളായിരിക്കും തലക്കെട്ടായി വരുന്നത്. ഇവയ്ക്ക് സാധാരണയായി ഒരു പൊതു ഘടനയുണ്ട്.

ചാക്രിക ലേഖനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ രേഖകളും വിശദമായി വിലയിരുത്തിയശേഷമാണ് പ്രസിദ്ധീകരിക്കാറുള്ളത്. ജോൺ പോൾ രണ്ടാമൻ പാപ്പയുടെ എല്ലാ രേഖകളും വിലയിരുത്തുന്നതിന് മുപ്പതുപേരടങ്ങുന്ന ടീമുണ്ടായിരുന്നു.

കൂടാതെ ഇതിനായിത്തന്നെ വത്തിക്കാനിലെ ഒരു ദൈവശാസ്ത്രജ്ഞനും വത്തിക്കാൻ വക്താവും തെരഞ്ഞെടുക്കപ്പെട്ട ഒന്നോ രണ്ടോ പ്രശസ്ത പത്രപ്രവർത്തകരുമുണ്ട്. ചിലതു പാപ്പാ സ്വയം എഴുതും. ചിലപ്പോൾ അതുമായി ബന്ധപ്പെട്ട കമ്മീഷനുകളായിരിക്കും രേഖ തയ്യാറാക്കുക.

പതിനാലു ചാക്രിക ലേഖനങ്ങൾ ജോൺ പോൾ പാപ്പാ പുറപ്പെടുവിച്ചു. പ്രബോധനപരവും (നാല്) സാമൂഹികവും (മൂന്ന്) അജപാലനവും (നാല്) ധാർമ്മികവും (മൂന്ന്) ആയി ഇവയെ തിരിക്കാം. ജോൺ പോൾ പാപ്പായുടെ ചാക്രിക ലേഖനങ്ങൾ ബൗദ്ധിക ആത്മീയ തീർത്ഥാടനാനുഭവങ്ങൾ പകരുന്നു. ഗൗരവമായ വായന ആവശ്യപ്പെടുന്നവയാണ് എല്ലാം. ഓരോ ചാക്രിക ലേഖനത്തിന്റെയും പൊതു പശ്ചാത്തലവും മുഖ്യചിന്തയും ഉള്ളടക്കവും സംക്ഷിപ്തമായി അവതരിപ്പിക്കാം.

### മനുഷ്യരക്ഷകൻ (Redemptor Hominis)

1979 മാർച്ച് 4

"ഞാൻ ഏറെക്കാലം കൂടെക്കൊണ്ടു നടന്നിരുന്ന വിഷയം ഓർമ്മയിൽ നിന്നും അനുഭവത്തിൽനിന്നും പകർത്തിയാൽ മാത്രം മതിയായിരുന്നു". സ്വന്തം കൈകൊണ്ടെഴുതിയ പ്രഥമ ചാക്രിക ലേഖനത്തെപ്പറ്റി പാപ്പാ പറഞ്ഞു.

"മിശിഹായാണ് മനുഷ്യരുടെയെല്ലാം രക്ഷകൻ. പ്രപഞ്ചത്തിന്റെയും ചരിത്രത്തിന്റെയും കേന്ദ്രം". ഇതാണ് ഈ ചാക്രിക ലേഖനത്തിന്റെ രത്നചുരുക്കം.

ആധുനിക മനുഷ്യൻ വളരെയധികം ആകുലതയിലാണ്. ഒരുതരം സ്വയം നശീകരണത്തിന്റെ പാതയിൽ. മനുഷ്യൻ കേവലം ഭൗതികജീവി എന്നതിനേക്കാൾ ആത്മീയനും ധാർമ്മികനുമാണ്. അതു

കൊണ്ട്, ആത്മാവിനെ അപകടത്തിലാക്കുന്ന ഇത്തരം നശീകരണ പ്രവണതകളെ അവൻ ഇല്ലായ്മ ചെയ്യണം. ഇതു സാധിക്കുന്നത് മനുഷ്യകുലത്തിന്റെ രക്ഷകനായ മിശിഹാ വഴിയാണ്. മിശിഹായുടെ മനുഷ്യാവതാരത്തിലൂടെ ദൈവം തന്റെ മുഖം മനുഷ്യർക്കുനേരെ തിരിച്ചു കഴിഞ്ഞു. മനുഷ്യൻ മുഖം കാണിക്കയേ വേണ്ടൂ.

ശുശ്രൂഷയുടെ ആറാം മാസത്തിൽ പുറപ്പെടുവിച്ച പ്രഥമ തിരുവെഴുത്തിൽ ഹൃദയത്തോടു ചേർത്തുപിടിച്ച രണ്ടു ചിന്തകളായി 'മനുഷ്യനും' 'രക്ഷകനും' നിലകൊള്ളുന്നു. പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന മനുഷ്യസംസ്കാരത്തിനും ചരിത്രത്തിനും മിശിഹായാണ് ഏക രക്ഷകൻ എന്ന് ആരംഭം മുതൽ അവസാനം വരെയുള്ള പേജുകളിലൂടെ വെളിപ്പെടുത്തുന്നു.

### **കരുണാസമ്പന്നൻ** (Dives in Misericordia)

1980 നവംബർ 30

ഈശോയുടെ രക്ഷാകരദൗത്യത്തിലൂടെ വെളിപ്പെടുന്നത് പിതാവിന്റെ കരുണ തുളുമ്പുന്ന സ്നേഹമാണ്. നമ്മിലുള്ള പാപത്തെയും മരണത്തെയും അതിജീവിക്കാനാകുന്നത് ഈ കാരുണ്യമന്ത്രം കൊണ്ടാണ്. സഭയ്ക്കും ലോകത്തിനും ഈ കാരുണ്യ സ്പർശമാണ് വേണ്ടത്. കാരുണ്യത്തിന്റെ ഉറവിടം ദൈവം. പിതൃകാരുണ്യത്തിലേക്ക് നമ്മെ നയിക്കുന്നത് പുത്രൻ. കാരുണ്യത്തെ സജീവമാക്കുന്നവൻ പരിശുദ്ധാത്മാവ്. ഇതാണ് എട്ട് അദ്ധ്യായങ്ങളിലുള്ള സന്ദേശം.

### **തൊഴിലിന്റെ മാഹാത്മ്യം** (Labour Exercens)

1981 സെപ്റ്റംബർ 14

പാപ്പായുടെ പ്രഥമ സാമൂഹിക പ്രബോധനം. ലെയോ 13-ാം പാപ്പായുടെ റേരും നൊവാരും (1891) എന്ന ചാക്രിക ലേഖനത്തിന്റെ 90-ാം വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ചു. തൊഴിലാളിയായി നാലുകൊല്ലം ജീവിച്ച പാപ്പായുടെ വ്യക്തിസ്മരണകൾ ഇതിലെ സവിശേഷതയാണ്.



### **സ്ലാവുജനതയുടെ അപ്പസ്തോലന്മാർ** (Slavorum Apostli)

1985 ജൂൺ 2

പാപ്പാ എഴുതിയിട്ടുള്ളതിൽ ഏറ്റവും ചെറുതാണിത്. ഉപവിഭാഗങ്ങളൊന്നുമില്ലാതെ എട്ട് അദ്ധ്യായങ്ങൾ മാത്രം.

വിശുദ്ധ സിറിലും മെതോജിയൂസും സ്ലോവേക്യയിൽ സുവിശേഷമറിയിച്ചിട്ട് 11 നൂറ്റാണ്ടുകൾ പൂർത്തിയായതിന്റെ ഓർമ്മയ്ക്കാണിത് വിരചിതമായത്. യൂറോപ്പിന്റെ ആദ്ധ്യാത്മിക സാംസ്കാരിക രൂപകീരണത്തിനുള്ള ഇവരുടെ പങ്ക് സ്ലാവുരാജ്യത്തുനിന്നുള്ള പാപ്പാ നന്ദിയോടെ സ്മരിക്കുന്നു. എല്ലാ ജനവിഭാഗങ്ങളിലും സുവിശേഷമെത്തിക്കേണ്ടതിന്റെ ആവശ്യകതയും കിഴക്കുപടിഞ്ഞാറൻ രാജ്യങ്ങളിലെ സഭകൾ തമ്മിലുള്ള കൂട്ടായ്മയും പ്രാധാന്യവും ഊന്നിപ്പറയുന്നു.

### **കർത്താവും ജീവദാതാവും** (Dominum et Vivificantem)

1986 മെയ് 18

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഈ തിരുവെഴുത്ത് പുത്രനെയും പിതാവിനെയും കുറിച്ചുള്ള ആദ്യത്തെ രണ്ടു ലേഖനങ്ങളുടെ തുടർച്ചയാണ്. പരിശുദ്ധാത്മാവിനെപ്പറ്റി ഇതേവരെ എഴുതപ്പെട്ടിട്ടുള്ള പ്രബോധനങ്ങളിൽ ഏറ്റം വലുതാണിത്. ധ്യാനാത്മകമാണ് ഇതിലെ ശൈലി. 80 ശതമാനം ഉദ്ധരണികളും ബൈബിളിൽനിന്നാണ്. പ്രത്യേകിച്ച് യോഹന്നാന്റെ സുവിശേഷത്തിലെ 14 മുതൽ 17 വരെ അദ്ധ്യായങ്ങളിൽ നിന്ന് പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള സഭയുടെ മുഴുവൻ ദർശനവും ഇതിലില്ല. ആത്മാവിന്റെ ഉറവിടത്തെപ്പറ്റിയൊക്കെ ചുരുക്കമായേ പ്രതിപാദിച്ചിട്ടുള്ളൂ.

### **രക്ഷകന്റെ അമ്മ** (Redemptoris Mater)

1987 മാർച്ച് 25

വളരെക്കാലമായി ചിന്തിക്കുകയും ഹൃദയത്തോടു ചേർത്തുപിടിക്കുകയും ചെയ്ത വിഷയം എന്നാണ് പാപ്പാ ഇതിനെ വിശേഷിപ്പിച്ചത്. പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും കുറിച്ച് ധ്യാനിച്ചശേഷം മാതാവിലേക്കു തിരിയുന്നതിലൂടെ ദൈവശാസ്ത്രചിന്ത ചിട്ടയായി അവതരിപ്പിക്കാനുള്ള ശ്രമം കാണാം. 'മറിയം ക്രിസ്തുരഹസ്യത്തിൽ', 'തീർത്ഥാടക സഭയുടെ കേന്ദ്രസ്ഥാനത്തു നിൽക്കുന്ന ദൈവമാതാവ്', 'രക്ഷാകര ചരിത്രത്തിലുള്ള മാതാവിന്റെ നിരന്തരപങ്ക്' എന്നിങ്ങനെ മൂന്ന് അദ്ധ്യായങ്ങളുണ്ട്. മറിയത്തിന്റെ വിശ്വാസവും ശിഷ്യത്വവും സഭയിലെ നിതാന്ത സാന്നിദ്ധ്യവും രക്ഷാചരിത്രത്തിലുള്ള അവളുടെ പങ്ക് എടുത്തുകാട്ടുന്നു.

### **സാമൂഹികൗത്സുക്യം** (Sollicitudo Rel Scialis)

1987 ഡിസംബർ 30

പാപ്പായുടെ രണ്ടാമത്തെ സാമൂഹിക പ്രബോധനം. പോൾ ആറാമൻ പാപ്പായുടെ 'ജനതകളുടെ

പുരോഗതി' (1967) യുടെ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് ഇത് പ്രസിദ്ധീകരിച്ചു.

**രക്ഷകന്റെ ദൗത്യം** (Redemptoris Missio)

1990 ഡിസംബർ 7

മിഷൻ പ്രവർത്തനത്തെപ്പറ്റിയുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രേഖ പ്രകാശിതമായതിന്റെ രജത ജൂബിലി സ്മാരകം.

പ്രേഷിത ദൗത്യം കൂടുതൽ തീക്ഷ്ണതയോടെ നിർവ്വഹിക്കാനുള്ള ആഹ്വാനം ഇതിലുണ്ട്.

**നൂറാം വർഷം** (Centissimus Annus)

1991 മെയ് 1

പാപ്പായുടെ മൂന്നാമത്തെ സാമൂഹിക പ്രബോധനം. ലെയോ 13-ാം പാപ്പായുടെ റേരും നൊവാരും (1891) എന്ന സാമൂഹിക പ്രബോധനത്തിന്റെ ശതാബ്ദി സ്മാരകം.

രണ്ടാമത്തെ സാമൂഹിക പ്രബോധനം പ്രസിദ്ധീകരിച്ച് നാലുകൊല്ലം കഴിഞ്ഞാണ് ഇത് പുറപ്പെടുവിച്ചത്. ഇതിനിടയിൽ നടന്ന വലിയൊരു ചരിത്ര സംഭവമായിരുന്നു 1989-ലെ കമ്മ്യൂണിസത്തിന്റെ തകർച്ച. ഇതും രചനയ്ക്ക് പിന്നിലെ പശ്ചാത്തലമാണ്.

**സത്യത്തിന്റെ പ്രഭ** (Veritatis Splendon)

1993 ആഗസ്റ്റ് 6

സമൂഹം സത്യത്തെക്കുറിച്ചുള്ള സംഘർഷത്തിലാണ്. ഇത് ധാർമ്മികതയെയും സഭാ കൂട്ടായ്മയെയും സാരമായി ബാധിക്കും. നീതിയിലും സാഹോദര്യത്തിലും അധിഷ്ഠിതമായ സമൂഹജീവിതത്തെ തകർക്കും. അതുകൊണ്ട് ''സത്യം നിങ്ങളെ സ്വതന്ത്രരാക്കും'' (യോഹന്നാൻ 8:32) എന്ന ഗുരുവചനം പ്രസക്തമാണ്. ആധുനിക കാലഘട്ടം വിസ്മരിച്ചുപോകുന്ന ചില ധാർമ്മിക സത്യങ്ങളിലേക്ക് വിരൽചൂണ്ടുകയാണ് പാപ്പാ. ഈ സത്യത്തിന്റെ അടിസ്ഥാനം മിശിഹായാണ്.

**ജീവന്റെ സുവിശേഷം** (Evangelium Vitae)

1995 മാർച്ച് 25

“ജീവന്റെ സുവിശേഷം മിശിഹായുടെ സന്ദേശത്തിന്റെ മർമ്മമാണ്” എന്നു പറഞ്ഞുകൊണ്ടാണ് പ്രബോധനം ആരംഭിക്കുന്നത്. തിരുസുതനു പിറവിയേകാൻ സമ്മതം മൂളുന്ന മറിയത്തിന്റെ മംഗളവാർത്ത തിരുന്നാളിലാണ് ഇതു പ്രസിദ്ധീകരിച്ചത്.

“ജീവൻ” എന്നതു വലിയൊരു മംഗളവാർത്തയാണ്. അതിനെ ആദരിക്കാനും സ്വീകരിക്കാനും സംരക്ഷിക്കാനും നമുക്ക് കടമയുണ്ട്.

**അവരെല്ലാം ഒന്നാകാൻ** (Ut Unum Sint)

1995 മെയ് 25

സഭകളുടെ കൂട്ടായ്മയാണ് ഇതിലെ പ്രതിപാദ്യവിഷയം. വത്തിക്കാൻ കൗൺസിലിനുശേഷമുണ്ടായ സഭൈക്യശ്രമങ്ങളും പരസ്പരസഹവർത്തിത്വവും ശ്ലാഘനീയമാണ്. എന്നാൽ മഹാജൂബിലിക്ക് മുമ്പ് എല്ലാ ക്രിസ്ത്യാനികളുടെയും സമ്പൂർണ്ണ കൂട്ടായ്മ കൂടി സംജാതമാകേണ്ടിയിരിക്കുന്നു. ‘ശിഷ്യന്മാരെല്ലാവരും ഒന്നാകണമേ’ എന്നു പ്രാർത്ഥിച്ചവന്റെ അനുഗാമികൾ ഭിന്നിച്ചു കഴിയുന്നത് വേദനാജനകവും വൈരുദ്ധ്യാത്മകവുമാണ്. സഭകളുടെ ഭിന്നതകൾ പരിഹരിക്കാനുള്ള താല്പര്യം പരിശുദ്ധ പിതാവ് എടുത്തു കാട്ടുന്നു.

**വിശ്വാസവും യുക്തിയും** (Fideset Ratio)

1998 സെപ്റ്റംബർ 14

വിശ്വാസത്തോട് യുക്തി കൂടിച്ചേരുമ്പോൾ നൂറുമേനി വിളവുണ്ടാകും. തത്വചിന്തയും ദൈവശാസ്ത്രവും സമന്വയിപ്പിക്കാനാകണം. സത്യത്തിന്റെ സംഘർഷം ബൗദ്ധിക പ്രശ്നത്തോടൊപ്പം അജപാലന പ്രശ്നം കൂടിയാണ്. അതുകൊണ്ട് ഒരുവൻ തന്നെതന്നെ അറിയുകയും സത്യം കണ്ടെത്തുകയും വേണം.

**വിശുദ്ധ കുർബാനയുടെ സഭ**
(Ecclesia De Eucharistia)

2003 ഏപ്രിൽ 17

മാർപാപ്പ എല്ലാ പെസഹാ വ്യാഴാഴ്ചയും വൈദികർക്കു കത്തെഴുതും. ജോൺ പോൾ, പാപ്പാ സ്ഥാനത്തിന്റെ രജത ജൂബിലി വർഷമായ 2003-ൽ എഴുതിയ കത്താണ് ‘പൗരോഹിത്യം എന്ന ദാനവും ദാനരഹസ്യവും’. പാപ്പായ്ക്കു സമ്മാനിച്ച ദിവ്യകാരുണ്യ ഈശോയോടുള്ള നന്ദിയാണ് ഇതിൽ പ്രകാശിതമാകുന്നത്. ●

*കടപ്പാട്: സണ്ഡേ ശാലോം*



ഉദ്ദിഷ്ട കാര്യത്തിന്
ഉപകാര സ്മരണ

ഷിബു ജോൺ &
ഫാമിലി




ഉപകാര സ്മരണ

ഒരു വിശ്വാസി, നെല്ലാട്

# ഗർഭാവസ്ഥയിലെ രക്താതിസമ്മർദ്ദം






**ഡോ. റേച്ചൽ മാത്യു M.S., Asst. Professor**
ഒബ്റ്റെട്രിക്സ് & ഗൈനക്കോളജി വിഭാഗം
പുഷ്പഗിരി മെഡിക്കൽകോളജ്, തിരുവല്ല

നമ്മുടെ രാജ്യത്തെ ഒരു പ്രധാന പ്രശ്നമാണ് ഗർഭാവസ്ഥയിലെ രക്താതിസമ്മർദ്ദം. പത്ത് ശതമാനത്തോളം ഗർഭിണികളിൽ ഈ അവസ്ഥ കാണുന്നുണ്ട്. ഇത് ഇന്ത്യയിലെ പ്രസവത്തോടനുബന്ധിച്ചുള്ള മാതൃമരണങ്ങളുടെ പ്രധാനപ്പെട്ട രണ്ടാമത്തെ കാരണമായി കരുതപ്പെടുന്നു. രക്തസ്രാവമാണ് ആദ്യ കാരണം.

## ഏതെല്ലാം തരത്തിലുള്ള രക്തസമ്മർദ്ദങ്ങളാണ് ഗർഭാവസ്ഥയിൽ ഉണ്ടാകുന്നത്?

1. ജെസ്റ്റേഷണൽ ഹൈപ്പർറ്റെൻഷൻ

   രക്തസമ്മർദ്ദം 140/90 mm-ന്റെ മുകളിൽ നാലുമണിക്കൂർ ഇടവിട്ട് രണ്ടു പ്രാവശ്യം രേഖപ്പെടുന്നത്. ഗർഭം 20 ആഴ്ച പിന്നിടുമ്പോൾ തുടങ്ങി പ്രസവശേഷം 12 ആഴ്ചയ്ക്കകം സാധാരണഗതിയിൽ ആകും.



2. പ്രിഎക്ലാംപ്സിയ

   ജെസ്റ്റേഷണൽ ഹൈപ്പർറ്റെൻഷന്റെ കൂടെ മൂത്രത്തിൽ ആൽബുമിൻ എന്ന പ്രോട്ടീൻ കാണപ്പെടുന്ന അവസ്ഥ. ഇത് ചിലപ്പോൾ അല്പം ഗുരുതരമായ അവസ്ഥയായേക്കാം. ശ്രദ്ധാപൂർവ്വമായ പരിചരണവും ഔഷധങ്ങളും വഴി നിയന്ത്രിച്ചില്ലെങ്കിൽ വൃക്ക, കരൾ, ഹൃദയം, രക്തക്കുഴലുകൾ, രക്താണുക്കൾ മുതലായവയെ ബാധിച്ച് മാരകമായ അവസ്ഥയിലെത്തും.

3. എക്ലാംപ്സിയ

   പ്രിഎക്ലാംപ്സിയ ഉള്ളവരിൽ അപസ്മാരം ഉണ്ടാകുന്ന അവസ്ഥ.

4. ക്രോണിക് ഹൈപ്പർറ്റെൻഷൻ

   ഗർഭിണിയാകുന്നതിന് മുമ്പോ ഗർഭാവസ്ഥ 20 ആഴ്ച ആകുന്നതിന് മുമ്പോ ആണ് ഹൈപ്പർറ്റെൻഷൻ കാണുന്നത്. പ്രസവശേഷം 12 ആഴ്ചശേഷവും ഇത് നിലനിൽക്കും.

## ഏതുതരം ആൾക്കാരിലാണ് കൂടുതലായി കാണുന്നത്?

1. ആദ്യമായി ഗർഭിണികളാകുന്നവരിൽ.
2. പ്രായം 18 -നു താഴെയും 35 -നു മുകളിലും ഉള്ളവരിൽ.
3. പോഷകാഹാരക്കുറവുള്ളവരിൽ.
4. ഇരട്ടകുട്ടികളോ അതിൽ കൂടുതൽ കുട്ടികളോ ഗർഭത്തിലുള്ളവർ
5. അമ്മമാർക്ക് താഴെപ്പറയുന്ന അസുഖങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ:

   പ്രമേഹം, വൃക്കയുടെ അസുഖം, ക്രോണിക് ഹൈപ്പർറ്റെൻഷൻ, അമിതവണ്ണം, S...E, Apla syndrome

## എന്തൊക്കെയാണ് രോഗലക്ഷണങ്ങൾ?

ആദ്യഘട്ടങ്ങളിൽ സാധാരണ പരിശോധനയിൽ ഉയർന്ന രക്തസമ്മർദ്ദം രേഖപ്പെടുത്തുമ്പോഴാണ് PIH കണ്ടുപിടിക്കുന്നത്. ബി.പി. വളരെയധികം കൂടിയാൽ ചിലരിൽ ദേഹമാസകലം നീര്, തലവേദന, കണ്ണിൽ ഇരുട്ടു കയറുക, നെഞ്ചെരിച്ചിൽ, ഓക്കാനം, ഛർദ്ദി തുടങ്ങിയവ ഉണ്ടാകാറുണ്ട്.

**(തുടരും)**

# ഭാരത
# വിശുദ്ധ



ഭാരത കത്തോലിക്കാ സഭാംഗങ്ങൾക്ക് ആഹ്ലാദം പകർന്ന് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനും വാഴ്ത്തപ്പെട്ട എവുപ്രാസ്യാമ്മയും വിശുദ്ധരുടെ നിരയിലേക്ക് ഉയർത്തപ്പെടാൻ പോകുകയാണ്. വിശുദ്ധ പദവി നൽകുന്നതിന് മുന്നോടിയായി ഇവരുടെ മദ്ധ്യസ്ഥതയിലുണ്ടായ അത്ഭുതം അംഗീകരിച്ച ഡിക്രിയിൽ ഫ്രാൻസിസ് മാർ പാപ്പ, ഒപ്പുവച്ചതോടെ ഇരുവരും വിശുദ്ധ പദവിലേക്ക് ഉയർത്തപ്പെടുന്നതിന്റെ അവസാന നടപടിക്രമവും പൂർത്തിയായി. അൽഫോൻസാമ്മയ്ക്ക് ശേഷം ഭാരതസഭയ്ക്ക് ലഭിക്കുന്ന വിശുദ്ധരാണ് ചാവറയച്ചനും എവുപ്രാസ്യാമ്മയും.

കേരളത്തിന്റെ സാമൂഹ്യ വിദ്യാഭ്യാസ സാമ്പത്തിക ആധ്യാത്മികമേഖലകളെ സമൂലം സ്വാധീനിച്ച വ്യക്തിയാണ് ചാവറയച്ചൻ. കൈനകരിയിലെ ചാവറ കുടുംബത്തിലെ കുര്യാക്കോസ്-മറിയം ദമ്പതികളുടെ ആറാമത്തെ സന്താനമായി 1805 ഫെബ്രുവരി 10ന് ജനനം. 1831 മെയ് 11 ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസസഭ (സി.എം.ഐ) പാലയ്ക്കൽ തോമസ് മല്പാനോടും പോരൂക്കര തോമസ് മല്പാനോടുമൊപ്പം സ്ഥാപിച്ചു. 1846 മാന്നാനത്ത് അച്ചടിശാലയും പ്രസിദ്ധീകരണ കേന്ദ്രവും സ്ഥാപിച്ചു. നസ്രാണി ദീപിക എന്ന പേരിൽ പ്രതിവാരമായും ദീപിക എന്ന പേരിൽ പ്രതിദിനമായും മലയാളത്തിലെ ആദ്യ ദിനപത്രം പ്രസിദ്ധീകരിക്കപ്പെട്ടു. 1866 ഫെബ്രുവരി 13ന് നിഷ്പാദുക കർമ്മലീത്ത മൂന്നാംസഭ എന്ന പേരിൽ ആദ്യ തദ്ദേശീയ സന്യാസിനീസമൂഹം ലെയോപ്പോൾഡ് മിഷനറിയുടെ സഹായത്തോടെ സ്ഥാപിച്ചു. 1869 ൽ രോഗികൾക്കും വൃദ്ധർക്കും മരണാസന്നർക്കുമായി ആദ്യ ക്രൈസ്തവ അഗതിമന്ദിരങ്ങൾ ഉപവിശാലയും വിശുദ്ധ യൗസേപ്പിതാവിന്റെ നന്മരണസഖ്യവും കൈനകരിയിൽ ആരംഭിച്ചു. 1871 ജനുവരി മൂന്നിനാണ് ദിവംഗതനാകുന്നത്. കൂനമ്മാവിൽ വിശുദ്ധ ഫിലോമിനയുടെ ആശ്രമത്തിലായിരുന്നു സംസ്ക്കാരം. 1889 മെയ് 24ന് പൂജ്യാവശിഷ്ടങ്ങൾ മാന്നാനം ആശ്രമ ദേവാലയത്തിൽ പ്രതിഷ്ഠിച്ചു.1984 ഏപ്രിൽ ഏഴിന് റോമിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ ധന്യനായി പ്രഖ്യാപിച്ചു. 1986 ഫെബ്രുവരി 8ന് കോട്ടയത്തു ജോൺ പോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. പാലായിലെ കൊട്ടാരത്തിൽ ജോസ്-മേരിക്കുട്ടി ദമ്പതികളുടെ മകൾ മരിയയുടെ കണ്ണുകൾ സൗഖ്യമായതാണ് ചാവറയച്ചന്റെ വിശുദ്ധ പദവിയിലേക്കുള്ള നടത്തിപ്പിന് നിദാനം.

ഭൗതികതയും ആധ്യാത്മികതയും കൂടി മനോഹരമായി സമന്വയിപ്പിച്ച് വിശുദ്ധനായും



# സഭയുടെ പുഷ്പങ്ങൾ



കർമയോഗിയായും ജീവിച്ചു എന്നതാണ് ചാവറയച്ചന്റെ പ്രത്യേകത. അദ്ദേഹത്തിന്റെ ജീവിതത്തെ മൂന്ന് പ്രധാന മേഖലകളായി തിരിച്ച് മനസിലാക്കാനും വിലയിരുത്താനും കഴിയും. ഒന്ന്, അദ്ദേഹത്തിന്റെ വ്യക്തിപരമായ ആത്മീയ ജീവിതം. രണ്ട്, അദ്ദേഹം കേരളസഭയ്ക്ക് ചെയ്ത സേവനങ്ങൾ. മൂന്ന്, അദ്ദേഹം കേരളസമൂഹത്തിന്റെ നവോത്ഥനത്തിന് ചെയ്ത സേവനങ്ങൾ. അദ്ദേഹത്തിന്റെ വ്യക്തിപരമായ ആധ്യാത്മീകത മനസിലാക്കാൻ അദ്ദേഹം പറഞ്ഞ രണ്ട് വാചകങ്ങൾ മതി. മരണക്കിടക്കയിൽ വച്ച് അദ്ദേഹം പറഞ്ഞു: മാമോദിസായിൽ കിട്ടിയ വരപ്രസാദം ഞാൻ ഒരിക്കലും നഷ്ടപ്പെടുത്തിയിട്ടില്ല. ഈ പ്രസ്താവന അദ്ദേഹത്തിന്റെ ജീവിത വിശുദ്ധികാണിക്കുന്നു. മരണക്കിടക്കയിൽ വച്ച് ഇത്തരം പ്രസ്താവന നടത്താൻ കഴിയുന്ന എത്ര പേർ ഉണ്ടന്ന് ആലോചിക്കുമ്പോഴാണ് അദ്ദേഹം എത്ര ഉന്നതനാണെന്ന് മനസിലാകുന്നത്. അദ്ദേഹം പറഞ്ഞ രണ്ടാം വാചകം ഇതാണ്: അന്യന് നന്മ ചെയ്യാത്ത ദിവസം നിന്റെ ആയുസിന്റെ ദിവസങ്ങളുടെ കണക്കിൽ ദൈവം ചേർക്കുകയില്ല. ഈ വാചകം ചാവറയച്ചന്റെ സാമൂഹ്യ-പരോപകാര പ്രവൃത്തികളുടെ ആഴം വ്യക്തമാക്കുന്നു. ചുരുക്കത്തിൽ, എല്ലാത്തിനും ഉപരിയായി ദൈവത്തെ സ്നേഹിക്കുക; തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന ദൈവകൽപന അതിന്റെ പൂർണതയിൽ നിറവേറ്റിയ വ്യക്തിയാണ് ചാവറയച്ചൻ.



കേരളത്തിലെ കത്തോലിക്കാ പള്ളികളിൽ ആദ്യമായി ഞായറാഴ്ചപ്രസംഗം ആരംഭിച്ചതും വൈദികർക്കും അല്മായന്മാർക്കുമുള്ള വാർഷികധ്യാനങ്ങൾ ആരംഭിച്ചതും ചാവറയച്ചനാണ്. കേരളത്തിന്റെ നവോത്ഥാനത്തിന് ചാവറയച്ചൻ ചെയ്ത സംഭാവന വളരെ വലുതും നിലനിൽക്കുന്നതും നിലനിൽക്കുന്ന ഫലം ഉണ്ടാകുന്നതുമാണ്. വിദ്യാഭ്യാസം, സ്ത്രീ വിദ്യാഭ്യാസം, പിന്നോക്ക സമുദായങ്ങളുടെ വിദ്യാഭ്യാസം, ആതുരസേവനം, അഗതിപരിപാലനം, മാധ്യമസേവനം തുടങ്ങിയവയാണ് പ്രധാനപ്പെട്ടത്. സ്വയം വിശുദ്ധനായി ജീവിച്ചയാളാണ് ചാവറയച്ചൻ. ഈ സന്യസവൈദികനാണ് കേരളസഭയെ പ്രതിസന്ധയിൽ താങ്ങിനിർത്തിയതും നവീകരിച്ചതും. അദ്ദേഹം തുടങ്ങിവച്ച വിദ്യാഭ്യാസ-മാധ്യമ-ആതുര ശുശ്രൂഷകളാണ് കേരളത്തിൽ പടർന്നു പന്തലിച്ചത്. സ്വന്തം ആത്മീയതയും മറ്റുള്ളവരുടെ ആത്മീയതയും സാമൂഹ്യ-നവോത്ഥാന പ്രവർത്തനങ്ങളും മനോഹരമായി സമന്വയിപ്പിച്ച് അദ്ദേഹം ജീവിച്ചു. വിശുദ്ധനായി അദ്ദേഹം മരിച്ചു.

1877 ഒക്ടോബർ 17 ന് തൃശൂർ ജില്ലയിലെ കാട്ടൂരിലാണ് റോസ ഇലവുത്തിങ്കൽ എന്ന എവുപ്രാസ്യമ്മയുടെ ജനനം. 1888ൽ സി.എം.സി സന്യാസിനീ സഭയിൽ വരുകയും 1900-ൽ നിത്യവ്രതാർപ്പണം ചെയ്യു

*(ശേഷം പേജ് 27)*



# വിശുദ്ധരാകേണ്ട കുഞ്ഞുങ്ങൾ



**ഫാ. ജോസ് തൈപ്പറമ്പിൽ**
ഡയറക്ടർ,
ഫാമിലി അപ്പസ്തോലേറ്റ്
തിരുവല്ല അതിരൂപത

ഓരോ കുഞ്ഞും ദൈവം മെനഞ്ഞെടുത്ത വിസ്മയങ്ങളാണ്. 139-ാം സങ്കീർത്തനത്തിൽ നാം വായിക്കുന്നു, "അവിടുന്നാണ് എന്റെ അന്തരംഗത്തിന് രൂപം നൽകിയത്, എന്റെ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു, ഞാൻ അങ്ങയെ സ്തുതിക്കുന്നു. എന്തെന്നാൽ അങ്ങെന്നെ വിസ്മയനീയമായി സൃഷ്ടിച്ചു. ഞാൻ നിഗൂഢതയിൽ ഉരുവാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽവച്ച് സൂക്ഷ്മതയോടെ സൃഷ്ടിക്കപ്പെടുകയും ചെയ്തപ്പോൾ എന്റെ രൂപം അങ്ങേയ്ക്ക് അജ്ഞാതമായിരുന്നില്ല. എനിക്ക് രൂപം നൽകുന്നതിന് മുമ്പ് അവിടുത്തെ കണ്ണുകൾ എന്നെ കണ്ടു."

ദൈവം ഇപ്രകാരം കുഞ്ഞുങ്ങളെ മെനഞ്ഞെടുത്ത് വിസ്മയ സമ്മാനങ്ങളാക്കി അപ്പനെയും അമ്മയെയും ഏല്പിക്കുകയാണ്. വിശുദ്ധിയുടെ ഈ മുത്തുകളെ തിരികെ ഉടമസ്ഥന് നൽകുവാൻ കഴിയണം, ഉടയാതെ, മുറിയാതെ, പോറലേൽപ്പിക്കാതെ. കാരണം ദൈവത്തിന് ഇവർ വിശുദ്ധിയുടെ പവിഴമുത്തുകളാണ്. അതുകൊണ്ട് ഓരോരുത്തരും ശ്രദ്ധയോടെ പിറവിയെടുക്കപ്പെടണം എന്ന് ദൈവം ആഗ്രഹിക്കുന്നു.

സമയം മുതലാണ് വി. ഗ്രന്ഥത്തിൽ ഇതനുദാഹരണം കാണാം. സാംസണെ ഗർഭം ധരിക്കുന്നതിനു മുമ്പ് ദൈവദൂതൻ പറയുന്നു, "നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, നീ സൂക്ഷിക്കണം, വീഞ്ഞോ വീര്യമുള്ള ലഹരിപദാർത്ഥങ്ങളോ കുടിക്കരുത്, അശുദ്ധമായതൊന്നും ഭക്ഷിക്കരുത്" (നിയമാ. 13:13). കുഞ്ഞ് ഗർഭത്തിലുരുവാകുന്ന നിമിഷം മുതൽ മനുഷ്യവ്യക്തിയാണെന്നും അതിനും മുമ്പേ കുഞ്ഞിന്റെ വിശുദ്ധിയിലേക്കുള്ള വളർച്ചയ്ക്കായി അപ്പനും അമ്മയും തീവ്രമായി ഒരുങ്ങണമെന്നും ഇത് നമ്മെ പഠിപ്പിക്കുന്നു.

ദൈവം അമ്മയുടെ ഉദരത്തിൽ നൽകുന്ന കുരുന്നു ജീവന് അതിന്റെ ഗർഭാവസ്ഥയിലും പിന്നീടുള്ള ഘട്ടങ്ങളിലും ശാരീരികവും മാനസികവും ആത്മീയവുമായ വളർച്ചയ്ക്ക് സഹായകരമായ പോഷണങ്ങൾ നൽകി വളർത്തുക എന്നത് മാതാപിതാക്കന്മാരുടെ കടമയാണ്. ഇതിലേറിയ പങ്കും നിർവഹിക്കേണ്ടത് അമ്മയാണ്. കാരണം ഗർഭാവസ്ഥയിൽ കുഞ്ഞിനോട് ഏറ്റവും കൂടുതൽ സമീപസ്ഥയായിരിക്കുന്നത് അമ്മയാണ്. അമ്മയുടെ ശാരീരികവും മാനസികവുമായ ഓരോ പ്രവർത്തനങ്ങളും കുഞ്ഞിനെ ബാധിക്കും. കുഞ്ഞ് ഉദരത്തിൽ രൂപപ്പെടുന്നതിനു മുമ്പേ, കുഞ്ഞിനെ ആഗ്രഹിച്ചു പ്രാർത്ഥിക്കാനുള്ള കടമ അപ്പനും അമ്മയ്ക്കുമുണ്ട്. ഈ സമയങ്ങളിൽ പ്രാർത്ഥനയിലും സത്ചിന്തകളിലും മുഴുകുന്നത് കുഞ്ഞിന് വിശുദ്ധിയുടെ അഭിഷേകം ലഭിക്കാനിടയാക്കും. മാതാപിതാക്കൾ വി.

കുർബ്ബാന സ്വീകരിച്ച് കുഞ്ഞിനായി പ്രാർത്ഥിക്കണം. അനുതപിച്ച് വി. കുമ്പസാരം നടത്തണം. ബൈബിൾ വായിക്കണം. കുടുംബത്തിലുള്ളവരെ സ്നേഹിക്കണം. വിദ്വേഷം, ഉത്കണ്ഠ, കോപം, ഭയം, നിരാശ ഇവ അമ്മയിൽനിന്ന് കുഞ്ഞ് വലിച്ചെടുക്കും. കുഞ്ഞിന് ഈ സമയത്ത് സന്തോഷവും സമാധാനവും അമ്മയിൽ നിന്ന് ലഭിക്കണം. കുഞ്ഞ് ആനന്ദത്താൽ നിറയണം. കുഞ്ഞിന്റെ അബോധ മനസ്സിലെ വിസ്മൃതിയിൽ താണുപോകുന്ന സംഭവങ്ങൾക്കുപോലും ആ കുഞ്ഞിൽ സ്വാധീനം ചെലുത്താൻ കഴിയും. ഉദരത്തിൽ വച്ച് കുഞ്ഞിന് ലഭിക്കുന്ന അവഗണന, മുറിവുകൾ, അമ്മയുടെ നിരാശ, ദുഃഖങ്ങൾ, ഭയം ഇവയെല്ലാം കുഞ്ഞിന്റെ വ്യക്തിത്വത്തെ സാരമായി ബാധിക്കും. അതുകൊണ്ട് കുഞ്ഞിന്റെ ആന്തരിക സൗഖ്യത്തിനായി അപ്പനുമമ്മയും പ്രാർത്ഥിക്കണം. അല്ലെങ്കിൽ കുഞ്ഞു വളർന്നുവരുമ്പോൾ അമിതമായ ദേഷ്യം, നിരാശ, മുൻകോപം, ആത്മഹത്യാ പ്രവണത ഇവ അന്ത്യം വരെ നിലനിൽക്കും. ഇവ കുഞ്ഞിന്റെ ജീവിത വിശുദ്ധിക്ക് തടസ്സമാകും.

ഒരു കുഞ്ഞ് അമ്മയുടെ ഉദരത്തിൽ 90 ദിവസമാകുമ്പോൾ പഠനം ആരംഭിക്കുന്നു. അന്നു മുതൽ അവന്റെ തലച്ചോർ വളരും. അതുകൊണ്ട് മക്കളുടെ വ്യക്തിത്വം നന്നായി വളരാൻ നല്ല മനസ്സ്, നല്ല ശരീരം, നല്ല ആഹാരം, നല്ല ആത്മീയ അന്തരീക്ഷം ഇവ നൽകണം. അടിയും പിടിയും ആക്രോശവും കൊലയും കൊള്ളിവയ്പും, പകപോക്കലും നിറഞ്ഞ സീരിയലുകൾ, സിനിമകൾ, ഇവ പാടേ വർജ്ജിക്കണം. മാതാപിതാക്കൾ ബൈബിൾ വായിക്കണം, ധ്യാനിക്കണം, പള്ളിയിൽ പോകണം, വി. കുർബ്ബാന സ്വീകരിക്കണം, സത്പ്രവൃത്തികൾ ചെയ്യണം. ഇവ ജനനശേഷം കുഞ്ഞിനെ വിശുദ്ധിയിൽ വളരാൻ സഹായിക്കും.

വളർന്നുവരുന്ന കുഞ്ഞിനെ കൈയ്യിലെടുത്തുയർത്തണം, പ്രപഞ്ചത്തെ കാണിക്കണം, കർത്താവിനെ പരിചയപ്പെടുത്തണം, വീതിക്കാൻ പഠിപ്പിക്കണം, കുരിശുവര പഠിപ്പിക്കണം, സ്നേഹവും സുരക്ഷിതത്വവും സ്വാതന്ത്ര്യവും നൽകി വളർത്തണം. യൗവ്വത്തിലെത്തുമ്പോൾ. മറിയം എലിസബത്തിനെ സന്ദർശിച്ചപ്പോൾ ശിശു ഉദരത്തിൽ കുതിച്ചു ചാടിയതായി വി. ലൂക്കോസിന്റെ സുവിശേഷം 1:44-ൽ നാം വായിക്കുന്നു. ഈ ആനന്ദം കുഞ്ഞിന് ലഭിക്കണമെങ്കിൽ, കുഞ്ഞിന് ജന്മം നൽകുന്നതിന് മുമ്പും ശേഷവും അപ്പൻ മദ്യം, പുകവലി, ലഹരികൾ ഇവ പാടേ വർജ്ജിച്ച് ശരീരവും മനസ്സും വിശുദ്ധമാക്കണം. കർത്താവിന്റെ രക്തത്താൽ അപ്പനും അമ്മയും കഴുകപ്പെടണം. അപ്പന്റെ ശരീരത്തിലൂടെ ഒഴുകുന്ന രക്തം കർത്താവിന്റെ രക്തംപോലെ വിശുദ്ധമാകണം. വിശുദ്ധിയുടെ രക്തത്തിലാണ് കുഞ്ഞുങ്ങൾ രൂപപ്പെടേണ്ടത്. കാരണം മക്കൾ ദൈവം തരുന്ന സമ്മാനമാണ് (സങ്കീ. 127). ദൈവം മക്കളെ മാതാപിതാക്കൾക്ക് കനിഞ്ഞു നൽകുന്നതാണ്. ഉൽപ്പത്തി 33:5-ൽ യാക്കോബും ഏസാവും തമ്മിൽ വർഷങ്ങൾക്കുശേഷം കണ്ടുമുട്ടുമ്പോൾ, യാക്കോബിന്റെ കൂടെയുള്ള കുട്ടികൾ ആരാണെന്ന് ഏസാവ് ചോദിച്ചപ്പോൾ, യാക്കോബ് പറഞ്ഞു, "അങ്ങയുടെ ഈ ദാസന് ദൈവം കനിഞ്ഞു നൽകിയിരിക്കുന്ന മക്കളാണ്." ഉൽപ്പത്തി 30-ൽ ലെയാ ഓരോ കുട്ടി ജനിക്കുമ്പോഴും ഞാൻ ഭാഗ്യവതിയാണ്, ദൈവം എനിക്ക് നല്ല സന്താനങ്ങളെ നൽകിയിരിക്കുന്നുവെന്ന് വിളിച്ചുപറയുമായിരുന്നു. മക്കൾ വിശുദ്ധിയിലൂടെ രൂപപ്പെടുവാൻ അപ്പനും അമ്മയും തപസ്സുചെയ്ത് കാത്തിരിക്കണം. അമ്മയുടെ മനസ്സിന് മുറിവേൽക്കാതിരിക്കണം. ഗർഭകാലത്ത് കുഞ്ഞറിയാതെ ഒരു വികാരവും അമ്മയിലൂടെ കടന്നുപോകുന്നില്ല. സന്തോഷം, ദുഃഖം, കോപം, ഭയം എന്നീ നാലു വികാരങ്ങളുടെ ഫലമാണ് മറ്റെല്ലാ വികാരങ്ങളും. ഇതിൽ സന്തോഷമാണ് അമ്മ കുഞ്ഞിന് നല്കേണ്ടത്. യൗവ്വനത്തിലെത്തുമ്പോൾ മാതാപിതാക്കൾ അവരെ അംഗീകരിക്കണം. കേൾക്കണം. ദിവസവും അവരുമായി സംഭാഷണത്തിലേർപ്പെടണം. അവന് അവന്റേതായ വ്യക്തിത്വമുണ്ടെന്ന് മനസ്സിലാക്കി തനിമ രൂപീകരിക്കാൻ സഹായിക്കണം.

കുട്ടികളുടെ വളർച്ചയിൽ തുല്യ ഉത്തരവാദിത്വം മാതാപിതാക്കൾക്കുണ്ടെന്നു മനസ്സിലാക്കണം. മാതൃകാപരമായി ജീവിച്ചു കാണിക്കണം. മക്കളോട് താദാത്മ്യം പ്രാപിക്കണം. ശാപവാക്കുകൾ, ചീത്തവാക്കുകൾ, പരിഹാസം ഇവ കുഞ്ഞുങ്ങൾക്ക് നൽകരുത്. നല്ല പാരമ്പര്യത്തിൽ നമ്മുടെ കുഞ്ഞുങ്ങളെ വളർത്തണം.

ഓരോ കുഞ്ഞും ബലിപീഠത്തിലേക്ക് വളരുന്നവരാണെന്നും, ഒരു ബലിയായി ജീവിതം കർത്താവിന് നൽകാനുള്ളതാണെന്നും, രാവും പകലും ഓർമ്മിപ്പിച്ച് ജീവിക്കാനൊരുക്കിയാൽ അവൻ / അവൾ നാളെ വിശുദ്ധരാകും. അവർ ജനിച്ചത്, ജീവിക്കുന്നത്, പഠിക്കുന്നത്, മരിക്കുന്നത് എല്ലാം ദൈവത്തിലെത്തിച്ചേരുക എന്ന ലക്ഷ്യമാണെന്ന് പറഞ്ഞു പഠിപ്പിക്കണം. മരണശേഷം മാലാഖമാരുടെ സാദൃശ്യത്തിലേക്ക് പറന്നുയരാനുള്ള വിളിയാണ് നമ്മുടെ കുഞ്ഞുങ്ങളുടേതെന്ന് രാവും പകലും ചെവിയിൽ മന്ത്രിക്കാം. അങ്ങനെ അവർ വിശുദ്ധരാകുന്നതുകണ്ട് അപ്പനും അമ്മയും ആത്മനിർവൃതിയോടെ, സന്തോഷക്കണ്ണീരൊഴുക്കി പറയും, 'ഇതാ ദൈവത്തിന്റെ സമ്മാനം' (സങ്കീ. 127).



## അമ്മ മനസ്സ്



**സി. സോണിയ OSS**
സെക്രട്ടറി, ഫാമിലി അപ്പോസ്തലേറ്റ്, തിരുവല്ല അതിരൂപത

# പറുദീസാ അനുഭവം കുടുംബത്തിൽ



മനുഷ്യന്റെ ഉത്പത്തിയുടെ ആദ്യനാളുകളിലെ അനുഭവമായിരുന്നു പറുദീസ. മനുഷ്യനും ദൈവവും ഒന്നിച്ചു വസിച്ച നിമിഷങ്ങൾ പറുദീസയുടെ അനുഭവം പകർന്നു കൊടുത്തു. ദൈവത്തിന്റെ കാൽപ്പെരുമാറ്റം കേട്ടപ്പോൾ ആദ്യമായി ആദം ഞെട്ടിയ നിമിഷം മുതൽ പറുദീസ അനുഭവം നഷ്ടമായി. ദൈവം ഉലാത്തുന്ന സ്ഥലങ്ങൾ പറുദീസയാകും, ദൈവം കടന്നുപോകുന്ന വഴികളിൽ അത്ഭുതങ്ങൾ സംഭവിക്കും. ദൈവവഴികളിൽനിന്ന് എപ്പോൾ നാം അകലുന്നോ അന്നു നരകം ജന്മമെടുക്കും.

ഈ ലോകത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞിനും ഗർഭപാത്രം ഒരു പറുദീസയാണ്. അമ്മയുടെ ഗർഭപാത്രത്തിൽനിന്ന് ഈ ലോകത്തിലേക്ക് കടന്നുവരുന്ന അവൻ നഷ്ടപ്പെട്ട സുരക്ഷിതത്വം തേടി അലയുന്നു. ജീവിതത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ പലവിധത്തിൽ ഈ പറുദീസ മനുഷ്യൻ അന്വേഷിക്കും. ചിലർ നൈമിഷിക സുഖങ്ങളിലാണ് പറുദീസ അനുഭവിക്കുന്നത്. മദ്യലഹരിയിലും മയക്കുമരുന്നിലും ഈ പറുദീസായുടെ അനുഭവങ്ങൾ തേടി മനുഷ്യൻ അലയുന്നു. അവയെല്ലാം താത്ക്കാലിക സുഖങ്ങളേ സമ്മാനിക്കുകയുള്ളൂ. ആത്യന്തികമായ ഒരു ശൂന്യത ഇതിന്റെയെല്ലാം അവസാനം അവന്റെ മനസ്സിൽ അവശേഷിക്കും. ഈ ശൂന്യത അകറ്റാൻ ദൈവം തന്നെ വേണം.

മനസ്സു തകർന്ന് അലഞ്ഞുനടന്ന പാപിനിയായ സ്ത്രീക്ക് പറുദീസയുടെ അനുഭവം ലഭിച്ചത് കർത്താവിന്റെ സന്നിധിയിലാണ്. മരണത്തിന്റെ അവസാന നിമിഷങ്ങളിൽ അതുവരെ തനിക്ക് ലഭിക്കുകയില്ലെന്നു കരുതിയ പറുദീസയിലേക്കു തന്നെ നയിച്ച യേശുവിന്റെ ദിവ്യസ്വരം കേട്ട് വലതുവശത്തെ കള്ളൻ അനുതപിച്ചതും, കർത്താവിന്റെ സന്നിധിയിലാണ്. കാരണം ആദ്യമായി അവൻ തന്നിലെ തെറ്റ് കണ്ടുപിടിക്കുകയും; അതോടൊപ്പം യേശുവിന്റെ നന്മയെ അംഗീകരിക്കുകയും ചെയ്തു. നാമും നമ്മുടെ ഉള്ളിലെ തെറ്റുകൾ കണ്ടുപിടിക്കുമ്പോൾ അപരന്റെ നന്മയെ അംഗീകരിക്കുമ്പോൾ, ദൈവകൃപ നമ്മിലേക്ക് ഒഴുകിയിറങ്ങും. രാജാവായ ദാവീദിന് തന്റെ തെറ്റുകൾ ഏറ്റുപറഞ്ഞപ്പോൾ വീണ്ടും ദൈവകൃപകൾ ലഭിച്ചുതുടങ്ങി. ധൂർത്തപുത്രൻ സ്വന്തം തെറ്റുകൾ ഏറ്റുപറഞ്ഞപ്പോൾ നഷ്ടപ്പെട്ട നന്മകളിലേക്ക് തിരിച്ചുവന്നു.

നമ്മുടെ ഭവനങ്ങളിൽ ദൈവത്തിന് നാം സ്ഥാനം കൊടുക്കുമ്പോൾ, നമ്മുടെ തെറ്റുകൾ ഏറ്റുപറഞ്ഞ് അനുതപിക്കുമ്പോൾ, നമ്മുടെ ജീവിതത്തിന് അർത്ഥം കൈവരും. ദൈവം നമുക്ക് വഴികാട്ടിയായി നമ്മുടെ കൂടെ നടക്കും. ഒരുപക്ഷേ ജീവിതത്തിൽ സഹനങ്ങളും പരാജയങ്ങളും ക്ലേശങ്ങളും ഉണ്ടായാലും ജീവിതത്തിൽ സഹിക്കുന്നതിനുള്ള ശക്തി ദൈവം തരികയും ജീവിതവഴികളിൽ അത്ഭുതം നാം കാണുകയും ചെയ്യും.

കള്ളനെപ്പോലും നല്ലവനായി കണ്ട കർത്താവിന്റെ മനോഭാവം നമുക്കും സ്വായത്തമാക്കാം. അപ്പോൾ പറുദീസ അനുഭവം നമ്മിലും നമ്മുടെ കുടുംബങ്ങളിലും സംജാതമാകും.

# ഭാരത സഭയുടെ വിശുദ്ധ പുഷ്പങ്ങൾ


*(23 –ാം പേജ് തുടർച്ച)*

കയും ചെയ്തു. 1952 ഓഗസ്റ്റ് 29 നാണ് എവുപ്രാസ്യാമ്മ ഇഹലോകവാസം വെടിയുന്നത്. 1987ൽ മാർ ജോസഫ് കുണ്ടുകുളം എവുപ്രാസ്യമ്മയെ ദൈവദാസിയായും 2002ൽ ജോൺപോൾ രണ്ടാമൻ പാപ്പ ധന്യയായും പ്രഖ്യാപിച്ചു. 2006 ഡിസംബർ മൂന്നിന് എവുപ്രാസ്യാമ്മ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർന്നു. ഇരിങ്ങാലക്കുട രൂപതയിലെ കല്ലേറ്റുങ്കര ഇടവകയിൽപ്പെട്ട ജുവൽ ജെൻസൺ എന്ന ഏഴു വയസുകാരന്റെ തൈറോഗ്ലോസൽ സിസ്റ്റ് 2006 ഡിസംബർ 20 ന് ഓപ്പറേഷൻ കൂടാതെ എവുപ്രാസ്യമ്മയോടുള്ള നൊവേനപ്രാർത്ഥന വഴി അത്ഭുതകരമായി സുഖപ്പെട്ടതിന്റെ സ്ഥിരീകരണമാണ് ഇപ്പോൾ ഫ്രാൻസിസ് പാപ്പ ഒപ്പുവച്ചതുവഴി നടന്നത്. എവുപ്രാസ്യാമ്മയുടെ വിശുദ്ധപദവിയിലേക്കുള്ള അവസാനത്തെ നാഴികക്കല്ലാണിത്.

സഹനത്തിന്റെയും എളിയ ജീവിതത്തിൻരെയും പ്രാർത്ഥനാ ജീവിതത്തിന്റെയും ആൾരൂപമായിരുന്നു സിസ്റ്റർ എവുപ്രാസ്യ. ജീവിച്ചിരുന്ന കാലത്തുതന്നെ അനേകർ ആ സിസ്റ്ററെ വിശുദ്ധയായി കണ്ട് പ്രാർത്ഥിക്കുവാൻ വരുമായിരുന്നു.എവുപ്രാസ്യാമ്മ വിശുദ്ധയായത് എളിയ ജീവിതം നയിച്ചതുകൊണ്ടല്ല. എളിയതും സഹനപൂർണവുമായ ജീവിതം നയിച്ചപ്പോഴും വിശുദ്ധിയിൽ ജീവിച്ച് വിശുദ്ധിയോടെ മരിച്ചതുകൊണ്ടാണ്.

മാർത്തോമ ശ്ലീഹായുടെ പാദസ്പർശത്താൽ പരിപാവനമായി തീർന്ന ഭാരതമണ്ണിന് ഇത് ധന്യതയുടെ ദിനങ്ങളാണ്. വിശുദ്ധ അൽഫോൻസാമ്മയുടെ വിശുദ്ധ പരിമളം ആഗോളസഭ തിരിച്ചറിഞ്ഞ് അധികം വൈകാതെ തന്നെ രണ്ടു വിശുദ്ധ പുഷ്പങ്ങൾക്കൂടി ആഗോള സഭയ്ക്ക് ഭാരതത്തിൽ നിന്നും ലഭിക്കാൻ പോകുന്നു. ഇത്തരണത്തിൽ ചാവറയച്ചനും എവുപ്രസ്യാമ്മയും നമ്മുക്കായ് ദൈവസന്നിധിയിൽ മദ്ധ്യസ്ഥ കരങ്ങളുമായി ഉണ്ടെന്നതിൽ നമുക്കും അഭിമാനിക്കാം. ഈ വിശുദ്ധരുടെ ജീവിത വിശുദ്ധി നമുക്ക് കാവലും കോട്ടയും മാതൃകയും ആയിരിക്കട്ടെ..

---



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**റോസ്‌ലി വിൽസൺ, മുണ്ടക്കയം**

---

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങ യെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, വാളക്കുഴി**

---


**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങ യെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**രാജൻ, ജാൻസി, തലവടി സൗത്ത്**


---

**ഉപകാര സ്മരണ**



**ജോയി, കാക്കനാട്ടിൽ & ഫാമിലി**

**ഉപകാര സ്മരണ**




**ഒരു വിശ്വാസി, തിരുവല്ല**

**ഉപകാര സ്മരണ**



**ദീപ്തി ജോസഫ് അബുദാബി**

**ഉപകാര സ്മരണ**




**ഡിനു & ജോമോൻ ഹൂസ്റ്റൺ**



# ഉള്ളതു പറഞ്ഞാൽ...



അഡ്വ. വിനോദ് മാത്യു വിൽസൺ

# പുങ്കന്മാർ

ആരോഗ്യകരമായ മുന്നറിയിപ്പ് - ഇതിലെ കഥയും കഥാപാത്രങ്ങൾക്കും ജീവിച്ചിരിക്കുന്നവരുമായോ മരിച്ചവരുമായോ യാതൊരു ബന്ധവും ഇല്ല. ഇനി അഥവാ അങ്ങനെ തോന്നുന്നുവെങ്കിൽ അത് എന്റെ കുറ്റമല്ല, തോന്നുന്നവരുടെ മാത്രം കുറ്റം.

കഴിഞ്ഞ ദുഃഖവെള്ളി ആചരണം എനിക്കറിയാവുന്ന പള്ളിയിൽ നടക്കുന്നു. ഈശോയുടെ അതിദാരുണമായി അനുഭവിച്ച പീഢാനുഭവത്തെ ഓർത്തു വ്യാകുലപ്പെടുന്ന സമയം. വിശ്വാസതീക്ഷ്ണതയുടെ ദിനം. ആദ്യ ശുശ്രൂഷകൾ കഴിഞ്ഞപ്പോൾ വികാരിയച്ചൻ പറഞ്ഞു, പത്തു മിനിട്ട് വിശ്രമം. കഴിഞ്ഞ വർഷം വിശുദ്ധനാട് സന്ദർശിച്ച ബേബിച്ചായൻ അനുഭവങ്ങൾ നമ്മോട് പങ്കുവെയ്ക്കുന്നു. 1, 2, 3... അച്ചായൻ മൈക്ക് എടുത്തു.... 'ആക്ചലി' ഞാൻ വിശുദ്ധനാട്ടിൽ കാലുകുത്തിയത് മഹാഭാഗ്യമാണ്; എന്റെ അല്ല ആ നാടിന്റെ. കാശ് കൈയ്യിൽ എനിക്ക് ഒരുപാടു ഉണ്ടായതുകൊണ്ട് കൂടിയ വിമാനത്തിലാണ് എന്റെ യാത്ര. വില കൂടിയ ശീതളപാനീയങ്ങൾ... ഒരു സുന്ദരിയായ എയർ ഹോസ്റ്റസ് എന്നോട് ചോദിച്ചു, അച്ചായനെ കണ്ടാൽ ഒരു പു. ക.കു. ആണെന്നു തോന്നുന്നുവല്ലോ. എന്താ വീട്ടുപേര്? അവിടെ ചെന്ന് ഇറങ്ങിയപ്പോഴേ സ്വീകരിക്കാൻ വിദേശ മലയാളികൾ... ഗീർവാണം തുടർന്നു. അച്ചായന്റെ വീരവാദം ദുഃഖവെള്ളിയുടെ പ്രസക്തിതന്നെ ചോദ്യം ചെയ്യുന്ന തരത്തിലായി. ഒരു കോമഡി ഷോ അരങ്ങേറുന്ന പ്രതീതി. ദുഃഖം തളംകെട്ടി നിൽക്കുന്ന അന്തരീക്ഷം ചിരിമയമായി തുടങ്ങി. ആരോ പറഞ്ഞു, പുറത്തുനിന്ന് – 'ഇയാള് എന്ത് പുങ്കനാ..."

പുങ്കന്മാർ, പൊങ്ങച്ചക്കാർ... ചിലരുടെ വിചാരം കണ്ടാൽ തോന്നും പത്രോസിനുശേഷം ആരെന്ന ചോദ്യത്തിന് സഭ കണ്ടെത്തിയ ഉത്തരമാണ് താനെന്ന്. മന്ത്രിമന്ദിരങ്ങളിൽ, പോലീസ് സ്റ്റേഷനിൽ, ചന്തയിൽ, പിടിഎ മീറ്റിംഗിൽ, രാഷ്ട്രീയയോഗങ്ങളിൽ അങ്ങനെ തുടങ്ങി ആളുകൂടുന്ന എല്ലാ സ്ഥലങ്ങളിലും ഇത്യാദി കൂട്ടരെ കാണാം, പുങ്കന്മാരെ...

പെരുന്നാളും ഘോഷയാത്രകളും പതിവാണ് നമ്മുടെ നാട്ടിൽ. കുടവയറും തള്ളി, മീശ കറുപ്പിച്ച്, വിലകൂടിയ വാച്ചുംകെട്ടി, സെന്റ് പൂശി (സാങ്കല്പിക കഥാപാത്രങ്ങൾ... സദയം ക്ഷമിക്കുക) ചിലരെ റോഡിൽ കാണാം. കുതിച്ച് പാഞ്ഞുവരുന്ന സൂപ്പർ ഫാസ്റ്റ് ബസിന്റെ മുമ്പിലോട്ട് ചാടി വീണ് കൈയ്യുയർത്തി ഒറ്റ അലർച്ചയാണ് 'സ്റ്റോപ്പ്'. അനുസരണത്തോടെ നടക്കുന്ന കുഞ്ഞാടുകളെ നിയന്ത്രിക്കാനും ഒരറ്റം മുതൽ മറ്റേ അറ്റംവരെ ഓടി നടന്ന് ആള് കാണിക്കാനും ഇവർ കാണിക്കുന്ന കോപ്രായം കണ്ടാൽ ചിരിവരും. പടക്കം പൊട്ടിക്കാനും, തിരി പിടിക്കാനും, മുത്തുക്കുട ചുമക്കാനും എന്നും കുറെ പാവപ്പെട്ടവർ. മേൽ സൂചിപ്പിച്ച കൂട്ടർ പിന്നെ പള്ളി അങ്കണത്തിൽ വരണമെങ്കിൽ ഏതെങ്കിലും പ്രമാണി മരിക്കണം, പെട്ടി ചുമക്കാൻ. കുടുംബക്കാരെപ്പോലും അടുപ്പിക്കില്ല. രാഷ്ട്രീയക്കാർക്ക് ഫോട്ടോ ഗ്രാഫറെ കാണുമ്പോൾ ഉള്ള വെപ്രാളമാണ് കുഴീലേക്ക് പെട്ടി എടുക്കാറാകുമ്പോൾ ഈ പുങ്കന്മാർക്ക്.


തിരുമേനിയുമായി ഫെവിക്കോൾ ഒട്ടിച്ച ബന്ധമാണ്... മന്ത്രി സംശയനിവാരണം തീർക്കുന്നത് എന്നെ വിളിച്ചാണ്... ഡിവൈഎസ്പി കഴിഞ്ഞ ആഴ്ച ഉച്ചയൂണ് കഴിച്ചത് എന്റെ വീട്ടിലാണ്... തുടങ്ങുന്ന അമിട്ടുകൾ... എന്റമ്മോ...! കാർഷിക സർവ്വ



aikyadeepam monthly

# കുറുന്നുവെട്ടം

നന്മയുടെ വഴികൾ കാട്ടിത്തരുന്നതിന്റെ ഒരു വൈവിധ്യം പറയുവാൻ ഈ സംഭവം കുറിക്കുന്നു. കഴിഞ്ഞ ദിവസം ബഹു. തടത്തിൽ മാത്യൂസച്ചൻ എന്റെ കൈയ്യിൽ 3 ലക്ഷം രൂപ കൊണ്ടുവന്നുതന്നു. കഴിഞ്ഞ നവംബർ 19 ന് 88–ാം വയസ്സിൽ നിര്യാതനായ അദ്ദേഹത്തിന്റെ പിതാവിന്റെ സംസ്കാര ശുശ്രൂഷകൾ നടത്തിയപ്പോൾ തടത്തിലച്ചനും കുടുംബാംഗങ്ങളും കൂടി എന്നെ ഏൽപ്പിച്ച ഫിക്സഡ് ഡിപ്പോസിറ്റിലെ തുകയായിരുന്നു ആ മൂന്നുലക്ഷം. ആ തുക അച്ചന്റെ പിതാവ് കെ. എസ് ഈപ്പന്റെതായിരുന്നു. അദ്ദേഹത്തിന്റെ രോഗാവസ്ഥയിലും വാർദ്ധക്യത്തിലും നടത്തേണ്ട ചികിത്സകൾ സ്വയ തീരുമാനപ്രകാരം വേണ്ടെന്നു വയ്ക്കുകയും അതു പാവപ്പെട്ടവരെ സഹായിക്കുവാൻ അച്ചനെ ഏൽപ്പിക്കുകയുമായിരുന്നു. ആ പിതാവ് പറഞ്ഞതു ഇങ്ങനെ: "എനിക്കു പ്രായമായി. എനിക്കു ഇനിയും ശാന്തമായി വീട്ടിലായിരുന്ന് ദൈവസന്നിധിയിലേക്ക് പോകാനാണ് ആഗ്രഹം". വ്യക്തിപരമായി ഈ പിതാവിനെ എനിക്ക് അറിയാം. അദ്ദേഹത്തിന്റെ ജീവിത നൈർമ്മല്യവും വിശ്വാസകരുത്തും സഭാസ്നേഹവും ദൈവഭക്തിയും വൈദികരോടുള്ള ആദരവും ഒക്കെ അദ്ദേഹത്തെ എല്ലാവരുടേയും പ്രിയങ്കരനാക്കിയിരുന്നു. സാധാരണക്കാരനായ ഒരു കുടുംബനാഥൻ. പക്ഷെ അസാധാരണമായ ഒരു വിശ്വാസജീവിതം, ഇതാ അതിനെ സാധൂകരിക്കുന്ന ദർശനങ്ങൾ. തന്ന പണത്തിൽ 2 ലക്ഷം രൂപ കുറിയന്നൂരിൽ പ്ലാസ്റ്റിക് മറച്ച് കഴിയുന്ന ഒരു കുടുംബത്തിന്റെ ഭവന നിർമ്മിതിയ്ക്കായും വീടോ സ്ഥലമോ ഇല്ലാത്ത 850 ദിവസമായി പുഷ്പഗിരിയിൽ നിശ്ചലനായി കഴിയുന്ന ഒരു പ്രിയ മകന് ഒരു വീടിനു വേണ്ടിയും ഉപയോഗിക്കുകയാണ്.



2014 ലെ ഈസ്റ്ററിന്റെ സന്തോഷം ഇതാണെന്ന് എനിക്കു തോന്നുന്നു. ഇങ്ങനെയുള്ള മാതൃകകൾ നമുക്ക് അനുകരിക്കണം. തനിക്ക് പല രീതിയിൽ ലഭിച്ച പണം തനിക്കുവേണ്ടി ചെലവഴിക്കാതെ ഇപ്രകാരമുള്ള കാരുണ്യ പ്രവർത്തനത്തിനു ചെലവഴിച്ച ഈ വത്സലപിതാവിന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം ഈ പിതാവിന്റെ മാതൃക നമുക്കു അനുകരിക്കുവാൻ ശ്രമിക്കാം. കിട്ടുന്നതിൽ കൂടുതൽ ചെലവാക്കി കടംവാങ്ങി ധൂർത്തടിച്ച് ജീവിക്കുന്ന വർത്തമാനകാല ശൈലിയുടെ മുമ്പിൽ ഇതുപോലെയുള്ള കുറുന്നുവെട്ടങ്ങൾ നമ്മുടെ പാദങ്ങളെ നയിക്കട്ടെ. വന്ദ്യനായ കരിമ്പിൽ കോർ എപ്പിസ്കോപ്പയുടെ സഹോദരി ഭർത്താവുകൂടിയാണ് ഈ വത്സലപിതാവ്.

**തോമസ് മാർ കൂറിലോസ്**
**തിരുവല്ല അതിരൂപതാ മെത്രോപ്പോലീത്തൻ ആർച്ചുബിഷപ്പ്**

കലാശാലയിൽ ഒരു 'അഡ്മിഷൻ' വേണം. പ്രിൻസിപ്പാളിന്റെ പേര് ശശികല. ശശികലമാഡത്തെ അറിയാമോ ബിന്നീ...? എന്തു ചോദ്യമാ സാറേ... അറിയാമോ എന്ന്? ആവശ്യക്കാരൻ എന്റെ പിതാവ്. പുങ്കന്റെ പേര് ബിന്നി. അവസാനം ഒരുനാൾ ടി സ്ഥാപനത്തിൽ എത്തി. ഒരുമിച്ച് നടന്നു നീങ്ങുമ്പോൾ എതിരെ വന്ന ഒരു സ്ത്രീയോട് ബിന്നിച്ചേട്ടന്റെ ചോദ്യം. ഈ ശശികല മാഡം ഇന്നു ലീവിലല്ലേ? അല്ല, ഞാനാണ് ശശികല. അന്ന് വലിച്ച ബെന്നിച്ചായന്റെ മോന്തായം ഇതുവരെ ശരിയായിട്ടില്ല എന്ന് അപ്പൻ പറയും.

ഒരു കഥകൂടി പറഞ്ഞ് തത്ക്കാലം അവസാനിപ്പിക്കാം. വക്കീലേ, ഈ കളക്ടറേം മന്ത്രിയേം ഒക്കെ എനിക്ക് നേരിട്ട് നല്ല പരിചയമാ. ഞാൻ പറഞ്ഞാൽ അവർ പോന്നുപോലെ എന്റെ വഴി പ്രശ്നം പരിഹരിക്കും. പക്ഷേ ഇതെന്റെ ഒരു 'പേഴ്സണൽ' പ്രോബ്ലം അല്ലേ. എങ്ങനാ അവരെയൊക്കെ ബുദ്ധിമുട്ടിക്കുന്നത്. വക്കീൽ എങ്ങനെയെങ്കിലും വഴി ഒന്ന് ശരിയാക്കി തരണം. ഇതുപോലെയുള്ള സൂപ്പർ സ്റ്റാർ സരോജ് കുമാർമാരുടെ കാലമാണിത്. എന്താ ചെയ്യാ... പിടിച്ച് നിക്കണ്ടേ... അതുകൊണ്ട് ഞാനും കെട്ടാറുണ്ട് ഇടയ്ക്ക് ഈ പുങ്കവേഷം.



**ബിനു കണ്ണന്താനം**
ട്രെയ്നർ & കൗൺസിലർ.

# മനസ്സിൽ നന്മ നിറയ്ക്കുക

**പ**രിസ്ഥിതി മലിനീകരണത്തിന്റെ പതിന്മടങ്ങ് ആപത്താണ് മനസ്സിന്റെ മലിനീകരണം. മനുഷ്യ മനസ്സുകളെ കാർന്നു തിന്നു നശിപ്പിക്കുന്ന ആന്തരിക മലിനീകരണത്തെപ്പറ്റിയും അതിന്റെ വിനാശകരമായ ഫലത്തെപ്പറ്റിയും കൂടി നാം ബോധവാന്മാരാകേണ്ടിയിരിക്കുന്നു. മനുഷ്യന്റെ ഓരോ ചിന്തകളും അവന്റെ ശരീരത്തിൽ പല പല പ്രവർത്തനങ്ങളും നടത്തുന്നു. മുൻകോപം, പ്രതികാരബുദ്ധി, ശത്രുത ഇവ ശരീരത്തിനു ഹാനികരമായ ചില രാസ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നു. ഇവ ശരീരത്തിന് വളരെ ദോഷം ചെയ്യുന്ന വിഷ വസ്തുവാണ്. സന്തോഷവും സ്നേഹവും പ്രദാനം ചെയ്യുന്ന ചിന്തകൾ മനസ്സിൽ രൂപം കൊള്ളുമ്പോഴും ചില രാസവസ്തുക്കൾ ശരീരത്തിൽ ഉത്പാദിപ്പിക്കപ്പെടുന്നു. ഇത് ശരീരത്തിന് ഉന്മേഷവും ഊർജ്ജവും ആരോഗ്യവും പ്രദാനം ചെയ്യുന്നു.

മനുഷ്യ ശരീരത്തിനുണ്ടാകുന്ന മാരകമായ രോഗമാണ് എയ്ഡ്സ്, ക്യാൻസർ മുതലായവ. അതു പോലെ തന്നെ മനുഷ്യ മനസ്സിനുണ്ടാകുന്ന മാരകമായ രോഗമാണ് അസൂയ. മറ്റുള്ളവരുടെ കഴിവും അവരിലെ നന്മകളും കാണുമ്പോൾ ഒരുവന്റെ മനസ്സിലുണ്ടാകുന്ന ഹീനമായ വൈകാരിക ഭാവമാണ് അസൂയ. നീരസവും പകയും അസൂയയുടെ കൂടപ്പിറപ്പുകളാകയാൽ ആരോടാണോ അസൂയ തോന്നുന്നത് അയാളെ നശിപ്പിക്കുവാനുള്ള ക്രൂരമായ ഒരു ആവേശം മനസ്സിൽ ഉടലെടുക്കുന്നു. ഇത് നമ്മുടെ സംസാരത്തിലും പ്രവർത്തിയിലുമെല്ലാം പ്രകാശമാകുകയും ചെയ്യുന്നു. അസൂയ ഒരു വ്യക്തിയെ നശിപ്പിക്കുക മാത്രമല്ല സമൂഹത്തിൽ അസ്വസ്ഥതയും കലാപവും വിതയ്ക്കാൻ കാരണമാവുകയും ചെയ്യുന്നു. അനായാസം മനസ്സിലേയ്ക്ക് ചാടിക്കയറുന്ന അസൂയ ഒരു തിന്മയാണെന്ന ബോധം നമ്മിലുണ്ടാകണം. നമുക്കില്ലാത്ത പല ഗുണങ്ങളും കഴിവുകളും മറ്റുള്ളവർക്കുണ്ടാകാം. അതു കാണുമ്പോൾ മനപ്രയാസമോ വെറുപ്പോ തോന്നാതെ അവരുടെ ആ കഴിവുകളും ഗുണങ്ങളും നമുക്കും കൂടി ആനന്ദം നല്കുന്നുണ്ടെന്ന യാഥാർത്ഥ്യത്തെ നാം ഉൾക്കൊള്ളുകയും അംഗീകരിക്കുകയുമാണ് ചെയ്യേണ്ടത്. ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനുള്ള മനഃസ്ഥിതി നാം വളർത്തിയെടുത്തുകഴിഞ്ഞാൽ നമ്മുടെ മനസ്സിൽ അസൂയയ്ക്ക് ഒരു സ്ഥാനവുമില്ല.

മനസ്സ് ഒരു മൂവി ക്യാമറ പോലെയാണ് ഏതു വശത്തേയ്ക്കാണോ കൂടുതൽ ഫോക്കസ് ചെയ്യുന്നത് അതിനനുസരിച്ച് അതിൽ പതിയുന്ന ചിത്രങ്ങൾ തെളിഞ്ഞിരിക്കും. നിഷേധാത്മക മനോഭാവങ്ങളെ വളർത്തി ആ വശത്തേയ്ക്ക് കൂടുതൽ ഫോക്കസ് ചെയ്താൽ അത്തരം മനോഭാവങ്ങളേ മനസ്സിൽ തെളിഞ്ഞു നിൽക്കൂ. അതിനാൽ മനസ്സിൽ രൂപീകരിക്കുന്ന ചിത്രം എപ്പോഴും സൃഷ്ടിപരവും പ്രസാദാത്മകവുമായിരിക്കണം. വിശ്രമാവസ്ഥയിൽ പ്രകൃതിരമണീയമായതോ നമ്മുടെ മനസ്സിന് ആനന്ദം നൽകുന്നതോ ആയ കാര്യങ്ങൾ വേണം മനസ്സിലേയ്ക്ക് കൊണ്ടുവരുവാൻ. അങ്ങനെ നയനാനന്ദകരമായ കാഴ്ചകളിലേയ്ക്ക് മനസ്സിനെ വ്യാപരിപ്പിക്കുമ്പോൾ നമ്മുടെ ഉള്ളിലെ മൃഗീയതകളെ സംസ്ക്കരിച്ച് നാം ഒരു



യഥാർത്ഥ മനുഷ്യനായി പരിണമിക്കുന്നു. അതോടെ മനസ്സ് ശാന്തമാകുന്നു.

ഒരു വ്യക്തി അയാളുടെ മനസ്സിന്റെ നിയന്ത്രണം സ്വയം ഏറ്റെടുക്കുന്നതോടെ അയാളിൽ സ്ഥായിയായ ഒരു വ്യക്തിത്വം രൂപം കൊള്ളുന്നു. മനസ്സിന്റെ നിയന്ത്രണം ഏറ്റെടുക്കുവാൻ കഴിയണമെങ്കിൽ മനസ്സുകൊണ്ട് തീരുമാനമെടുത്ത് പ്രവൃത്തികൾ ചെയ്യുവാനുള്ള കഴിവ് നേടിയെടുക്കണം. അപ്രകാരം ചെയ്യാൻ കഴിഞ്ഞാൽ നാം അറിഞ്ഞുകൊണ്ട് നമ്മിൽ നടത്തുന്ന വലിയൊരു മാറ്റത്തിന്റെ തുടക്കം കുറിക്കും. മനസ്സുകൊണ്ട് തീരുമാനമെടുത്ത് പ്രവൃത്തികൾ ചെയ്യുമ്പോൾ നാം സ്വന്തം കാലിൽ ഉറച്ചു നില്ക്കുകയാണ്. അതോടൊപ്പം നമ്മുടെ വ്യക്തിത്വവും ഉയരുകയാണ്. എല്ലാവിധ ബലഹീനതകളെയും ഇല്ലായ്മ ചെയ്ത് ശക്തവും ശാന്തവും ആധികാരികവുമായ ഒരു വ്യക്തിത്വ ഘടന നേടിയെടുക്കുന്നതിന് മനസ്സിന്റെ നിയന്ത്രണം മൂലം ഏവർക്കും സാധ്യമാണ്. ●



oushadathottam

# ആര്യവേപ്പ്

സിജി മാത്യു ,ബോധന,തിരുവല്ല

വർഷങ്ങൾ കഴിഞ്ഞപ്പോൾ സംസ്കൃതത്തിന്റെ പ്രചാരത്തിന് ശോഷണം സംഭവിക്കുകയും ആയുർവേദത്തിന്റെ മുന്നോട്ടുള്ള പുരോഗമനത്തിന് ചെറിയ തടസ്സങ്ങൾ നേരിടുകയും ചെയ്തു. ആധുനിക വൈദ്യശാസ്ത്രവും പ്രചാരവും ഒരു പരിധിവരെയും അതിന് വഴിതെളിക്കുകയും ചെയ്തു. എന്നാൽ ഈ അടുത്ത സമയങ്ങളിൽ ആയുർവേദ ചികിത്സാ സമ്പ്രദായത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ കണ്ടു തുടങ്ങുന്നു. ഇന്നിന്റെ  ജനങ്ങൾക്ക് ആയുർവേദ ചികിത്സയോടും ഔഷധസസ്യങ്ങളോടുമുള്ള  താല്പര്യവും വർദ്ധിച്ചു. അതിലുപരിയായി ആയുർവേദ വിദ്യാഭ്യാസ രീതിയിൽ വന്ന മുന്നേറ്റവും ആധുനിക യന്ത്രസഹായത്തോടുകൂടിയുള്ള മരുന്നുകളുടെ നിർമ്മാണവും ആകാം. എന്നിരുന്നാലും ഈ ഔഷധസസ്യങ്ങളുടെ ഗുണങ്ങൾ എല്ലാവരും പുത്തൻ തലമുറയും മനസ്സിലാക്കുന്നു എന്നുള്ളതും സന്തോഷം പകരുന്നു.

നമ്മുടെ പറമ്പുകളിലും പരിസരങ്ങളിലും വളർന്നു വന്ന ഔഷധഗുണമുള്ള മരങ്ങൾ അന്യം നിന്നുപോകുമ്പോൾ നമ്മളിൽ കുറച്ചു പേരെങ്കിലും ഔഷധസസ്യങ്ങളുടെ ലോകത്തേക്കു തിരിയുന്നത് ഒരു പുതുജീവൻ പകരുന്ന തലമുറയുടെ ലക്ഷണമാണ്. നമ്മൾ കഴിഞ്ഞ ലക്കങ്ങളിൽ ചില ഔഷധസസ്യങ്ങളെയും അവയുടെ ഗുണങ്ങളെയുംകുറിച്ച് വായിക്കുകയുണ്ടായി. എല്ലാം നമ്മുടെ നിത്യജീവിതത്തിൽ ആവശ്യവുമാണ്. ഈ ലക്കം നമ്മൾ ആര്യവേപ്പിനെക്കുറിച്ചാണ് അറിയാൻ പോകുന്നത്. നമ്മുടെ ജീവിതത്തിൽ ആര്യവേപ്പ് ഒരു ഔഷധഗുണമുള്ള മരമാണെന്നും ചിക്കൻ പോക്സ്, രക്തവാതം, അലർജി മുതലായ അസുഖങ്ങൾക്ക് നല്ലതാണെന്നുമുള്ള നാട്ടറിവു മാത്രമാണ് നമുക്കുള്ളത്. വളരെയേറെ ഔഷധഗുണമുള്ള ഈ മരം വലിയ മരമായി വളരുന്നു. എന്നാൽ വീട്ടുവളപ്പിലും നമുക്ക് വളർത്താൻ പറ്റുന്നവയാണ്. ഇതിന്റെ ഇലയും തൊലിയും കായും ഔഷധഗുണമുള്ളതാണ്. സർവ്വരോഗങ്ങൾക്കും ഒരു ഉത്തമ ഔഷധമാണെന്ന് ആയുർവേദ സിദ്ധന്മാർ തെളിയിച്ചിട്ടുള്ളതാണ്. വേപ്പിലയും പച്ചമഞ്ഞളും അരച്ചു പുരട്ടിയാൽ ചർമ്മ രോഗങ്ങൾക്ക് ശമനം കിട്ടും. വേപ്പില ഇട്ടു തിളപ്പിച്ച വെള്ളംകൊണ്ടു തലകഴുകിയാൽ തലയിലെ താരനും പേനും പോകും എന്നുള്ളതു മാത്രമല്ല, മുടി കൊഴിച്ചിലിനും കുറവുണ്ടാകുകയും ചെയ്യും. ദിവസവും ഓരോ ഇലകൾ കഴിക്കുന്നത് ശരീരത്തിന്റെ രക്തശുദ്ധിക്കും ഉത്തമം തന്നെ. ഈ ഔഷധസസ്യം നമുക്കും നമ്മുടെ വീട്ടിൽ നിർബന്ധമായും വളർത്താം. ഈ ഔഷധസസ്യത്തെ തഴുകിവരുന്ന കാറ്റ് നമ്മുടെ ശരീരത്തിനെയും മനസ്സിനെയും രോഗമുക്തിയാക്കട്ടെ. പുതുതലമുറയുടെ ആരോഗ്യം ഈ ഔഷധസസ്യത്താൽ അനുഗ്രഹിക്കപ്പെടട്ടെ.



# പുശ്ബശ്ശ്ലോമോ...

**ഫാ. ജിനു കുരുവിള, കിഴക്കേമുട്ടത്തിൽ**

മാനേജിംഗ് എഡിറ്റർ, ക്നാനായ ദീപം

### ജനനം

ഇറാക്കിലെ മൂസൽ എന്ന സ്ഥലത്ത് പ്രസിദ്ധമായ ഈവാസ് കുടുംബത്തിൽ 1933 ഏപ്രിൽ 23ന് ഭൂജാതനായ മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ ചെറുപ്പത്തിലെ പേര് 'സെൻഹരീബ്' എന്നായിരുന്നു(മോർ ബഹനാം സഹദായുടെ പിതാവിന്റെ പേര് സെൻഹരിബ്' എന്നായിരുന്നു). മോറാന്റെ പിതാവിന്റ പേര് ബഷീർ ഈവാസ് എന്നും മാതാവിന്റെ പേര് ഹസീബ എറ്റോ എന്നുമായിരുന്നു. ബഷീർ ഈവാസ് - ഹസീബ എറ്റോ ദമ്പതികളുടെ ഏഴുമക്കളിൽ നാലാമനായി ജനിച്ച മോറാന് മൂന്നു സഹോദരങ്ങളും മൂന്ന് സഹോദരിമാരും ഉണ്ടായിരുന്നു. കേവലം 10-ാം വയസ്സിൽ ഹൃദയാഘാതം മൂലം പിതാവിനെയും 12-ാം വയസ്സിൽ വൃക്ക സംബന്ധമായ അസുഖത്തെ തുടർന്ന് മാതാവിനെയും അദ്ദേഹത്തിന് നഷ്ടപ്പെട്ടു.

### ദൈവവിളി

സന്യാസ ജീവിതം ആഗ്രഹിച്ച സെൻഹരിബ് 1946 ൽ തന്റെ 13-ാം വയസ്സിൽ ഇറാക്കിലെ മൂസലിലുള്ള സെന്റ് അഫ്രേം തിയോളജിക്കൽ സെമിനാരിയിൽ ചേർന്നു. സെമിനാരിയിൽ ചേർന്ന കാലം മുതൽ അദ്ദേഹം സഖാ എന്ന പേരിൽ അറിയപ്പെട്ടു. കാലം ചെയ്ത കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമ്മീസ് തിരുമേനി വൈദികനായി മൂസലിലെ സെമിനാരിയിൽ പഠിച്ചിരുന്ന



പ. പാത്രിയർക്കീസ് ബാവായുടെ കുടുംബം



പ. പാത്രിയർക്കീസ് ബാവ ചെറുപ്പകാലം

കാലത്ത് പരി.ബാവ വിദ്യാർത്ഥിയായും (1949–1951) ഒരുമിച്ച് പരിശീലനം നേടിയിരുന്നു.

## ശെമ്മാശ പദവിയിലേയ്ക്ക്

1948 നവംബർ 28–ാം തീയതി മോർ അത്താനാസിയോസ് തോമ ഖസീർ മെത്രാപ്പോലീത്തായാൽ തന്റെ 15–ാം വയസ്സിൽ ***കോറൂയോ*** സ്ഥാനത്തേയ്ക്കും 1953 ഫെബ്രുവരി 8–ാം തീയതി മോർ ഗ്രീഗോറിയോസ് പൗലോസ് ബഹനാം മെത്രാപ്പോലീത്തായൽ ***യൗഫ്ദയ്ക്കനോ*** സ്ഥാനത്തേയ്ക്കു ഉയർത്തപ്പെട്ടു. 1954 ജൂൺ 6ന് അഭി. ഗ്രീഗോറിയോസ് പൗലോസ് ബഹനാം മെത്രാപ്പോലീത്തായൽ റമ്പാനായി സന്യാസ ജീവിതം സ്വീകരിച്ചു. പരി. മോറാൻ മോർ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ കല്പനയാൽ 1955 ഡിസംബർ 18–ാം തീയതി ഹോംസിലുള്ള പരിശുദ്ധ ദൈവമാതാവിന്റെ സൂനോറോ പള്ളിയിൽ വച്ച് അഭി. മോർ ദീവന്ന്യാസ്യോസ് ബഹനാം മെത്രാപ്പോലീത്തായാൽ പൂർണ്ണ ശെമ്മാശ്ശനായി ***(മ്ശംശോനോ)*** ഉയർത്തപ്പെട്ടു. അതേ വർഷം തന്നെ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ തന്റെ രണ്ടാം സെക്രട്ടറിയായും പിന്നീട് പ്രഥമ സെക്രട്ടറിയായും സഖാ റമ്പാനെ ഉയർത്തി നിയമിച്ചു.

## കശീശാ സ്ഥാനം

പരി. അപ്രേം പ്രഥമൻ ബാവാ കാലം ചെയ്തതിനെ തുടർന്ന് പരി. യാക്കോബ് തൃതിയൻ പാത്രിയർക്കീസ്ബാവ സിംഹാസനാരൂഢനാവുകയും സഖാ റമ്പാൻ, ബാവായുടെ സെക്രട്ടറിയായി തുടരുകയും ചെയ്തു. 1957 നവംബർ 17— ാം തീയതി പരി. യാക്കോബ് തൃതിയൻ പാത്രിയർക്കീസ്ബാവായാൽ കശ്ശീശ്ശ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. തന്റെ 26–ാം വയസ്സിൽ 1959 ഏപ്രിൽ 15ന് പരി. പാത്രിയർക്കീസ്ബാവാ കുരിശുമാല നൽകി സഖാ റമ്പാച്ചനെ ആദരിച്ചു. 1960 ൽ ന്യൂയോർക്കിലെ ജനറൽ തിയോളജിക്കൽ കോളേജിൽ ചേർന്നു പാസ്റ്ററൽ തിയോളജിയും തത്വശാസ്ത്രവും പഠിച്ചു. 1962 –63 ൽ നടന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പാത്രിയർക്കാ പ്രതിനിധിയായി സഖാ റമ്പാച്ചൻ പങ്കെടുത്തു.

## മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക്


പരി. യാക്കോബ് ത്രിതിയൻ പാത്രിയർക്കീസ് ബാവ 1963 നവംബർ 17–ാം തീയതി സഖാ റമ്പാച്ചനെ ***മോർ സേവേറിയോസ് സഖാ*** എന്ന പേരിൽ വാഴിച്ചു. യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവായോടൊപ്പം 1964 ൽ മലങ്കരയിലേക്ക് എഴുന്നള്ളുകയും പരി. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്ക ബാവായുടെ സ്ഥാനാരോഹണത്തിൽ സംബന്ധിക്കുകയും ചെയ്തു.

## തോമാശ്ലീഹായുടെ തിരുശേഷിപ്പ്

ഇറാക്കിലെ മൂസൽ സെന്റ്തോമസ് കത്തീഡ്രലിൽനിന്നു തോമാശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടെടുക്കാനുള്ള നിയോഗം ലഭിച്ചത് മോർ സേവേറിയോസ് സഖാ തിരുമേനിക്കായിരുന്നു. വി. തോമാശ്ലീഹായുടെ തിരുശേഷിപ്പ് മൈലാപ്പൂരിൽനിന്ന് ഉറഹായിലേക്ക് (എഡേസാ) കൊണ്ടുപോയത് ജൂലൈ 3–ാം തീയതി ആകയാൽ ജൂലൈ 3 തോമാശ്ലീഹായുടെ ദുഖ്റോനോ പെരുന്നാളായി ആചരിക്കുന്നു. അന്നേ ദിവസത്തിലെ വി. കുർബ്ബാനയിലെ ഹൂത്തോമോയിൽ ഇപ്രകാരം പാടുന്നു.

*ഉറഹാപുരിയിൽ നിന്നാഗതനാമൊരു ഗുരുഭക്തൻ*
*അത്തിരുശേഷിപ്പുറഹാപുരിയിൽ നിക്ഷേപിച്ചാൻ..*

നാലാം നൂറ്റാണ്ടിൽ തോമാശ്ലീഹായുടെ തിരുശേഷിപ്പ് മൈലാപ്പൂരിൽ നിന്ന് ഉറഹായിലേയ്ക്ക് കൊണ്ടുപോയതായി വിശ്വസിക്കപ്പെടുന്നു. നാലാം നൂറ്റാണ്ടിൽ ഉറഹായിൽനിന്നു ഈ ദേശവുമായി ബന്ധമുണ്ടായിരുന്നത് ക്നായിതോമായ്ക്കാണ്. ഇതിൽനിന്നും എ.ഡി. 345ലെ സിറിയൻ കുടിയേറ്റവുമായി ബന്ധപ്പെട്ടാവണം തിരുശേഷിപ്പ് ഉറഹായിലെത്തിയത് എന്ന് അനുമാനിക്കാം. തുർക്കിയിൽ ആഭ്യന്തര യുദ്ധം മൂർച്ചിച്ചപ്പോൾ തുർക്കിയിലെ ഉറഹായിൽ നിന്ന് തിരുശേഷിപ്പ് സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റിയതുമൂലമാവണം മൂസലിൽ എത്തപ്പെട്ടത്.



പ. പാത്രിയർക്കീസ് ബാവ ശെമ്മാശ്ശനായിരുന്നപ്പോൾ



പ. പാത്രിയർക്കീസ് ബാവ റമ്പാനായിരുന്നപ്പോൾ

ഇരുപതാം നൂറ്റാണ്ടുവരെ തിരുശേഷിപ്പ് എവിടെ എന്ന് അറിയില്ലായിരുന്നു. ചില പുരാതന ലിഖിതങ്ങളിൽനിന്ന് ലഭിച്ച സൂചന പഠിച്ചശേഷം മോർ സേവേറിയോസ് സഖാ തിരുമേനി 1964 സെപ്റ്റംബർ 1-ാം തീയതി മൂസലിലെ ഭദ്രാസന ദൈവാലയമായ സെന്റ് തോമസ് പള്ളിയിലെ മദ്ബഹായുടെ ഭിത്തിയിൽനിന്നും വി. തോമാശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടെടുത്തു. പരി. ഔഗേൻപ്രഥമൻ കാതോലിക്കാബാവാ 1965ൽ പാത്രിയർക്കാ ആസ്ഥാനം സന്ദർശിച്ച അവസരത്തിൽ തിരുശേഷിപ്പിന്റെ ഒരു ഭാഗം അദ്ദേഹത്തിന് സമ്മാനമായി നൽകി. ഇത് ഇപ്പോൾ മലങ്കര ഓർത്തഡോക്സ് സഭയുടെ ആസ്ഥാനമായ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനചാപ്പലിൽ സ്ഥാപിച്ചിട്ടുണ്ട്. 1995ൽ തിരുശേഷിപ്പിന്റെ ഒരു ഭാഗം മലങ്കരയിലേക്ക് നൽകുകയും അത് മുളന്തുരുത്തി മാർത്തൊമ്മൻ പള്ളിയിൽ സ്ഥാപിക്കുകയും ചെയ്തു.

## എക്യുമെനിക്കൽ നേതാവ്

പ്രഗത്ഭനായ വേദ ശാസ്ത്രജ്ഞനും എക്യുമെനിക്കൽ രംഗത്തെ നിറസാന്നിദ്ധ്യവുമായിരുന്നു മോർ സാഖാ സേവേറിയോസ് മെത്രാപ്പോലീത്ത. 1965ൽ ആഡിസ് അബാബയിൽ വച്ച് നടന്ന പാൻ ഓർത്തഡോക്സ് മീറ്റിലും 1968ലെ ലാബത്ത് കോൺഫ്രൻസിലും സംബന്ധിച്ചു 1975ൽ WCC Central Committe യിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

മൂസൽ ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന മോർ സേവേറിയോസ് സഖാ തിരുമേനിക്ക് 1967ൽ യൂറോപ്പ് ഭദ്രാസനത്തിന്റെ അധിക ചുമതല ലഭിച്ചു. 1969ൽ ബാഗ്ദാദിന്റെ ആർച്ച്ബിഷപ്പായി നിയമനം ലഭിച്ച അദ്ദേഹത്തിന് ഇറാക്കിലെ പുരാതനമായ മോർ മത്തായി ദയറായുടെ ചുമതലയും ലഭിച്ചു. 1978ൽ പുതുതായി രൂപീകരിച്ച ആസ്ട്രേലിയൻ ഭദ്രാസനത്തിന്റെ അധിക ചുമതല ലഭിക്കുകയും സിഡ്നിയിലും മെൽബണിലും പുതിയ കോൺഗ്രിഗേഷനുകൾ സ്ഥാപിക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു.

## പാത്രിയർക്കാ സ്ഥാനത്തേക്ക്

1980 ജൂൺ 25ന് പരി. യാക്കോബ് തൃതിയൻ ബാവാകാലം ചെയ്തതിനെ തുടർന്ന് ജൂലൈ 11 -ാം തീയതി കൂടിയ ആകമാനസുറിയാനി സഭയുടെ സുന്നഹദോസ് മോർ സേവേറിയോസ് സഖാ തിരുമേനിയെ പത്രോസിന്റെ ശ്ലൈഹികസിംഹാസനാധിപതിയായി തിരഞ്ഞെടുത്തു. 1980 സെപ്റ്റംബർ 14 -ാം തീയതി സ്ലീബാപെരുന്നാൾ ദിവസം പാത്രിയർക്കാ ആസ്ഥാനമായ ദമസ്കസിലെ സെന്റ് ജോർജ്ജ് കത്തീഡ്രലിൽ വച്ച് ***മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ*** എന്ന പേരിൽ പരി. പത്രാസിന്റെ 122-ാം പിൻഗാമിയായി അദ്ദേഹത്തെ വാഴിച്ചു. കേവലം 47-ാം വയസ്സിൽ പാത്രിയർക്കീസായി വാഴിക്കപ്പെട്ട മോറാന് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വളരെയേറെ അഭിനന്ദനങ്ങൾ ലഭിച്ചു.

പരി. ബാവായുടെ സ്ഥാനാരോഹണത്തിനു ശേഷം ഇതര സഭകളുകളുമായുള്ള ബന്ധം കൂടുതൽ ഊഷമളമായി. മതാന്തര സംവാദത്തിന് പരി. പിതാവ് മുൻകൈ എടുത്തു. 1984 ൽ വത്തിക്കാനിലെത്തി മാർപ്പാപ്പയെ സന്ദർശിച്ചു. 2001 ൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ പാത്രിയർക്കാ ആസ്ഥാനമായ ദമസ്ക്കസിലെ ബാബ് തൂമയിലെത്തി പരി. ബാവായെ സന്ദർശിച്ചു. മിഡിൽ ഈസ്റ്റ് കൗൺസിൽ ഓഫ് ചർച്ചിന്റെ അദ്ധ്യക്ഷനായി പ്രവർത്തിച്ച ബാവാ പിന്നീട് ലോക സഭാ കൗൺസിൽ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.


## ഭാഗ്യസ്മരണാർഹനായ ബാവാ

കഴിഞ്ഞ രണ്ടുനൂറ്റാണ്ടുകളിൽ അന്ത്യോഖ്യൻ സുറിയാനി സഭയക്ക് ഏറ്റവും കൂടുതൽകാലം നേതൃത്വം നൽകിയ പാത്രിയർക്കീസായിരുന്നു മോറാൻമോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ. 1980 സെപ്റ്റംബർ 14ന് സ്ഥാനാരോഹണം ചെയ്ത ബാവ പത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തിൽ 12,241 ദിവസം (33 വർഷം 6 മാസം 7 ദിവസം) പരമാദ്ധ്യക്ഷപദം അലങ്കരിച്ചു. മലങ്കര സഭയ്ക്ക് ഇപ്പോഴത്തെ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമനെ വാഴിച്ചതോടൊപ്പം ആഗോള സുറിയാനി സഭയ്ക്ക് 58 ലധികം പ്രധാനാചാര്യന്മാരെ വാഴിച്ച് പരി. സഭയക്ക് സുധീര നേതൃത്വം നൽകി.

ഇറാക്കിലെയും സിറിയായിലെയും യുദ്ധവും അത് സൃഷ്ടിച്ച ഭീകരതയേയും ബാവ സമചിത്തതയോടെ നേരിട്ടു. തന്റെ ജന്മദേശമായ ഇറാക്കിനെ ആമേരിക്ക ആക്രമിച്ച അവസരത്തിൽ അവിടെനിന്ന് അഭയാർത്ഥികളായി സിറിയയിൽ എത്തിയവരെ പുനരധിവസിപ്പിക്കുവാൻ ബാവാ മുൻകൈ എടുത്തു. കഴിഞ്ഞ കുറെ നാളുകളായി ആഭ്യന്തര യുദ്ധത്താൽ സിറിയ കലുഷിതമായിരുന്നു. ഈ സാഹചര്യത്തിൽ പാത്രിയർക്കാ ആസ്ഥാനം അമേരിക്കലേക്കോ, ഏതെങ്കിലും യൂറോപ്യൻ രാജ്യങ്ങളിലേക്കോ മാറ്റുവാൻ ഉള്ള സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ ദൈവം അബ്രഹാമിലൂടെ ആരംഭിച്ച രക്ഷാകര പദ്ധതിയുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്ന പശ്ചിമേഷ്യയുടെ മണ്ണ് വിട്ട് താൻ എങ്ങോട്ടും ഇല്ല എന്ന ബാവയുടെ ദൃഢ നിശ്ചയം കർത്താവിന്റ സഭയക്കുവേണ്ടി പീഡകൾ സഹിച്ച സഭാപിതാക്കന്മാരുടെ പാതയിൽതന്നെ സഞ്ചരിക്കുവാനുള്ള തീവ്രമായ ആഗ്രഹമാണ് വ്യക്തമാക്കുന്നത്.

## നിത്യതയിലേയക്ക്

2014 മാർച്ച് 21-ാം തീയതി മോറാൻ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ദമസ്കസിൽ നിന്നും 30 കിലോമീറ്റർ അകലെ മലഞ്ചെരുവിൽ മാറത്ത് സെയ്ദനാ എന്ന സ്ഥലത്ത് ബാവ പണികഴിപ്പിച്ച സെന്റ് അപ്രേം തിയോളിക്കൽ സെമിനാരിയും പരി. പത്രോസ് പൗലോസ് ശ്ലീഹാന്മാരുടെ നാമത്തിലുള്ള കത്തീഡ്രലും, പാത്രിയർക്കാ അരമനയും ഉൾക്കൊള്ളുന്ന സ്ഥലത്തു തന്നെ ബാവായുടെ ആഗ്രഹമനുസരിച്ച് കബറടക്കവും നടത്തപ്പെട്ടു.



# പ്രബോധനം

## തിരുവചനത്തിന്റെ പുനർവായന

**മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...**

**മെയ് 4. ഉയിർപ്പിനുശേഷം 2-ാം ഞായർ**

**എഫേ. 2:14-22, യോഹ.21:1-14**

"എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല" (യോഹ.15:5)

തിരുസഭയുടെ പ്രാരംഭകാല അനുഭവങ്ങളിൽനിന്ന് പ്രചോദനം ഉൾക്കൊള്ളുകയും പാഠങ്ങൾ പഠിക്കുകയും ചെയ്താൽ മാത്രമേ സഭ നിത്യനൂതനവും പൗരാണികവുമായി നിലനിൽക്കുകയുള്ളൂ. സുവിശേഷങ്ങൾ വിവരിക്കുന്നത് സഭയുടെ ബാല്യകാല സംഭവങ്ങളാണെങ്കിലും അവയുടെ പ്രസക്തി ഒരു കാലത്തും ഇല്ലാതാകുന്നില്ല. മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്ത ഈശോ പലപ്രാവശ്യം ശിഷ്യസമൂഹത്തിന് പ്രത്യക്ഷപ്പെട്ട് മരണാനന്തര ജീവിതത്തിന്റെ പ്രത്യാശയിൽ അവരെ ഉറപ്പിക്കുന്നത് നാം കാണുന്നുണ്ട്. എന്നിരിക്കിലും ഈശോ തന്നോടൊപ്പം അവരെയും കൂട്ടിക്കൊണ്ടുപോകാൻ തയ്യാറായതേയില്ല.

ഏഴ് ക്രിസ്തുശിഷ്യർ ഒത്തുചേർന്ന് മത്സ്യബന്ധനത്തിന് പോയത് ഒരപരാധമായി ചിത്രീകരിക്കാൻ കാരണമൊന്നും കാണുന്നില്ല. ഈശോ അവരുടെ ജോലിസ്ഥലത്തെത്തി തന്റെ സാന്നിദ്ധ്യം കൊണ്ടും പ്രോത്സാഹനം കൊണ്ടും തന്റെ അത്ഭുതശക്തികൊണ്ടും താൻ ഒരുക്കിയ ദിവ്യമായ പ്രഭാതഭക്ഷണം കൊണ്ടും അവരെ അനുഗ്രഹിക്കുകയും ശക്തിപ്പെടുത്തുകയുമാണ് ചെയ്തത്. അതേ തുടർന്ന് പത്രോസിനെയും മറ്റ് അപ്പസ്തോലന്മാരെയും ഇടയന്മാരായി നിയമിച്ചാക്കിയപ്പോൾ ഈശോ അവർക്കു പ്രവർത്തിക്കാനുള്ള മേഖല തുറന്നു കൊടുക്കുകയായിരുന്നു. ആടുകളെ മേയിക്കുന്നവർ ആടുകളെക്കൊണ്ട് ഉപജീവനം കഴിക്കുന്നത്



തികച്ചും സ്വാഭാവികം മാത്രം. വ്യക്തമായ ഒരു കർമ്മപദ്ധതി രൂപീകരിക്കപ്പെടുന്നതിനുമുൻപ്, മറ്റൊന്നും ചെയ്യാനില്ലാതെ വെറുതെ ഇരിക്കുന്നതിലെ ശരികേട് മനസ്സിലാക്കിതന്നെയാണ് പത്രോസ് പറഞ്ഞത്: "ഞാൻ മീൻ പിടിക്കാൻ പോകുന്നു"എന്ന്.

വലയും വള്ളവും മത്സ്യബന്ധനത്തിനുള്ള പരിചയവും സമുദ്രം നിറയെ മത്സ്യങ്ങളും ഉണ്ടായിട്ടും അവർക്ക് ഒന്നും കിട്ടിയില്ല. എന്നാൽ ഈശോയുടെ നിർദ്ദേശപ്രകാരം വല ഇറക്കിയപ്പോൾ പെരുത്ത ഭാഗ്യമാണ് അനുഭവപ്പെട്ടത്. സാധാരണയായി മനുഷ്യർ ഐശ്വര്യം വരുമ്പോൾ ദൈവത്തെ മറക്കുകയും ധിക്കാരികളാകുകയും ദുഷ്ടത പ്രവർത്തിക്കാൻ മടിയില്ലാത്തവരായിത്തീരുകയുമാണല്ലോ പതിവ്. ഇത് വളരെ അപകടകരമായ പ്രവണതയാണ്. സമൃദ്ധിയുടെ സന്ദർഭങ്ങളിൽ അത് കർത്താവാണ് എന്ന് തിരിച്ചറിഞ്ഞ് നന്ദി നിറഞ്ഞ ഹൃദയത്തോടെ അവിടുത്തെ ആരാധിക്കാനും അനുസരിക്കാനും നാം ബാദ്ധ്യസ്ഥരാണ്. അറിവും ആരോഗ്യവും ആനന്ദവും സമ്പത്തും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ദൈവവേല ചെയ്യാനോ, ദൈവരാജ്യം വിസ്തൃതമാക്കാനോ ദേവാലയ ശുശ്രൂഷയ്ക്കുപോലുമോ ആളെ കിട്ടാനില്ല എന്ന അവസ്ഥ വരുന്നത് ദൈവനിന്ദ തന്നെയല്ലേ?

## കർത്താവൊരുക്കിയ പ്രഭാത ഭക്ഷണം

"അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്ന് ഈശോ ഒരിക്കൽ പറയുകയുണ്ടായി (മത്തായി 11:28). "വന്നു പ്രാതൽ കഴിക്കുവിൻ" (യോഹ.21:12) എന്ന വചനം ആ ശിഷ്യന്മാർക്ക് എത്ര ഹൃദ്യമായി അനുഭവപ്പെട്ടിരിക്കാം. കർത്താവ് ഒരുക്കി കാത്തിരിക്കുന്ന പ്രഭാത ഭക്ഷണമാണല്ലോ അതിരാവിലെ നാം പങ്കെടുക്കുന്ന ദിവ്യബലി. അതിൽ പങ്കുചേർന്നതിനുശേഷം നമ്മുടെ അനുദിന ജോലിക്കു പോകുന്നത് എത്ര അനുഗ്രഹപ്രദമായിരിക്കുമെന്ന് അനുഭവിച്ചറിയുകതന്നെ വേണം. ഉയിർത്തെഴുന്നേറ്റവനായ ഈശോ തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോഴെല്ലാം ഒരു ലഘുഭക്ഷണത്തോടുകൂടിയാണ് ആ കൂടിക്കാഴ്ച സമാപിച്ചിട്ടുള്ളത്. ഉയിർപ്പിന്റെ സാക്ഷികളായ ക്രൈസ്തവർക്കും ഈ സ്നേഹവിരുന്ന് സുപ്രധാനമാണ്. ഇവിടെയാണ് നാം ദൈവത്തെ കണ്ടുമുട്ടുന്നത്. ഇവിടെയാണ് നാം നമ്മുടെ പൂർവ്വീകരെ കണ്ടുമുട്ടുന്നത്. ലക്ഷോപലക്ഷം മാലാഖമാരുടെ സംഘങ്ങളോടും വിശുദ്ധന്മാരുടെ കൂട്ടത്തോടും ചേർന്ന് അല്പസമയം ചെലവഴിക്കാൻ കഴിയുന്നത് എത്ര വലിയ ഭാഗ്യമാണ്. നമ്മുടെ നന്ദിയും സ്തുതികളും ദൈവത്തിന് സമർപ്പിക്കുവാനും നമ്മുടെ ദുഃഖങ്ങളും ഭാരങ്ങളും രോഗങ്ങളും കർത്താവിനെ ഏല്പിക്കുവാനും പാപങ്ങൾക്ക് പരിഹാരം ചെയ്യാനും നമുക്ക് ലഭിക്കുന്ന

ഏറ്റവും നല്ല അവസരമാണല്ലോ ദിവ്യബലി.

*ഫാ. ഏബ്രഹാം കാടമല*

## മെയ് 11. ഉയിർപ്പിനുശേഷം മൂന്നാം ഞായർ
## എഫേ 2:1 – 10, ലൂക്ക 24:13 – 35

എമ്മാവൂസിലേക്കുള്ള യാത്ര വിശുദ്ധ കുർബ്ബാനയിലെ തീർത്ഥയാത്രയ്ക്ക് സമാനമാണ്. ഒരുക്ക ശുശ്രൂഷയിലാരംഭിച്ച്, സമാധാനത്താലെ തിരികെ പോകുന്ന ഒരു യാത്ര. വചനം മുറിക്കലിന്റെയും അപ്പം മുറിക്കലിന്റെയും അനുഭവങ്ങളുള്ള യാത്ര. അതിനാൽ തന്നെ എമ്മാവൂസ് യാത്രയെക്കുറിച്ചുള്ള വിചിന്തനം ഓരോ വി. കുർബ്ബാനയും കൂടുതൽ അനുഭവദായകമാക്കാൻ നമ്മെ സഹായിക്കും.

**അവർ മ്ലാനവദനരായിരുന്നു**

ആ രണ്ടു ശിഷ്യന്മാരും യേശുവിന്റെ വാക്കുകളുടെയും പ്രവർത്തികളുടെയും നേർസാക്ഷികളായിരുന്നു. പീഡാസഹനത്തിനു മുൻപുള്ള ഗുരുമൊഴികളിലൂടെയും പീഡാസഹനത്തിനുശേഷമുള്ള ഉയിർപ്പിന്റെ സാക്ഷ്യങ്ങളിലൂടെയും ക്രിസ്തുവിലെ 'ദൈവപുത്രനെ' തിരിച്ചറിയുവാനുള്ള സാദ്ധ്യത അവരുടെ മുൻപിൽ തുറന്നു കിടന്നിരുന്നു. പിന്നെ എന്തുകൊണ്ടാണ് ഒരു ദുഃഖവെള്ളിയുടെ മ്ലാനത മാത്രം അവരുടെ മുഖത്ത് തളം കെട്ടിയിരുന്നത്? കാരണം, ദൈവം അറിവല്ല, അനുഭവമാണ്. അതിനാൽ തന്നെ വി. കുർബ്ബാനയുടെ തീർത്ഥയാത്രയിലൂടെ മാത്രമേ ഈ ക്രിസ്തു അനുഭവം പൂർണ്ണമായി സാദ്ധ്യമാകൂ.

**വി. കുർബ്ബാനയുടെ തീർത്ഥയാത്ര**

ആത്മീയതയെ അറിവിന്റെ വാദമുഖങ്ങളിൽ മാത്രം ഒതുക്കി നിർത്തി മ്ലാനവദനവുമായി ജീവിക്കുന്നവരാണ് നമ്മിൽ ഏവരും. ക്രിസ്തു ചരിത്രം പ്രഘോഷിക്കുമ്പോഴും കൂടെ നടക്കുന്ന ക്രിസ്തുവിന്റെ സ്വരവും സുഗന്ധവും തിരിച്ചറിയാതെ പോകുന്ന ദുരവസ്ഥ. ഈ ദുര



വസ്ഥയിൽനിന്നുള്ള പടിപടിയായുള്ള ഒരു തിരിച്ചുപോക്കാണ് യഥാർത്ഥ വി. കുർബ്ബാനാനുഭവം.

ഓരോ കുർബ്ബാനയിലും എന്റെ തർക്കങ്ങളും വാദങ്ങളും പരിവേദനങ്ങളും അവസാനിപ്പിക്കുവാനും എന്നോടു കൂടെ നടക്കുന്നവന്റെ വചനങ്ങൾക്ക് ചെവി കൊടുക്കുവാനുമുള്ള ഒരു തീരുമാനം ഉണ്ടാവണം. പഴയ പുതിയ നിയമ വായനകളിലൂടെ അവൻ തന്നെ തന്നെ വ്യാഖ്യാനിക്കുന്ന 'വചനം മുറിക്കൽ ശുശ്രൂഷ'യിൽ പങ്കെടുക്കണം. അനുതാപ പ്രാർത്ഥനയിലൂടെയും വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിലൂടെയും 'ഞങ്ങളോടുകൂടെ താമസിക്കുക' എന്ന് അവനെ നിർബന്ധിക്കണം. അവസാനം അവൻ ആശീർവദിച്ചു മുറിച്ചു നൽകുന്ന താനാകുന്ന അപ്പത്തിന്റെ സ്വീകരണത്തിലൂടെ കാഴ്ചയുടെ പൂർണ്ണതയിലേക്ക് എത്തണം.

അതില്ലാത്തതുകൊണ്ടാണ് പലപ്പോഴും ആത്മീയതയുടെ, അറിവിന്റെ ലോകത്തു ജീവിക്കുന്ന നമ്മുടെ പലരുടെയും മുഖം മ്ലാനമായും ആത്മീയതയുടെ അനുഭവത്തിന്റെ ലോകത്തു ജീവിക്കുന്ന ചില എളിയവരുടെ മുഖം പ്രകാശിതമായും കാണുന്നത്.

*ഫാ. തോമസ് പയ്യംപ്പള്ളിൽ*

## മെയ് 18. ഉയിർപ്പിനുശേഷം നാലാം ഞായർ
## വി. ലൂക്കോസ് 24:36 – 49;
## 2 കോരിന്ത്യ: 5:17 – 21

യാമപ്രാർത്ഥനയുടെ അവിഭാജ്യ ഘടകമായി നാം നിഖ്യാവിശ്വാസ പ്രമാണം പല പ്രാവശ്യം ഓരോ ദിവസവും ചൊല്ലുന്നവരാണ്. ദൈവപിതാവിന്റെ ഏകപുത്രനായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യങ്ങൾ, ഉയിർപ്പും സ്വർഗ്ഗാരോഹണവും, നമ്മൾ പ്രതീക്ഷിക്കുന്ന രണ്ടാമത്തെ വരവുവരെ ഒരു സംശയവും മനസ്സിലുളവാകാതെ നല്ല ബോദ്ധ്യത്തോടെയാണ് നാം ചൊല്ലുന്നത്. യേശുക്രിസ്തുവിന്റെ അപ്പസ്തോലന്മാരിൽ ആരംഭിച്ച് സഭയിലൂടെ ആ വിശ്വാസം നമ്മിലേക്ക് ഒഴുകിയെത്തിയതാണ്.

ഇന്നത്തെ വിശുദ്ധ കുർബ്ബാനയിലെ സുവിശേഷ ഭാഗം വായിക്കുമ്പോൾ മൂന്നു വർഷം സദാ നമ്മുടെ കർത്താവിന്റെ കൂടെ ഉണ്ടായിരുന്ന ശ്ലീഹന്മാരെ ഉയിർപ്പിലുള്ള വിശ്വാസം ബോദ്ധ്യപ്പെടുത്തുന്ന രംഗമാണ് നമ്മൾ ദർശിക്കുന്നത്. അവർ അത്താഴം കഴിച്ചു കൊണ്ടിരിക്കുമ്പോൾ അടയ്ക്കപ്പെട്ടിരുന്ന മുറിയിൽ അവിടുന്ന് പൊടുന്നനെ പ്രത്യക്ഷനാകുന്നു. അവർ സംസാരിച്ചു കൊണ്ടിരുന്നത് അവിടുത്തെ ഉയിർത്തെഴുന്നേൽപിനെയും പലർക്കും പ്രത്യക്ഷപ്പെട്ട സംഭവങ്ങളും തങ്ങളോടൊപ്പം ഒരു പകൽ മുഴുവൻ നടന്നു വിശ്വാസം പഠിപ്പിച്ച എമ്മാവൂസ് യാത്രപോയി മടങ്ങിയ ശിഷ്യരുടെ അനുഭവവും ഒക്കെത്തന്നെ ആയിരുന്നു. എങ്കിലും ഉയിർത്തെഴുന്നേറ്റ യേശു 'നിങ്ങൾക്കു സമാധാനം' എന്ന് ആശംസിക്കുമ്പോൾ നമ്മൾ കാണുന്നത് നേരെ വിപരീതമായ പ്രതികരണങ്ങളാണ്. അവർ ഭയന്നുവിറച്ച് സംശയാലുക്കൾ ആയി. അവരുടെ ഉള്ളിൽ ചോദ്യങ്ങൾ ഉയർന്നു. ആരും കണ്ടിട്ടില്ലാത്ത ഭൂതത്തെയാണ് കാണുന്നതെന്നും വിചാരിച്ചു. യേശുനാഥൻ മുറിവേറ്റ തന്റെ കൈകാലുകൾ കാണിച്ച് ഇതു ഞാൻ തന്നെയാണെന്ന് പറയുന്നു. അപ്പോഴും അവിശ്വസിച്ചപ്പോൾ അവർ ഭക്ഷിച്ചുകൊണ്ടിരുന്ന വറുത്ത ഒരു മീൻ കഷണം വാങ്ങി ഭക്ഷിച്ച് വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. അപ്പോഴും അവർ വിശ്വസിച്ചതായി സുവിശേഷകനായ ലൂക്കോസ് പറയുന്നില്ല. ഉയിർപ്പെന്ന സത്യത്തെപ്പറ്റി തലമുറകളായി പ്രവാചകർ പഠിപ്പിച്ചിട്ടുള്ളതും യേശുതന്നെ ശ്ലീഹന്മാരോടൊത്തുള്ള പരസ്യജീവിത കാലത്ത് ആവർത്തിച്ചു പറഞ്ഞിരുന്നതുമാണ്. തന്റെ



## മെയ് 25. ഉയിർപ്പിനുശേഷം അഞ്ചാം ഞായർ

### യോഹ. 16:16 – 24; കൊളോ: 3:1 – 11

ഉയിർപ്പിനുശേഷമുള്ള മിക്ക ഞായറാഴ്ചയിലും യേശു, തന്റെ ശ്ലീഹന്മാരെ താൻ മരണത്തെ അതിജീവിച്ച് ഉയിർത്തെഴുന്നേറ്റു എന്ന സത്യം വിശ്വസിപ്പിക്കാൻ ശ്രദ്ധിക്കുന്നതും, ആ വാർത്ത ലോകമാസകലമുള്ള സകല മനുഷ്യർക്കും വിശ്വസിക്കാനാകും വിധം പ്രസംഗിക്കാൻ ദൗത്യം ഏല്പിക്കുന്നതും ആയിരുന്നു വിശുദ്ധ കുർബാനയ്ക്കുള്ള ഏവൻഗേലിയോൻ വായന. ഇന്നത്തെ വായനയാകട്ടെ ശ്ലീഹന്മാരെ പെന്തിക്കൊസ്തി ദിനത്തിൽ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ഒരുക്കുന്നതാണ്.

യോഹന്നാന്റെ സുവിശേഷം 12–ാം അദ്ധ്യായത്തിൽ പെസഹാ തന്റെ ശ്ലീഹരോട് ഒത്ത് ആഘോഷിച്ച ശേഷം യേശു ഒട്ടേറെ കാര്യങ്ങൾ അവരോട് പറയുകയാണ്: താൻ അവരിൽ ഒരാളാൽ ശത്രുക്കൾക്കു ഒറ്റിക്കൊടുക്കപ്പെടും, തന്നെ ബന്ധിച്ചശേഷം ശത്രുക്കൾ അന്യായമായി കുറ്റം ചുമത്തും, മരണത്തിനു വിധിക്കും, ശ്ലീഹരായ അവരെല്ലാം തന്നെ ഉപേക്ഷിച്ചു പോകും, വേദനാകരവും അവഹേളനകരവുമായ മരണത്തിനു തന്നെ ശത്രുക്കൾ ഏല്പിച്ചു കൊടുക്കും എന്നെല്ലാം വളരെ ഗൗരവമായി അവരോട് പറഞ്ഞു. അവസാനഭാഗത്ത് താൻ അല്പസമയം കൂടെയേ കൂടെക്കാണൂ, അതിനുശേഷം അല്പസമയം അവരെ വിട്ടുനിൽക്കും, വീണ്ടും അല്പസമയം കഴിഞ്ഞാൽ അവരുടെ അടുത്തേക്കു വരും എന്നൊക്കെ കേട്ടപ്പോൾ അവർക്ക് ഒന്നും മനസ്സിലാകുന്നില്ല. അവർ പരസ്പരം ചോദിക്കുന്നു, എന്തെങ്കിലും മനസ്സിലാകുന്നുണ്ടോ എന്ന്. അത്രയുമായപ്പോൾ യേശു വ്യക്തമായി പറയുകയാണ്, തന്റെ മരണം ഉടനെ നടക്കാൻ പോകുകയാണ്, താൻ പിതാവിന്റെ പക്കലേക്കു പോകുകയാണ്, അവർക്ക് വലിയ വേദന ഉണ്ടാകും എന്നെല്ലാം. പ്രസവ വേദന അനുഭവിക്കുന്ന സ്ത്രീയെ കാണിച്ച് അവളുടെ വേദന അതിശക്തമാണെങ്കിലും കുട്ടിയുടെ മുഖം കണ്ടുകഴിയുമ്പോൾ അവൾ അതെല്ലാം മറക്കുംപോലെ ദൈവപിതാവിന്റെ ശിക്ഷ സ്നേഹിക്കുന്ന പിതാവിന്റേതാകയാൽ കാലദൈർഘ്യം ഇല്ലാത്തതായിരിക്കുമെന്നും അതിനുശേഷം ലഭിക്കുന്ന സന്തോഷം വളരെ വലുതായിരിക്കുമെന്നും യേശു ശിഷ്യരോട് പറയുകയാണ്.



സുവിശേഷം ലോകം മുഴുവൻ പ്രസംഗിക്കുവാൻ അയയ്ക്കപ്പെടുന്ന ശ്ലീഹന്മാർക്ക് തന്റെ ഉയിർപ്പിൽ പൂർണ്ണ വിശ്വാസം ഉണ്ടായിരിക്കണമെന്ന് യേശുവിന് നിർബന്ധമുണ്ടായിരുന്നതുകൊണ്ടാണ് അവിടുന്ന് മേൽപ്പറഞ്ഞ പ്രകാരം അവരുടെ പക്കൽ പെരുമാറിയത്. അവർക്കും പൂർണ്ണബോദ്ധ്യത്തോടെ ലോകമെങ്ങും പോയി പ്രസംഗിക്കുവാൻ സാധിച്ചതും സഭയിലൂടെ നമ്മളിലേക്കെത്തി ജീവിതകാലത്ത് ഒരിക്കൽപോലും സംശയിക്കാതെ നമ്മുടെ വിശ്വാസപ്രമാണം എന്നും പ്രാർത്ഥനയുടെ ഭാഗമാക്കി ചൊല്ലുവാൻ സാധിക്കുന്നതും കർത്താവിന്റെ ആഴമായ സ്നേഹം കൊണ്ടുമാത്രമാണ്.

ഇന്നത്തെ വിശുദ്ധ കുർബ്ബാനയ്ക്കുള്ള വിശുദ്ധ പൗലോസിന്റെ കോറിന്ത്യർക്കുള്ള രണ്ടാം ലേഖനഭാഗത്തുനിന്ന് രണ്ടു ചിന്തകൾകൂടെ നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരാം. ഒന്ന് ക്രിസ്തുവിൽ വിശ്വസിക്കുന്നവൻ പുതിയ സൃഷ്ടിയായി മാറുന്നു എന്നതാണ് വിശ്വാസത്തിനാധാരമായ മാമോദീസാ സ്വീകരിക്കുമ്പോൾ വെള്ളത്തിൽ മുങ്ങി അവിടുത്തെ മരണത്തോടു സാദൃശ്യപ്പെടുകയും അതിൽനിന്ന് ഉയർത്തപ്പെടുമ്പോൾ അവിടുത്തെ ഉത്ഥാനത്തിൽ പങ്കാളിയായിത്തീരുന്നുവെന്നും വിശുദ്ധ പൗലോസ് പഠിപ്പിക്കുകയാണ്. രണ്ടാമത്തെ ചിന്ത അദ്ദേഹം ശ്ലീഹന്മാരെപ്പറ്റി അവർ ക്രിസ്തുവിന്റെ സ്ഥാനപതികളും രമ്യതയുടെ ശുശ്രൂഷകരും ആണെന്നാണ് പറയുന്നത്.

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെ ഇല്ലാതാക്കാൻ പുറപ്പെട്ട തന്നെ യേശുതന്നെ പ്രത്യക്ഷപ്പെട്ട് മാനസാന്തരപ്പെടുത്തിയ സത്യവും അവിടുത്തെ രമ്യതയുടെ ശുശ്രൂഷ ലോകമാകെ നടത്തുവാൻ ഉത്തേജിപ്പിച്ചതുമൊക്കെ അനുസ്മരിച്ചുകൊണ്ട് വിശുദ്ധ പൗലോസ് നമ്മെയും അതേ സാക്ഷ്യത്തിന് പ്രേരിപ്പിക്കുകയാണ്. അദ്ദേഹത്തെപ്പോലെ ക്രിസ്തുവിന്റെ സ്ഥാനപതികളായി ക്രൈസ്തവരായ നമ്മൾ ഓരോരുത്തരും അനുദിനം ജീവിക്കണമെന്ന്. നമ്മുടെ വിശ്വാസത്തിനു കാരണക്കാരായ നമ്മുടെ മാതാപിതാക്കളെയും പൂർവ്വികരെയും ഓർത്ത് അവരിലൂടെയും ദൈവത്തിനു നന്ദി പറയാം. വിശ്വാസത്തിന്റെ സാക്ഷികളായി അനുദിനം ജീവിക്കാൻ ശ്രദ്ധിക്കാം.

*ഫാ. തോമസ് പുതിയവീട്ടിൽ*

ഇപ്പോൾ നിങ്ങളും ദുഃഖിതരാണ്. എന്നാൽ അല്പസമയം കഴിഞ്ഞാൽ ഞാൻ നിങ്ങളുടെ അടുത്തേക്കു വരും. നിങ്ങളുടെ സന്തോഷം ഒരിക്കലും നഷ്ടപ്പെടാതിരിക്കാത്തതായി അപ്പോൾ നിങ്ങൾക്ക് അനുഭവപ്പെടും എന്ന് യേശു പറയുന്നു. ആ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തു മാറ്റുകയില്ല.

തുടർന്ന് അവരോട് അവിടുന്ന് ഒരു വലിയ സത്യം പറയുന്നു. ഇക്കാലമെല്ലാം എന്നോടൊപ്പം നിങ്ങൾ ജീവിച്ചിട്ട് എന്നോടോ എന്റെ നാമത്തിൽ പിതാവിനോടോ നിങ്ങൾ ഒന്നും ചോദിച്ചിട്ടില്ല. ഇനി നിങ്ങൾ പിതാവിനോട് ചോദിക്കുക; നിങ്ങൾക്കു കിട്ടും. യേശുവിന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുവാൻ അവിടുന്ന് അവരെ പരിശീലിപ്പിക്കുന്നു. പരസ്യ ശുശ്രൂഷയുടെ ആരംഭകാലത്ത് അവർ യേശുവിന്റെ പ്രാർത്ഥനാ സ്വഭാവം കണ്ട് തങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്നു പറയുന്നതായും, അവിടുന്ന് "സ്വർഗ്ഗസ്ഥനായ പിതാവേ..." എന്നു തുടങ്ങുന്ന പ്രാർത്ഥന അവരെ പഠിപ്പിക്കുന്നതായും നാം വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിൽ (അദ്ധ്യായം 11:1-9) വായിക്കുന്നുണ്ടല്ലോ. പക്ഷേ അവർ ചൊല്ലിയതായി നമ്മൾ കാണുന്നില്ല. ഇന്നും നമ്മളെ നോക്കിയാലും നമ്മുടെ കർത്താവ് ശ്ലീഹന്മാരോട് പറഞ്ഞതുപോലെയായിരിക്കും പറയുക. നമ്മുടെ ആവശ്യനേരത്ത് നമ്മുടെ കർത്താവിനോടും, കർത്താവ് പഠിപ്പിച്ചതും ആയ പ്രാർത്ഥനയാണോ ചൊല്ലുന്നത്? പകരം ആൾക്കാർ കൂടുന്നിടത്തും പ്രചാരണങ്ങൾ കൂടുതൽ ഉള്ളിടത്തും നേർച്ചകാഴ്ചകളും സമർപ്പണ വസ്തുക്കളുമായി പോകുകയാണോ, തീർത്ഥാടനം നടത്തുന്നുതാണോ, നമ്മുടെ പതിവും? എങ്കിൽ ശ്ലീഹന്മാരോട് പറഞ്ഞതുപോലെ നമ്മെയും അവിടുന്ന് കുറ്റപ്പെടുത്തും. വിശുദ്ധന്മാരുടെ ജീവിതമാകണം നമ്മുടെ അനുകരണ വിഷയം. ഇന്നു നമ്മുടെയെല്ലാം ശ്രദ്ധ അവരുടെ മാദ്ധ്യസ്ഥം തേടി ആവശ്യങ്ങൾ പെട്ടെന്നു നേടിയെടുക്കുകയാണ്. നമ്മുടെ കർത്താവിനോട് പ്രാർത്ഥിക്കാം, നമ്മുടെ ആവശ്യനേരത്ത്. പ്രത്യാശയോടെ.

*ഫാ. തോമസ് പുതിയവീട്ടിൽ*

## വിവാഹ ഒരുക്ക സെമിനാർ 2014

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**

**ഫോൺ 0469-2603968, 9446270259, 9447617877**

**തീയതി: മെയ് : 6, 7, 8, - 20, 21, 22**

**ജൂൺ : 10, 11, 12 - 24, 25, 26**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചുകൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ജിജോ ജോൺ, കോട്ടയം**

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചുകൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**കുഞ്ഞുഞ്ഞമ്മ, പാപ്പച്ചൻ, കൊച്ചുപുരയ്ക്കൽ**



### ഉപകാര സ്മരണ

**ജോസ് കാപ്പൻ & ഫാമിലി**
**കണ്ണൂർ**



### ഉപകാര സ്മരണ

**ഒരു വിശ്വാസി നെല്ലാട്**



### ഉപകാര സ്മരണ


**ഒരു വിശ്വാസി നെല്ലാട്**

# ബാലദീപം



**ജേക്കബ് മാത്യു പുനക്കുളം**

(എം.സി.സി.എൽ. ആനിമേറ്റർ, തിരുവല്ല അതിരൂപത)



ഒത്തിരി നല്ല ഓർമ്മകൾ സമ്മാനിച്ചുകൊണ്ട് ഒരു അവധിക്കാലം കൂടി നമ്മെ വിട്ടുപിരിയുകയാണല്ലോ. പുതിയ വർഷത്തെ നല്ല പ്രതീക്ഷയോടെ നമുക്ക് വരവേൽക്കാം. പരീക്ഷകളിൽ നല്ല വിജയം വരിച്ച എല്ലാ കൂട്ടുകാരെയും അഭിനന്ദിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിനായി പോകുന്ന കൂട്ടുകാർ പ്രാർത്ഥിച്ച് ദൈവഹിതം അനുസരിച്ച് തീരുമാനങ്ങളെടുക്കണം.

വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തകന്മാർ പറയുന്നത് എന്തെന്ന് നോക്കാം.

“ശരീരത്തിനും മനസ്സിനും ആത്മാവിനും ധരിക്കാൻ കഴിവുള്ള സൗന്ദര്യവും പൂർണ്ണതയും നൽകുന്നതെന്തോ അതാണ് ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം” (പ്ലേറ്റോ).

“ഭാവനാശേഷി വികസിപ്പിക്കലാണ് വിദ്യയെക്കാൾ നന്ന്” (ആൽബർട്ട് ഐൻസ്റ്റീൻ).

“സാമാന്യബുദ്ധിയില്ലാതെയുള്ള വിദ്യാഭ്യാസത്തെക്കാൾ ആയിരം മടങ്ങ് ഫലപ്രദമാണ് വിദ്യാഭ്യാസമില്ലാതെയുള്ള സാമാന്യബുദ്ധി”(ഇംഗർസോൾ).

നമ്മുടെ ബുദ്ധി മാത്രം വളർന്നിട്ട് കാര്യമില്ല. സാമാന്യബുദ്ധിയും പ്രായോഗികബുദ്ധിയും ഉണരണം. പ്രശ്നങ്ങൾ തിരിച്ചറിയാനും പരിഹരിക്കാനും കഴിയണം. സഹമനുഷ്യരെയും സഹജീവികളെയും അടുത്തറിയാനും സഹകരിച്ച് ജീവിക്കാനും പരിശീലിക്കണം. അറിവിനും കഴിവിനും ഒപ്പം മൂല്യങ്ങളിൽ അടിയുറച്ച ജീവിത ദർശനം ഉണ്ടാകണം. ദൈവാവബോധത്തിൽ വളരാനും ജീവിക്കുവാനും കഴിയണം. സ്നേഹനിധികളായി മാറണം.

തന്നെക്കാൾ കൂടുതൽ മാർക്കു വാങ്ങിക്കുന്നവരെ തന്റെ ശത്രുക്കളായി കാണാതെ അവരെ ബഹുമാനിക്കുവാനും സ്നേഹിക്കുവാനും സാധിക്കണം. ക്രിസ്തുവിന്റെ ജീവിതമായിരിക്കണം നമ്മുടെ മാതൃക.

“യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു (വി. ലൂക്കോസ് 2:52). ദൈവത്തെ സ്നേഹിച്ച്, മാതാപിതാക്കന്മാർക്ക് വിധേയപ്പെട്ടായിരിക്കണം കുട്ടികൾ വളരേണ്ടത്.

ജ്ഞാനിയായ സോളമന്റെ ഉപദേശം എന്തെന്ന് നോക്കാം.

“മകനെ എന്റെ ഉപദേശം വിസ്മരിക്കരുത്. നിന്റെ ഹൃദയം എന്റെ കല്പനകൾ പാലിക്കട്ടെ. അവ നിനക്ക് ദീർഘായുസ്സും സമൃദ്ധമായി ഐശ്വര്യവും നൽകും. കരുണയും വിശ്വസ്തതയും നിന്നെ പിരിയാതിരിക്കട്ടെ. അവയെ നിന്റെ കഴുത്തിൽ ധരിക്കുക. ഹൃദയഫലകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുക. അങ്ങനെ നീ ദൈവത്തിന്റെയും മനുഷ്യരുടെയും ദൃഷ്ടിയിൽ പ്രീതിയും സത്കീർത്തിയും നേടും (സുഭാഷിതങ്ങൾ 3:1-4).

എല്ലാ കൂട്ടുകാർക്കും പുതിയ അദ്ധ്യയന വർഷത്തിന്റെ വിജയാശംസകൾ നേരുന്നു.



# യൂത്ത് കോർണർ




**ഫാ. സന്തോഷ് അഴകത്ത്**

**എം.സി.വൈ.എം. തിരുവല്ല അതിരൂപത ഡയറക്ടർ**

പ്രിയ യുവജനങ്ങളേ,

ഈ ഉയിർപ്പു കാലത്തിൽ ഏതാനും ചില ചിതറിയ ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ. ക്രമവും ചിട്ടയുമില്ലാത്ത ഈ ചിന്തകൾ നിങ്ങൾ ജീവിതത്തിൽ സ്വീകരിച്ചാൽ നിങ്ങളുടെ ജീവിതത്തിന് ക്രമവും ചിട്ടയും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ക്രിസ്തീയ ജീവിതം പരിശുദ്ധ ത്രിത്വത്തോടൊപ്പമുള്ള ഒരു അനശ്വരമായ ജീവിതമാണ്. ദൈവം നമ്മെ സ്വർഗ്ഗത്തിൽനിന്നും ജീവിതമാകുന്ന ഒരു ബാഗും ഈ ലോകത്തിലേക്ക് ഷോപ്പിംഗിനായി അയച്ചിരിക്കുന്നു. അനുദിന ജീവിതത്തിൽ നാം എന്നും തന്നെ ഷോപ്പിംഗിനായി പോകാറുണ്ട്. കടയിൽ കയറി നമുക്ക് ഇഷ്ടപ്പെട്ട വസ്ത്രങ്ങളും ഭക്ഷണസാധനങ്ങളും ആഭരണങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും എല്ലാം നാം വാങ്ങുന്നു. ഓരോന്നും നാം വളരെ ശ്രദ്ധയോടെയാണ് വാങ്ങുന്നത്. കേടില്ലാത്ത ഭക്ഷണസാധനങ്ങളും നിറം മങ്ങാത്തതും പരിക്ക് പറ്റാത്തതുമായ വസ്ത്രങ്ങളും എല്ലാം നാം ശ്രദ്ധയോടെ വാങ്ങി നമ്മുടെ ബാഗിലാക്കി തിരികെ വീട്ടിൽ വന്നതിനുശേഷം നാം അവ ഉപയോഗിക്കുന്നു. വാങ്ങുന്ന സാധനങ്ങൾ കടയിൽ വച്ചുതന്നെ നാം ഉപയോഗിക്കുകയല്ല ചെയ്യുന്നത്. ഇതുപോലെ തന്നെയാണ് നമ്മുടെ ഈ ലോകജീവിതവും. ജീവിതമാകുന്ന ബാഗുമായി ഷോപ്പിംഗിനായി ഈ ലോകത്തിൽ വന്നിരിക്കുന്ന നാം നമ്മുടെ ജീവിതത്തിലേക്ക് ഈ ലോകമാകുന്ന കടയിൽനിന്ന് സ്നേഹം ക്ഷമ, സൗഹൃദം, കരുണം, ആർദ്രത, ദൈവഭക്തി തുടങ്ങിയ സ്വർഗ്ഗീയ ഗുണങ്ങൾ സ്വാംശീകരിക്കണം. ഷോപ്പിംഗ് കഴിഞ്ഞ് സ്വർഗ്ഗത്തിലേക്ക് തിരികെ പോകേണ്ടവരാണെന്ന ബോദ്ധ്യത്തോടുകൂടി വേണം നാം ഈ ലോകത്തിൽ ജീവിക്കാൻ.



യേശു സ്വർഗ്ഗത്തിൽനിന്നും ഈ ലോകത്തിലേക്ക് വന്നവനായിരുന്നു. ഇവിടെ നിന്ന് തിരികെ പോകണം എന്നും യേശുവിനും തികഞ്ഞ ബോദ്ധ്യം ഉണ്ടായിരുന്നു. ആ വിധത്തിലുള്ള ചിന്തയും ചെയ്തികളുമായിരുന്നു യേശുവിന്റേത്. എന്നാൽ നാമോ? മനുഷ്യന്റെ ജനനത്തോടൊപ്പം എഴുതപ്പെടുന്ന നമുക്ക് അറിയാവുന്ന ഏക സത്യം മരണമാണ്. എന്നാൽ ഈ ലോകത്തിലെ നമ്മുടെ ജീവിതം കാണുമ്പോൾ നമുക്ക് തോന്നും കോടാനുകോടി വർഷം നാം ഈ ലോകത്തിൽ ജീവിക്കും എന്നുള്ള മിഥ്യയായ ചിന്ത. സങ്കീർത്തകൻ പറയുന്നു; "മനുഷ്യജീവിതം 70 വർഷം ഏറിയാൽ 80", ഈ ചുരുങ്ങിയ കാലത്തിനിടയിൽ നാം ചിന്തിക്കാറുണ്ടോ എനിക്ക് തിരികെ പോകണമെന്ന്.

ലോകത്തിലെ നമ്മുടെ ജീവിതത്തിന്റെ നശ്വരതയും സ്വർഗ്ഗത്തിലെ നമ്മുടെ ജീവിതത്തിന്റെ അനശ്വരതയും മുമ്പോട്ടുള്ള ജീവിതയാത്രയിൽ ഏവർക്കും എന്നും പ്രചോദനമായിരിക്കട്ടെ.







# വിശുദ്ധ ഡോമിനിക് സാവിയോ

**തിരുനാൾ– മെയ് 6**

**ആൻസി തോമസ്, പുല്ലാട്**

യുവപ്രായത്തിൽ തന്നെ ക്രൈസ്തവ ജീവിതത്തിന്റെ ഒരു പൂർണ്ണ മാതൃക കാട്ടിതന്ന വിശുദ്ധനാണ് ഡോമിനിക് സാവിയോ. അഞ്ചുവയസ്സുമുതൽ തന്നെ കുർബാനയ്ക്കു സഹായിക്കാൻ അവൻ പഠിച്ചു. ഏഴാമത്തെ വയസ്സിൽ ആദ്യകുർബാന സ്വീകരിണം നടത്തി. ആദ്യകുർബാന സ്വീകരണത്തിൽ സാവിയോ എടുത്ത തീരുമാനമാണ് 'ഞാൻ ഇടയ്ക്കിടയ്ക്ക് കുമ്പസാരിക്കും, എന്റെ കുമ്പസാരക്കാരൻ അനുവദിക്കുന്നിടത്തോളം പ്രാവിശ്യം ഞാൻ ദിവ്യകാരുണ്യം സ്വീകരിക്കുന്നതാണ്, തിരുനാൾ ദിവസങ്ങൾ ഞാൻ വിശുദ്ധമായി ആചരിക്കും, ഈശോയും മാതാവുമാണ് എന്റെ സ്നേഹിതർ, പാപം ചെയ്യുന്നതിനെക്കാൾ നല്ലത് മരിക്കുന്നതാണ്.'



ഡോമിനിക്കിന് വൈദികൻ ആകണമെന്നായിരുന്നു ആഗ്രഹം. ഒരു ദിവസം ഡോമിനിക് വിശുദ്ധിയെ പ്പറ്റി ഒരു പ്രസംഗം കേൾക്കുവാൻ ഇടയായി. പ്രസംഗകൻ പ്രധാനമായും മൂന്ന് കാര്യങ്ങളാണ് അവതരിപ്പിച്ചിരുന്നത്: നമ്മൾ പുണ്യവാന്മാരാകണം എന്നുള്ളത് ദൈവനിശ്ചയമാകുന്നു; പുണ്യവാന്മാരാകുക വളരെ എളുപ്പമാണ്; പുണ്യവാന്മാർക്കു വലിയ സമ്മാനങ്ങൾ സ്വർഗ്ഗത്തിൽ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ പ്രസംഗം തീപ്പൊരിപോലെ ഡോമിനിക്കിന്റെ ഹൃദയത്തിൽ പതിച്ചു. വിശുദ്ധനാകാൻ കഴിയുമെന്നു അവൻ മനസ്സിലാക്കി. വിശുദ്ധനാകാൻ ദൈവത്തിന് വേണ്ടി ആത്മാക്കളെ സമ്പാദിക്കണമെന്ന മറ്റൊരുപദേശവും ആ ബാലനു കേൾക്കുവാൻ കഴിഞ്ഞു. ഈ ഉദ്ദേശത്തിന്റെ വെളിച്ചത്തിൽ "എന്റെ സഹപാഠികളെ മുഴുവൻ ദൈവത്തിനായി വീണ്ടെടുക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ എനിക്കു നന്തോഷമായേനെ" ഇതിനായി കൂട്ടുകാരെ ഉപദേശിച്ചു.

ദൈവദൂഷണം ആരെങ്കിലും പറയുന്നത് കേൾക്കുന്നത് ഡോമിനികിന് ഭയമായിരുന്നു. ഒരിക്കൽ കുട്ടികൾ കളിക്കുന്നിടത്ത് ഒരാൾ വന്ന് സംസാരിക്കുവാൻ തുടങ്ങി. അതുകേട്ട് മറ്റു കുട്ടികൾ അടുത്തുവന്നു. പെട്ടെന്ന് സംസാരത്തിന്റെ രീതി മാറി. മതത്തിനെതിരായും വൈദികർക്കെതിരായും സംസാരിക്കുവാൻ തുടങ്ങി. അപ്പോഴാണ് ഡോമിനിക് അവിടെ എത്തിയത്. കാര്യം മനസ്സിലാക്കിയ അവൻ കുട്ടികളെ അവിടെ നിന്നും പിന്തിരിപ്പിച്ചു. ആരും കേൾക്കാനില്ലാത്തപ്പോൾ അയാളും അവിടുന്ന് പോയി. പുണ്യവാനാകാൻ ഡോമിനിക് അന്യരിൽ നിന്നുണ്ടാകുന്ന എതിർപ്പുകൾ, മാനക്കേടുകൾ എല്ലാം ക്ഷമയോടെ സഹിച്ചു. നൊമ്പുകാലത്ത് ഉപവസിക്കാൻ ആഗ്രഹിച്ചു. എന്നാൽ അവന്റെ ഡയറക്ടർ വിവരം അറിഞ്ഞ് മുടക്കി. ഉറക്കത്തിൽ പോലും സുഖം ഉണ്ടാവരുതെ എന്നു കരുതി കിടക്കയിൽ ഇഷ്ടികകഷ്ണങ്ങളും മരകഷ്ണങ്ങളും കൊണ്ടു വന്നിട്ടു. അതും മേലധികാരികൾ മുടക്കി. പ്രായശ്ചിത്തപ്രവർത്തികൾ കൂടാതെ സ്വർഗ്ഗത്തിലെത്തുകയില്ല എന്നാൽ അതുചെയ്യാൻ അനുവാദവുമില്ല എന്ന് ചിന്തിച്ചു വിഷണ്ണനായി നിന്ന അവനോട് ഡോൺബോസ്കോ അച്ചൻ പറഞ്ഞു; അനുസരണം, അതാണു ദൈവം നിന്നോട് ആവശ്യപ്പെടുന്ന പ്രായശ്ചിത്തം.

ചെറുപ്രായത്തിൽ തന്നെ ഡോമിനിക്കിന് രോഗം പിടിപെട്ടു. മാതാപിതാക്കളുടെ പരിചരണം കൊണ്ടും ചികിത്സ കൊണ്ടും പ്രയോജനം ഉണ്ടായില്ല. അങ്ങനെ വളരെ ചെറുപ്പത്തിൽ തന്നെ വിശുദ്ധിയിലും വിശ്വാസത്തിലും മാതൃകയായിരുന്ന ഡോമിനിക് 1857ൽ പരലോകം പ്രാപിച്ചു. യുവപ്രായത്തിൽ ലോകത്തോടു വിടവാങ്ങിയ ഡോമിനിക്കിന്റെ ജീവിതം നമ്മുടെ യുവതലമുറയ്ക്ക് പ്രചോദനവും കാവലും ആയിരിക്കട്ടെ. •



ഫാ. എൽദോ മോഴശ്ശേരിൽ

# Tom Hanks is Forrest Gump




# ഫോറസ്റ്റ് ഗം

ഫോറസ്റ്റ് ഗം മനുഷ്യജീവിതത്തിലെ പോരാട്ട വീര്യത്തിന്റെയും ആത്മവിശ്വാസത്തിന്റെയും കഥയാണ് പറയുന്നത്. ഫോറസ്റ്റ് ഗം എന്നത് ഒരു മനുഷ്യൻ തന്റെ ബാല്യകാലം മുതൽ മദ്ധ്യവയസ്കനാകുന്നത് വരെ ജീവിതത്തിൽ ഉണ്ടാകുന്ന വിജയങ്ങളും സങ്കടപൂർവമായ അവസ്ഥകളെയും സന്തോഷത്തിന്റെ നിറഞ്ഞ അനുഭവങ്ങൾ ആക്കിത്തീർക്കുന്നതുമാണ് കഥ.

ആദ്യസീനിൽ നമ്മൾ കാണുന്നത് ഫോറസ്റ്റ് ഗം ഒരു ബസ് സ്റ്റോപ്പിൽ ഇരിക്കുന്നതായാണ്. അവിടെ വന്ന് ഇരിക്കുന്നവരോട് തന്റെ ജീവിതത്തിന്റെ വിജയഗാഥ പറയുന്ന ഫോറസ്റ്റ് ഗംമിനെ കണ്ടിട്ട് ചിലർ ആശ്ചര്യപ്പെടുകയും ചിലർ അവിശ്വസിക്കുകയും ചെയ്യുന്നു.

തന്റെ ബാല്യകാലത്തിൽ ഫോറസ്റ്റ് ഗം ശാരീരിക വൈകല്യമുള്ളവനായിരുന്നു. കാലിന് ബലമില്ലാത്തതിനാൽ കാലിന് കമ്പിയിട്ട് മുറുക്കിയാണ് അവൻ നടന്നിരുന്നത്. അവന്റെ പള്ളിക്കൂടത്തിലെ കുട്ടികൾ അവനെ നോക്കി പരിഹസിക്കുകയും വേദനിപ്പിക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്യുമായിരുന്നു.

ഒരിക്കൽ അവന്റെ സഹപാഠികൾ അവനെ ദ്രോഹിക്കാൻ ശ്രമിക്കുമ്പോൾ അവൻ വേഗത്തിൽ ഓടിയപ്പോൾ അവന്റെ കാലിലെ കമ്പി പൊട്ടിത്തകരുകയും അവന് വേഗം ഓടാൻ കഴിയുകയും ചെയ്യുന്നു. അവന്റെ കാലിന് ബലം പ്രാപിക്കുകയും ചെയ്യുന്നു. അവന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു അത്. ബുദ്ധിശക്തിയിൽ അവൻ വളരെ പിന്നോക്കമായിരുന്നു. പക്ഷേ അവനിലെ കായിക ക്ഷമത അവനെ പള്ളിക്കൂടത്തിലും പിന്നീട് യൂണിവേഴ്സിറ്റിയിലും വിജയം നേടാൻ സഹായിക്കുന്നു.



ഓട്ടത്തിലുള്ള അവന്റെ മികവ്, ഫോറസ്റ്റ് ഗംമിന് യൂണിവേഴ്സിറ്റി ഫുട്ബോൾ ടീമിലേക്ക് തെരഞ്ഞെടുക്കുവാൻ സഹായിച്ചു. അതിലും ഫോറസ്റ്റ് ഗം ഓൾ അമേരിക്കൻ ഫുട്ബോൾ പ്ലെയറായി തെരഞ്ഞെടുക്കപ്പെടുന്നു.

ബിരുദപഠനത്തിന് ശേഷം ഫോറസ്റ്റ് ഗം പട്ടാളത്തിൽ ചേർന്ന് വിയറ്റ്നാം യുദ്ധത്തിൽ പങ്കെടുക്കുന്നു. ആ ദിവസങ്ങളിലും യുദ്ധത്തിന്റെ കെടുതിയിലും അവന് പല സുഹൃത്തുക്കൾ ഉണ്ടാകുന്നു. അതിൽ ഏറ്റവും കൂടുതൽ അവനെ മനസ്സിലാക്കിയവർ ബഞ്ചമിൻ ബൂഫോർഡ് എന്ന ബൂബായും ലഫ്. ഡാൻ എന്നിവരുമാണ്. ബൂബ യുദ്ധത്തിനു ശേഷം ഫോറസ്റ്റിനോട് ചേർന്ന് ഒരു ബോട്ട് വാങ്ങി ചെമ്മീൻ ബിസിനസ്സ് തുടങ്ങാൻ പദ്ധതി ഇടുന്നു. പക്ഷേ യുദ്ധത്തിൽ ബൂബ കൊല്ലപ്പെടുന്നു.








ഫോറസ്റ്റ് ഗംമിന് യുദ്ധത്തിൽ പരുക്കേൽക്കുന്നു. അവന്റെ സുഹൃത്ത് ലഫ്. ഡാൻ യുദ്ധത്തിൽ ഗുരുതരമായി പരുക്കേൽക്കുകയും അവന്റെ രണ്ടു കാലുകളും മുറിച്ചു മാറ്റപ്പെടുകയും ചെയ്യുന്നു. ജീവിതത്തോട് തീർത്തും മടുപ്പും നൈരാശ്യവും തോന്നുന്ന ലഫ്. ഡാൻ തന്റെ ജീവിതം അവസാനിപ്പിച്ചു എന്ന രീതിയിൽ ജീവിതത്തെ കാണുകയും നയിക്കുകയും ചെയ്യുന്നു. ഫോറസ്റ്റ് ഗംമിന് രാഷ്ട്രപതിയിൽനിന്നും മെഡൽ ഓഫ് ഹോണർ ലഭിക്കുന്നു.

ഈ സമയത്താണ് അവന് ടേബിൾ ടെന്നീസിൽ കമ്പം വളരുന്നത്. അവൻ ദേശീയതലത്തിൽ പേര് എടുത്ത ഒരു ടേബിൾ ടെന്നീസ് താരമായി തീരുന്നു. രാഷ്ട്രപതി റിച്ചാർഡ് നിക്സൻ ഫോറസ്റ്റ് ഗംമിന് വാട്ടർഗേറ്റ് ഹോട്ടലിൽ ഒരു മുറി കൊടുക്കുന്നു. അവിടെ വെച്ച് പ്രസിദ്ധമായ വാട്ടർഗേറ്റ് അപവാദം വെളിച്ചത്തിൽ കൊണ്ടുവരാൻ ഫോറസ്റ്റ് ഗം സഹായിക്കുന്നു. അതോടെ അവന്റെ കീർത്തി കൂടുതൽ വളരുന്നു.

അവന്റെ ബാല്യകാലത്തെ കളിക്കൂട്ടുകാരിയെ അവൻ തേടിപോകുമ്പോൾ, അവൻ കാണുന്നത് അവന്റെ പ്രിയപ്പെട്ടവർ, മദ്യത്തിനും മയക്കുമരുന്നിനും അടിമയായി തീർന്നിരിക്കുന്നതായാണ്. ജന്നിയെ തിരിച്ച് ജീവിതത്തിൽ കൊണ്ടുവരാൻ അവൻ ശ്രമം തുടങ്ങുന്നു.

പട്ടാളത്തിൽ നിന്ന് പിരിഞ്ഞു വരുമ്പോൾ ലഭിക്കുന്ന തുകയും ടേബിൾ ടെന്നീസ് കളിയിൽനിന്ന് ലഭിച്ച തുകയും ഉപയോഗിച്ച് ഫോറസ്റ്റ് ഒരു ഫിഷിംങ്ങ് ബോട്ട് വാങ്ങി അതിന് 'ജന്നി' എന്ന പേരു നൽകി. മദ്യപാനിയും നൈരാശ്യത്തിൽ കഴിയുന്നവനുമായ സുഹൃത്ത് ലഫ്. ഡാനിനെ അവൻ തന്റെ ബിസിനസ്സ് പങ്കാളിയാക്കുന്നു. അവരുടെ ചെമ്മീൻ ബിസിനസ്സ് ഉത്തരോത്തരം വളരുന്നു. അവന്റെ സുഹൃത്ത് ലഫ്. ഡാൻ അവരുടെ സമ്പത്ത് ഒരു ഫ്രൂട്ട്സ് കമ്പനിയായ 'ആപ്പിൾ കമ്പ്യൂട്ടറിൽ' നിക്ഷേപിച്ച് അവർ കോടീശ്വരന്മാരായി തീർന്നു. ഫോറസ്റ്റ് ഗം മറക്കാതെ ഒരു വലിയ തുക ബൂബ എന്ന തന്റെ മരണമടഞ്ഞ സുഹൃത്തിന്റെ അമ്മയ്ക്ക് നൽകുന്നു.



ജന്നിക്കും ഫോറസ്റ്റിനും ഒരു ആൺകുഞ്ഞ് ജനിക്കുന്നു. കുറച്ചു നാളുകൾക്കുശേഷം ജന്നി മരണമടയുന്നു. ഫോറസ്റ്റ് ഗംമിന്റെ ദൗത്യം തന്റെ പുത്രനെ അവനെപ്പോലെ തന്നെ ജീവിതത്തോട് പോരാടി ജയിക്കുന്നവനായി തീർക്കുവാനാണ്.

ആദ്യത്തെ സീനിലെപോലെ തന്നെ ഫോറസ്റ്റ് ഗം തന്റെ പുത്രന്റെ കൂടെ ബസ് സ്റ്റോപ്പിൽ സ്കൂൾ ബസ് കാത്തുനിൽക്കുന്നു. ഇവിടെ സിനിമ അവസാനിക്കുന്നു. സ്കൂൾ തുറക്കാൻ ദിവസങ്ങൾ മാത്രം ശേഷിക്കവേ, കുട്ടികളുടെ കഴിവ് ബുദ്ധിശക്തിയിൽ മാത്രം കാണുകയും ഈ ലോകത്തിൽ പുസ്തകങ്ങളിൽ നിന്ന് നേടാത്തവർ രക്ഷപെടരുത് എന്ന ചിന്തയാണ് ഇന്നത്തെ വിദ്യാഭ്യാസ രംഗത്തിനുള്ളത്. എല്ലാ കുട്ടികൾക്കും ഇവിടെ തങ്ങളുടെ കഴിവും സർഗ്ഗശേഷിയും പ്രകടിപ്പിക്കുവാനുള്ള അവസരമുണ്ടാകണം.

ഫോറസ്റ്റ് ഗം തന്റെ ചുറ്റുമുള്ളവർക്ക് സന്തോഷവും നന്മയും നൽകിയതുപോലെ വിദ്യാഭ്യാസത്തിന്റെ അന്തിമലക്ഷ്യം എന്നത് ചുറ്റുമുള്ളതിനെ കൂടുതൽ മനോഹരമാക്കുക എന്നതായിരിക്കണം കുട്ടികളിലേക്ക് പകർന്നു നൽകേണ്ട അറിവ്. ഇന്ന് അറിവുകൾക്ക് ഒരു കുറവുമില്ല. വിരൽതുമ്പിൽ തന്നെ അറിവിന്റെ വലിയ പ്രപഞ്ചം തുറക്കപ്പെടുന്നു. പക്ഷേ അറിവ് ബുദ്ധിയുടെ തലത്തിൽ മാത്രം നിൽക്കുകയും ജീവിതസാഹചര്യങ്ങളിലേക്ക് വരുമ്പോൾ നേടിയ അറിവ് പുറത്തെടുക്കാൻ കഴിയാത്തവരാണ് പലരും. പഠിക്കുന്നത് നമ്മുടെ ജീവിതത്തിനും മറ്റുള്ളവരുടെ ജീവിതത്തിനും മാറ്റങ്ങൾ കൊണ്ടുവരാൻ സഹായിക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ പൂർണ്ണമാക്കുകയാണ് ചെയ്യുന്നത്.


ലോകത്തിന്റെ ഗതിവിഗതികളെ നിയന്ത്രിച്ചവർ പലരും ജീവിതത്തിന്റെ സമര മേഖലകളെ പോരാട്ട ഭൂമിയാക്കി തീർത്തവരാണ്.

നിങ്ങൾക്കും വിജയിക്കാം, നിങ്ങളുടെ ഉള്ളിലുള്ള പോരാട്ട വീര്യവും അഗ്നിയും കെടുത്തിക്കളഞ്ഞില്ലെങ്കിൽ......



# ഉൾക്കണ്ണ്

പണ്ടൊക്കെ രാവിലെ എഴുന്നേറ്റാൽ നേരെ ചെന്ന് കണ്ണാടിയുടെ മുമ്പിലൊന്ന് നില്ക്കും... മുഖത്തെ ക്ഷീണവും ഉറക്കച്ചടവും ഒക്കെ നോക്കി അതിന് പറ്റിയ ചില പരിഹാരനടപടികളും കഴിഞ്ഞ് ആയിരുന്നു ബാക്കി കാര്യങ്ങളിലേക്ക് കടന്നിരുന്നത്. കാലം മാറി! ഇപ്പോൾ മുഖം നോക്കാൻ നമുക്ക് കണ്ണാടി വേണ്ട. കട്ടിലിൽ നിന്ന് നേരേ പോകുന്നത് ആ കണ്ണാടിയിലേക്ക്..... പിന്നെ തിരച്ചിലും പരിഭവവും. ആരൊക്കെ എന്നെ ഓർത്തു, ആരൊക്കെ എന്റെ പുതിയ ഫോട്ടോകൾ ഇഷ്ടപ്പെട്ടു..... നിങ്ങളുടെ Face കാണുവാനും നിങ്ങളെപ്പറ്റി മറ്റുള്ളവർ പറയുന്നതും പറയാതെ പറയുന്നതും ഒക്കെ അറിയുവാനുള്ള പുതിയ കണ്ണാടി FACEBOOK.



തെറ്റിദ്ധരിക്കരുതേ! നന്മകൾ കാണാതെ തിന്മകളെ പർവ്വതീകരിക്കുകയാണെന്ന്. നന്മകളുടെ നീണ്ടനിരയിൽ ചില അപകടങ്ങളും പതിയിരിക്കുന്നു. വേണ്ട. ഉപദേശം വേണ്ട..... അതേ FACEBOOK ഉപയോഗിക്കുന്നവരും ഇതത്ര കാര്യമായി പരിഗണിക്കുമെന്ന് തോന്നുന്നില്ല.....കാരണം അമേരിക്കയിൽ ഉണ്ടാകുന്ന ദുരന്തവും അല്ലെങ്കിൽ ഇറാക്കിലെ യുദ്ധവും ഒക്കെ നാം അവിടെ ജീവിച്ചനുഭവിക്കും വരെ വെറും സാധാരണ ന്യൂസ് മാത്രമായി കടന്നുപോകും. അല്ലേ? അതിനാൽ FACEBOOK ൽ നോക്കി മുഖം കറുത്തു പോകാതിരിക്കാൻ ഒരു സിഗ്നൽ....ഒരു ഓർമ്മപ്പെടുത്തൽ.

മൂന്ന് വർഷം ഈ കണ്ണാടിയിലൂടെ നേരിട്ട് കാണാതെ പ്രണയം കരളിൽ ബാധിച്ച രണ്ടുപേർ.... അവർ ഫോട്ടോകൾ ലൈക്ക് ചെയ്തും കമന്റുകൾ എഴുതിയും അവരുടെ പ്രണയത്തിന്റെ കൊട്ടാരം പണിതുയർത്തിക്കൊണ്ടിരുന്നു. പിരിയാനാവാതെ അടുത്തപ്പോൾ ഇനിയെങ്കിലുമൊന്ന് കാണണമല്ലോ എന്ന് ഒരു തിരുമാനം..... അത് അനിവാര്യമാണല്ലോ അല്ലേ? ഒരു പക്ഷേ ആ ആദ്യ കാഴ്ച ചരിത്രത്തിൽ എഴുതി ചേർക്കേണ്ടതായിരുന്നു.... കാമുകൻ കൈയ്യിൽ കരുതിയ റോസാപുഷ്പത്തിന് പകരം കൊടുത്തത് തോക്കിലെ 2 വെടിയുണ്ടകൾ....... തീർത്തുകളഞ്ഞു..... കാമുകിയെ.... മൂന്ന് വർഷത്തെ പ്രണയത്തെ. ഇത് സിനിമയല്ല....സംഭവിച്ചത് അമേരിക്കയിലുമല്ല..... നമ്മുടെ ഈ കൊച്ചുകേരളത്തിൽ. ഭ്രാന്താണെന്ന് തോന്നുന്നില്ലേ? എന്നാൽ അങ്ങനെ തോന്നാൻ വരട്ടെ.... പറയുവാനും ചോദിക്കുവാനുമൊന്നും തീരെ സമയമില്ലായിരുന്നു. എങ്ങനെ വെടിവെയ്ക്കാതിരിക്കും കാരണം കാമുകിയുടെ സ്ഥാനത്ത് തന്റെ അമ്മയെക്കാൾ പ്രായമുള്ള 3 കുട്ടികളുടെ അമ്മ.... ഒരു പക്ഷേ ഈ വാർത്ത നിങ്ങളുടെ കണ്ണുകളിലും തട്ടിനടന്നുപോയതാവാം. പിന്നിട് FACEBOOK പരിശോധിച്ചപ്പോഴല്ലെ പാവം കാമുകി തന്റെ ജീവനെടുത്ത റിവോൾവറിന്റെ ചിത്രങ്ങൾക്ക് പോലും ലൈക്ക് കൊടുത്തിരുന്നു. പാവം.....തോക്കു കൈയ്യിലുള്ളവന്റെ അരികിൽ കളിക്കുമ്പോൾ ശ്രദ്ധിക്കണ്ടേ.?

●



# MAR EPHRAEM
## COLLEGE OF ENGINEERING AND TECHNOLOGY
MARTHANDAM
(Catholic Diocese of Marthandam)
Approved by AICTE, Delhi & Anna University, Chennai

**Courses**

B.E. Mechanical Engineering
B.E. Civil Engineering
B.E. Electronics & Communication Engineering
B.E. Electrical & Electronics Engineering
B.E. Computer Science & Engineering
M.E. Computer Science & Engineering
M.E. Applied Electronics
M.E. Manufacturing Technology

**Fecilities**

* Spiritual formation through daily Holy Mass, Prayer & Jesus youth.
* Experienced and dedicated faculty with post doctoral research and industrial experience.
* World Class Classrooms connected to a centralized e-learning data center on campus.
* Global connectivity to all the students via 24hr Wi-Fi access.
* Modern library with e-access to various international Journals.
* Most modern Language lab. * Helth club
* Cafeteria and mess with delicious and nutritious food (Kerala taste)



*Admission in 1st year & Direct 2nd year (Later Entry) * Campus Placement Assistance

FOR ADMISSION CONTACT:
**Mr. TONEY KURIEN** (Admission Officer): 9447413790, 09444713790 (T.N)






# GIAL GIRIDEEPAM INSTITUTE OF ADVANCED LEARNING
Approved by AICTE & Affiliated to Mahatma Gandhi University, Kottayam
Bethany Hills, Post Box No. 9, Kottayam -10

GIAL Guiding Towards Excellence & Professionalism

# MBA
Marketing, Finance, IT, HR, International Business & Production Management

Eligibility: Any Degree with minimum 50% Marks
A valid CAT, XAT, MAT OR CMAT SCORE

100% Placement Assistance

Other Courses

**B.Com** Computer Application
**BCA** (Approval awaited)
**B.Com** Taxation
**M.Com** Finance & Taxation
**B.B.A**
**M.Com** Banking & Insurance
**B.A English**


Bethany Hills, Vadavathoor P.O., Kottayam - 686010
Ph: 0481 - 2574295, 2307295, 8281866704
E-mail: girideepamcollege@gmail.com Website: www.girideepamcollege.org

Date of Publication: 30-04-2014 **AIKYADEEPAM MONTHLY** REG. NO. G/KL/TLA/40/2012-14
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 R.N.I. 35982/90
Licenced to Post without Pre Payment No. KL/TLA/WPP/112/12-14 May 2014



## Unique features of BCN

- Ragging Free Campus
- Wi-Fi Green Campus with in the city
- Sophisticated Class Rooms & Labs
- Well Structured Library & Computer lab
- Excellent & Experienced Faculty
- National Conferences & Workshops
- Multi Specialty Hospital facility
- Tie-up with Apollo, Care, Max, Fortis Hospitals
- Affiliated to CCNCA, XBHE, AIOH, AIEACH
- IELTS Coaching for Abroad Job
- Special English Coaching
- Guaranteed Placements in India & Aboard
- Affordable Fee Structure
- Banking & ATM Facilities
- Safe Hostel Facilities inside the Campus
- Round the Clock Security Service
- Excellent Mess Facility
- Air Cooled Hostel Rooms







# Bethany College of Nursing, Bhilai

*Managed by Bethany Fathers*

Recognised by Indian Nursing Council & C.G. Nursing Council, Raipur
Affiliated to C.G. Ayush and Health Science University, Raipur

**BORSI, DURG, CHHATTISGARH, 491001**

**Tel: 0788 - 2329949, 2344025**
**07566661234, 08349764658**
**Email: bethanycollegeofnursing@gmail.com**
**www.bcn-bhilai.com**

**Admission Open for 2014-2015 Session**

# B.Sc. Nursing (4 years)

# M.Sc. (2 years)

( CHN, MHN, MSN, PED.N, CHN, OBG)

*Application are available from 15th April on wards in all Bethany Institutions:*



**Mount Bethany School**
Mylapra, Pathanamthitta. Mob: 08289864528

**Girideepam Bethany School**
Vadavathoor, Kottayam. Tel: 0481-2578789

**Cherupushpa Bethany School**
Chunakkara Alappuzha. Mob:09459922765

**Mar Ivanios Bethany School**
Kalayapuram, Kottarakkara. Mob:09497377517

**Navajeevan Bethany Vidyalaya**
Nalachira, TVM-15. Mob: 7566661234

FORMING NURSES WHO CARE WITH CHARITY & COMMITMENT

*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Dr. Thomaskutty Pathinettil.*